
# ആറാം
# പൗലോസ് മാർപ്പാപ്പാ



# ആറാം
# പൗലോസ് മാർപ്പാപ്പാ

ഗ്രന്ഥകർത്താവ്

ഫാ. സെബാസ്റ്റ്യൻ പുല്ലോപ്പിള്ളി

LIBRARY
15267

പ്രസാധകർ

ദീപിക പബ്ലിഷേഴ്സ്

കോട്ടയം

Malayalam
Aram Paulose Marpapa
By Fr. Sebastian Pulloppilly
Published by
Deepika Publishers
Copy right
Deepika, Kottayam.
Copies 2000
Price 75 Ps.

M/209.22
PUT

Printed at the Deepika Press, Kottayam.

സൽഗുണസമ്പൂർണ്ണനും

എന്റെ

സഹപാഠിയും വിദ്യാവിചക്ഷണനുമായ

വികാരിജനറാൾ

**റൈററ് റവ. മോൺ· മാത്യു വെള്ളാങ്കൽ**

അവർകളുടെ

പാദാരവിന്ദങ്ങളിൽ

സമർപ്പിതം.

**ഗ്രന്ഥകർത്താവ്**

Nihil obstat

V. R. Fr. John Vallamattam
V. R. Fr. George Punchakunnel

Imprimatur

+ Mathew Pothanamuzhi
Bishop of Kothamangalam
23-8-'64

# രണ്ടു വാക്കു്

കാലം കഴിഞ്ഞുപോകുന്തോറും അതിൻേറതായ ചില പ്രത്യേകതകഠം പ്രത്യക്ഷപ്പെട്ടുകൊണ്ടിരിക്കുന്നു. കഴിഞ്ഞകാലങ്ങളിൽ മനുഷ്യൻ കുറെയെല്ലാം കേട്ടുവിശ്വസിക്കുമായിരുന്നു. സ്ഥാനമാനങ്ങളെ തീരെ അവഗണിക്കുമായിരുന്നില്ല. അന്നു് മജിസ്ട്രേററ് എന്നു കേട്ടാൽ, ബി. എ. ക്കാരനെന്നു കേട്ടാൽ അവരേതു തരക്കാരെന്നു ചിന്തിച്ചുനിൽക്കാതെ, അവർ നല്ലവരോ അല്ലാത്തവരോ എന്നു് വിവേചിച്ചറിയാൻ മെനക്കെടാതെ, സാധാരണ ജനങ്ങഠം അവരെ ബഹുമാനിക്കുമായിരുന്നു. എന്നാൽ ആ രീതി ഇന്നു വളരെ മാറിപ്പോയി. ആളടുത്തറിയണം; അയാളുടെ വ്യക്തിപ്രഭാവം തട്ടിച്ചുനോക്കണം; എന്നിട്ടു മാത്രമേ സാധാരണജനങ്ങഠംപോലും ബഹുമാനിക്കുവാനും സ്നേഹിക്കുവാനും തുടങ്ങുകയുള്ളൂ. നിസ്വാത്ഥതയും സേവനസന്നദ്ധതയും എവിടെക്കണ്ടാലും അവിടെയെല്ലാം ആളുകഠം ഇന്നു് തടിച്ചുകൂടുകയായി. ഈ പ്രത്യേകത ഇക്കാലത്തിൻേറതായ ഒരു സൂചനയാണു്. ഭാവിയിലേക്കു് നാം സ്വീകരിക്കേണ്ട ചില പാഠങ്ങളുടെ പദ്ധതിയാണിതു്.

കാലധമ്മത്തിൻേറ ഈ മാററം ഇന്നത്തെ അച്ചടക്കരാഹിത്യത്തിനു കുറെ വളം വച്ചുകൊടുത്തിട്ടുണ്ടു്. അതുകൊണ്ടു് അച്ചടക്കരാഹിത്യം, അധികാരവിദ്വേഷം എന്നിത്യാദിദുർഗ്ഗുണങ്ങഠം ദൂരീകൃതമാകണമെങ്കിൽ അധികാരികളേയും സ്ഥാനമാനിതരേയും അടുത്തറിയുവാൻ എല്ലാവക്കും അവസരം നൽകണം. അതിനുള്ളൊരുപാധിയാണല്ലൊ ജീവചരിത്രങ്ങഠം.

പ. പിതാവു് ആറാംപൗലോസ്മാപ്പാപ്പാ, അദ്ധ്യാനശീലനും, അതീവഭക്തനും, അസാമാന്യ പണ്ഡിതനും,

പൊതുജനസമ്മതനുമാണു്. അദ്ദേഹത്തിന്റെ താദൃശഗുണഗണങ്ങൾ തന്റെ ഭരണീയക്കു സുവിദിതമാക്കിക്കൊടുക്കേണ്ടതു് മുകളിൽപറഞ്ഞ കാരണങ്ങളാൽ അവശ്യാവശ്യമാകുന്നു. അതാണു് എന്റെ ഈ വിനീതശ്രമം മൂലം സാധിക്കുവാൻ ഉദ്ദേശിക്കുന്നതു്. ഈ ഉദ്ദേശം എത്രമാത്രം സഫലമായെന്നു് വായനക്കാർ തീരുമാനിക്കട്ടെ.

ഈ ചെറുഗ്രന്ഥം തയ്യാറാക്കുവാൻ സഹായിച്ച സ്നേഹസഹോദരിമാർക്കും, ഇതിനെ മോടിപിടിപ്പിച്ച എന്റെ പ്രിയപ്പെട്ട സതീർത്ഥ്യൻ റവ. ഡോ. വറുഗീസ് പഴേമഠം അവർകൾക്കും, ഇതിന്റെ പ്രസാധനം സസ്നേഹം സാധിച്ചുതന്ന ദീപികപ്രസ്സ് മാനേജർ റവ. ഫാ. അനനിയാസ് സി. എം. ഐ. അവർകൾക്കും എന്റെ വിനീതമായ കൂപ്പുകൈ.

കാളിയാർ,

10-9-64

എന്നു്


ഗ്രന്ഥകർത്താവു്



കുശാഗ്രബുദ്ധിയായ യുവവിദ്യാർത്ഥി



ഊർജ്ജസ്വലനായ യുവവൈദികൻ



മിലാൻ മെത്രാപ്പോലീത്താ
തൊഴിലാളികളുടെ പിതാവ്"




ത്രിമകുടം
(Tiara)



പിതാവ്
ജോർജിയോ മൊന്തീനി



മാതാവ്
മാഡം ജൂഡിററാ



ജനിച്ച വീട്

# ആറാം പൗലോസ് മാർപ്പാപ്പാ

## അദ്ധ്യായം ഒന്നു്

## ബാല്യവും വിദ്യാഭ്യാസവും

മഹാന്മാരുടെ കാലടിപ്പാടുകളെ അനുഗമിക്കുവാനും തദ്വാരാ അവരുടെ ജീവിതചെയ്തികളെ അനുകരിക്കുവാനും മനുഷ്യനു് കരുത്തും കൈവീരുത്തും കൈവരുത്തുകയാണു് മഹച്ചരിതങ്ങളുടെ ഉദ്ദേശം. സാധാരണ ഗതിയിൽ കണ്ണും കാതും എത്തുന്നിടത്തു് കൈയും കാലും ചെല്ലാറില്ല. പലതും അനുകരിക്കുവാൻ മനുഷ്യനു് കൗതുകം തോന്നാറുണ്ടു്. എന്നാൽ അവയിൽ ചിലതെങ്കിലും അനുകരിക്കുന്നവർ വിരളമാണു്. അതുകൊണ്ടാണു് ലോകത്തിൽ മഹാന്മാർ ദുർലഭമായിരിക്കുന്നതു്. അക്കാരണത്താലാണു് ലോകം ആശിക്കുന്നവിധം അഭിവൃദ്ധിപ്പെടാത്തതും.

എന്നാൽ ലോകത്തെ പ്രകാശിപ്പിക്കുന്നതു് മഹത്തുക്കളുടെ മാനനീയഗുണങ്ങളും അനുകരണീയാദർശങ്ങളുമാണു്. കൂരിരുട്ടത്തു് നടുക്കടലിൽ വഴി തെററിച്ചുററിത്തിരിയുന്ന കപ്പലുകാക്കു് ദീപസ്തംഭമെന്നപോലെ ഉന്നതാദർശവെളിച്ചം വെട്ടിത്തിളങ്ങുന്ന മഹച്ചരിതങ്ങളിലേക്കു് മാർഗ്ഗഭ്രംശം ഭവിച്ച മനുഷ്യർ എത്തിച്ചേരുന്നു. അത്തരം മ

ഹാത്മക്കളെ, കടലിൽനിന്നു രത്നങ്ങൾ എന്നപോലെ മനുഷ്യൻ തേടിത്തിരഞ്ഞെടുത്തു് സമുന്നതസ്ഥാനത്തു് സ്ഥാപിക്കുന്നു.

മേൽവിവരിച്ച ആശയശകലങ്ങളുടെ വെളിച്ചത്തിൽ നോക്കുമ്പോൾ, കേവലമൊരു ദുർബലശിശുവായി ലോകരംഗത്തു പ്രവേശിച്ച അന്നുമുതൽ മിശിഹായുടെ അരുമശിഷ്യപ്രധാനൻെറ അലൌകികസിംഹാസനത്തിൽ ആരൂഢനാകുന്നതുവരെ ഇപ്പോഴത്തെ മാർപ്പാപ്പാ അനുഭവിച്ചിട്ടുള്ള ബുദ്ധിമുട്ടുകളും, കടന്നുപോന്നിട്ടുള്ള കുറുക്കുവഴികളും, ചെയ്തിട്ടുള്ള ഭഗീരഥപ്രയത്നങ്ങളും,കാണിച്ചിട്ടുള്ള ബുദ്ധിസാമർത്ഥ്യവും, പ്രകടിപ്പിച്ചിട്ടുള്ള പ്രായോഗികവൈഭവവുമെല്ലാംചുരുക്കത്തിൽപ്രതിപാദിക്കുന്നതു്മുകളിൽസൂചിപ്പിച്ചതുപോലെ ലോകോപകാരപ്രദമായിരിക്കുമല്ലോ.

പ. പിതാവു് പോൾ ആറാമൻ തിരുമനസ്സുകൊണ്ടു് ഭൂജാതനായതു് 1897 സെപ്റ്റംബർ 26-ാംതീയതിയാണു്. പിതാവു് സത്യസന്ധനായ ഒരു അഭിഭാഷകനും, പ്രസിദ്ധനായൊരു പത്രപ്രവർത്തകനുമായിരുന്ന ജോർജിയോ മൊന്തീനി (Giorgio Montini) യും മാതാവു് ഭക്തയും, ബ്രേഷിയാ രൂപതയിലെ കാത്തലിക്ക് വനിതാസംഘത്തിൻെറ പ്രസിഡൻറുമായിരുന്ന ജൂഡിററാ അാംഘിസി (Giuditta Alghisi) യുമാണു്. ജോർജിയോ വക്കീൽ മൂന്നുപ്രാവശ്യം പാർലമെൻറംഗമായി സേവനമനുഷ്ഠിച്ചിട്ടുണ്ടു്.

ആ മാസം 30-ാംതീയതി കുട്ടിക്കു് ജ്ഞാനസ്നാനം നൽകപ്പെട്ടു. ജനിച്ചിട്ടു് 4-ാംദിവസം അദ്ദേഹം, ഭാവിയിൽ ഭരിക്കുവാൻ പോകുന്ന സഭയുടെ അംഗമായിത്തീർന്നു. ജിയോവാന്നി ബാററിസ്റ്റാ ((John Baptist) എന്നാണു് അദ്ദേഹം പേർ വിളിക്കപ്പെട്ടതു്. കൊൺചേസിയോ (Concesio) യുടെ വികാരി, ഫാ. ജിയോവാന്നി ഫിയോറിനി (Giovanni Fiorini) ആയിരുന്ന കാർമ്മികൻ; തലതൊട്ടപ്പൻ നിയമജ്ഞനായ എൻറിക്കൊ ദെ മൻസോണിയും (Enrico the Manzoni)

സുസ്മരണാർഹനായ 23-ാം യോഹന്നാൻ മാർപ്പാപ്പായുടെ ജന്മദേശമായ സോത്തോ ഇൽ മോന്തേ (Sotto

Il Monte) യിൽ നിന്നും ഏകദേശം 60 മൈൽ ദൂരെയുള്ള ബ്രേഷിയാ (Brescia) എന്ന രൂപതയിൽപെട്ടോരിടവകയാണ് കൊൺചേസിയോ (Concessio) വടക്കേ ഇററലിയിലുള്ള ലൊബാർഡി (Loubardy) പ്രോവിൻസിൽപ്പെട്ട മിലാൻ അതിരൂപതയുടെ രണ്ടു സാമന്തരൂപതകളാണ് ബ്രേഷിയായും ബർഗാമോയും. ബ്രേഷിയാ ഇപ്പോഴത്തെ മാർപ്പാപ്പായേയും ബർഗാമോ ദിവംഗതനായ പ. പിതാവ് യോഹന്നാൻ മാർപ്പാപ്പായേയും പുറപ്പെടുവിച്ചു എന്നതു് പ്രസ്താവയോഗ്യമാണ്. അടുത്തടുത്തുള്ളസാമന്തരൂപതകളിൽ ഏകദേശം സമാന്തരമായ ഭൂപ്രകൃതിയുടെ സാഹചര്യങ്ങളിൽ ജനിച്ചവരുന്ന ഈ ആധുനിക മാർപ്പാപ്പാമാരിരുവരും സ്വഭാവത്തിലും സാമർത്ഥ്യത്തിലും വൈകാരികപ്രകൃതിയിലുമെല്ലാം സാധാരണഗതിയിൽ വിഭിന്നരായിരിക്കുവാൻ പാടില്ലാത്തതാണല്ലോ.

ബ്രേഷിയാപട്ടണത്തിലായിരുന്ന മൊന്തീനികുടുംബക്കാരുടെ സ്ഥിരവാസതിയെങ്കിലും അവിടെനിന്നു് ഏകദേശം ആറു മൈൽ അകലെ പ്രകൃതിയുടെഅകൃത്രിമസൗന്ദര്യം നിറഞ്ഞുനിൽക്കുന്ന കൊൺചേസിയോ എന്ന ഗ്രാമപ്രദേശത്തു് അവക്കൊരു വേനൽക്കാലവസതിയുണ്ടായിരുന്നു. തന്റെ രണ്ടാമത്തെ പുത്രൻ ഗർഭസ്ഥിതനായിരുന്നപ്പോഴും, ആരോഗ്യപരമായ കാരണങ്ങളാൽ മിസ്സിസ്സ് ജൂഡിററാ മേൽപ്പറഞ്ഞ സ്ഥലത്തേക്കു പോയി. അതുകൊണ്ടാണ് ഇന്നത്തെ മാർപ്പാപ്പായുടെ ജനനസ്ഥലമാകാൻ കൊൺചേസിയോയ്ക്കു് ഭാഗ്യമുണ്ടായതു്.

അടുത്തതായി എടുത്തുപറയാനുള്ളതു് മൊന്തീനികുടുംബത്തെപ്പററിയാണ്. ഉറവ നന്നായിരുന്നാൽ അതിൽ നിന്നൊഴുകുന്ന ജലവും ശുദ്ധമായിരിക്കും. അതുപോലെ കുടുംബസാഹചര്യങ്ങൾ നന്നായിരുന്നാൽ അതിലെ അംഗങ്ങളും സൽസ്വഭാവികളായിരിക്കുമെന്നതിന് രണ്ടുപക്ഷമില്ല. മിസ്റ്റർ ജോർജിയോമൊന്തീനി മുകളിൽപ്പറഞ്ഞതുപോലെ ഉത്തരഇററലിയിലുള്ള ഒരു ഇടനിലക്കുടുംബത്തിൽപ്പെട്ട ഒരു അഭിഭാഷകനും, "പൗരൻ" എന്ന പ്രസിദ്ധീകരണത്തിന്റെ പത്രാധിപരും ആയിരുന്നുവെന്നതിനുംപുറമേ ഒരു നല്ല ബാങ്കിംഗ് പ്രവർത്തകനും മൂന്നു പ്രാവ

ശ്യമായി 15 വർഷത്തേക്ക് പാർലമെൻറംഗവുമായിരുന്നു; അതോടൊപ്പം നല്ലൊരു കത്തോലിക്കനും. മി. ജോർജ് മൊന്തീനി 19-ാംനൂററാണ്ടി (1861-ൽ) ലാണ് ജനിച്ചുവളർന്നതെങ്കിലും അത്ഥത്തിൽ അദ്ദേഹമൊരു പുരോഗമനവാദിയായിരുന്നു. പീയെഡ്മോണ്ടി (King of Piedmont) ലെ രാജാവ് റോമാപ്പട്ടണം കീഴടക്കിയതിനാൽ പേപ്പൽരാജ്യങ്ങൾ പ. പിതാവിനു നഷ്ടപ്പെട്ടു. സഭയുടെ അവകാശങ്ങളെ രാഷ്ട്രം നിഷേധിച്ചപ്പോൾ പ്രതിഷേധിക്കാതിരിക്കുവാൻപാടില്ലാതെ പലരും കുഴങ്ങി. അതോടൊപ്പം കത്തോലിക്കർ രാജഭക്തിയിൽ അദ്വിതീയരാണുതാനും. പത്രപ്രവത്തകനായ മൊന്തീനി, കത്തോലിക്കാസഭയുടെ അവകാശങ്ങൾക്ക്, രാഷ്ട്രീയ നേതാക്കന്മാർ നിരോധനം ഏൎപ്പെടുത്തിയപ്പോളെല്ലാം അവയ്ക്കെതിരായി തൻെറ പത്രംമൂലവും സ്വാധീനംകൊണ്ടും സമരസന്നദ്ധത പ്രകടിപ്പിച്ചിരുന്നു. അതുകൊണ്ടാണ് ഇക്കഴിഞ്ഞ വർഷം തന്നെ സന്ദശിച്ച പത്രപ്രവത്തകരോട് പത്രപ്രവത്തനം മഹത്തായ ഒരു ദൗത്യമാണെന്ന് പ. പിതാവ് ശ്ലാഘിച്ചതു്. സഭയും രാഷ്ട്രവും തമ്മിൽ ഇററലിയിൽ യോജിപ്പിലെത്തുന്നതുവരെ പാർലമെൻറിലെ ഒരു കത്തോലിക്കാമെമ്പറിനു് ഒരു പാർട്ടിയിലും ചേരാൻ പാടില്ലാത്ത അവസ്ഥയായിരുന്നു അനുഭവപ്പെട്ടിരുന്നതു്. ഡോൺ സ്ററൂർസോ (Don Sturzo) പോപ്പുലർ പാർട്ടി (Popular party) ആരംഭിക്കുന്നതുവരെ കത്തോലിക്കന്ന് യോജിച്ചു പ്രവൃത്തിക്കാൻ തക്ക ഒരു പാർട്ടിയും ഇററലിയിലുണ്ടായിരുന്നില്ലാ. പ്രസ്തുത പാർട്ടി പ്രഖ്യാപിതമായപ്പോൾ മൊന്തീനി അതിൽ ചേർന്നു. പുരോഗമനപരവും ആദശ്ശുദ്ധവും സ്വാത്ഥരഹിതവുമായ പ്രവത്തനംമൂലം മി. മൊന്തീനി അന്നത്തെ ഒരു പ്രമുഖവ്യക്തിയായിത്തീർന്നു. തൻെറ പിതാവിൽ വിളങ്ങിയിരുന്ന ഇപ്രകാരമുള്ള ഉന്നതാദശ്ങ്ങളും രാഷ്ട്രീയകാര്യങ്ങളിലുള്ള അഭിരുചിയും തൽഗ്ഗുണങ്ങളും ജിയോവാന്നിയിലും സൽപ്രേരണ ചെലുത്തിയിട്ടുണ്ടെന്നു് പിന്നീട് തെളിഞ്ഞുകൊള്ളും. മി. മൊന്തീനി, ബ്രേഷിയായിലെ ഡപ്യൂട്ടിമേയർ, പ്രൊവിൻഷ്യൽ കൗൺസിലി

ലെ പ്രസിഡൻറു എന്നീ സ്ഥാനങ്ങൾ വഹിച്ചിട്ടുണ്ട്. സർവ്വോപരി മി. ജോർജ് മൊന്തീനി നല്ലൊരു കത്തോലിക്കനായിരുന്നു എന്ന് 1963 ജൂൺ 22-ാംതീയതി വത്തിക്കാനിലെ അർദ്ധൗദ്യോഗികനാവായ ഒസ്സർവാത്തോരെ റൊമാനോ (Osservatore Romano) പ്രസ്താവിക്കുന്നു.

അദ്ദേഹം, പ്രസിദ്ധീകരണസ്വാതന്ത്ര്യം കത്തോലിക്കാസമുദായത്തിൻെറ അടിസ്ഥാനതത്വങ്ങളെന്നിവയെ മുറുകെപ്പിടിച്ചു വാദിച്ചതിനാൽ മുസ്സോലിനി 1925-ൽ അദ്ദേഹത്തിൻെറ പത്രം നിരോധിച്ചു. അപ്പോൾ മൊന്തീനി രാഷ്ട്രീയത്തിൽനിന്നും പിൻവാങ്ങി കത്തോലിക്കാപ്രവർത്തനത്തിൽ പ്രധാനമായി ശ്രദ്ധ ചെലുത്തുവാൻ തുടങ്ങി. അദ്ദേഹത്തിൻെറ കത്തോലിക്കാത്രപിയെപ്പറ്റി അറിഞ്ഞ പ. പിതാവ് 15-ാം ബനഡിക്തോസ് മാർപ്പാപ്പാ (1914-1922) മി. മൊന്തീനിയെ ഇററലിയിലെ കത്തോലിക്കാപ്രവർത്തനസംഘത്തിൻെറ ഡയറക്ടറായി നിയമിച്ചു. സ്വാതന്ത്ര്യം കിട്ടുമ്പോൾ തൻെറ പത്രം പുനരാരംഭിക്കാമെന്ന് പ്രതീക്ഷിച്ചിരുന്ന അദ്ദേഹം രണ്ടാംലോകമഹായുദ്ധം കഴിഞ്ഞ് സ്വാതന്ത്ര്യം പ്രഖ്യാപിക്കപ്പെടുന്നതിനു മുമ്പ് 1943-ൽ ദിവംഗതനായി.

കഥാനായകൻെറ മാതാവായ ജൂഡിററാ, വേറോലാവെച്ചിയാ (Verolavecchia) യിലാണ് ജനിച്ചതെങ്കിലും അവൾ വിദ്യാഭ്യാസം ചെയ്തത് മിലാനിൽ മർസെലൈൻ സഹോദരിമാരുടെ കീഴിലാണ്. അതിനാൽ "ഒസ്സർവാത്തോരെ" പറയുന്നതുപോലെ "അവൾ ഒരു കത്തോലിക്കാവനിതയും സ്നേഹമുള്ള ഭാര്യയും ഉത്തമയായ മാതാവും കൂറുള്ള കുടുംബിനി"യുമായിരുന്നു. ജൂഡിററായും 1943-ൽ ചരമം പ്രാപിച്ചു.

പ. പിതാവിനു് രണ്ടു സഹോദരന്മാരുണ്ട്; ഒരാൾ ജ്യേഷ്ഠനും മറേറ ആൾ അനുജനും. ജ്യേഷ്ഠസഹോദരൻ, ലുഡോവിക്കൊ, ഒന്നാംകിടയിൽ നിൽക്കുന്ന അഭിഭാഷകനും, ഇററലിയിലെ ഒരു സെനററുമാണ്. 68 വയസ്സു പ്രായമുണ്ട്, ഏഴു മക്കളുടെ ഉത്തമനായ പിതാവുമാണ്. ഇളയ സഹോദരൻ ബ്രേഷിയായിലെ ഉത്തമനായ ഒരു

ഡാക്ടറാണു്. 64 വയസ്സു പ്രായമുണ്ടു്; രണ്ടു പുത്രിമാരുടെ പിതാവുമാകുന്നു.

ഇവരെല്ലാവരും പരസ്പരം സ്നേഹിച്ചും സഹായിച്ചും മാതൃകാപരമായൊരു കത്തോലിക്കാകുടുംബത്തിനു് അനുയോജ്യമായ അരൂപിയിലും പുണ്യത്തിലും വളർന്നുവരുന്നതുകണ്ടു് അവരുടെ പ്രിയപ്പെട്ട അയൽക്കാർ അവർക്കു അഭിനന്ദനങ്ങൾ ആശംസിക്കുന്നുണ്ടായിരിക്കണം.

ഇത്രയും കുടുംബത്തെപ്പററി പ്രതിപാദിച്ചശേഷം ജിയോവാന്നിയുടെ ബാല്യകാലത്തേക്കു നമുക്കു തിരിച്ചുവരാം. അദ്ദേഹം ബാല്യത്തിൽ പൊതുവെ അനാരോഗ്യപ്രകൃതിക്കാരനായിരുന്നു. കൂടെക്കൂടെ കുട്ടിക്കു് അസുഖങ്ങൾ ബാധിക്കുക പതിവായിരുന്നുവത്രെ. ഈ അസുഖങ്ങൾ ബാധിക്കുമ്പോൾ അവയെല്ലാം ദൈവതിരുമനസ്സിനോടു യോജിച്ചുകൊണ്ടു് സഹിക്കണമെന്നും അവയെല്ലാം പ്രായശ്ചിത്താരൂപിയോടെ സ്വീകരിക്കണമെന്നും നല്ല മാതാവായ ജൂഡിററാ സ്വപുത്രനെ നന്നേ ചെറുപ്പത്തിലെ പഠിപ്പിച്ചിട്ടുണ്ടാവണം. അതുകൊണ്ടാണു് ജിയോവാന്നി പോപ് ആറാമനായപ്പോൾ, സാർവ്വത്രികസൂനഹദോസിൻെറ വിജയത്തിനുവേണ്ടി പ്രായശ്ചിത്തം അനുഷ്ഠിച്ചു കാഴ്ചവയ്ക്കുവാൻ വിശ്വാസികളെ ഉപദേശിക്കണമെന്നു് 1963 സെപ്ററംബർ 28–ാംതീയതി ലോകമാസകലമുള്ള മെത്രാന്മാർക്കു് അവിടുന്നു് സർക്കുലർ അയച്ചതു്.

ജിയോവാന്നിക്കു് ബാല്യത്തിലെ അനുഭവപ്പെട്ട അനാരോഗ്യംമൂലം അദ്ദേഹത്തെ വിദ്യാലയത്തിലയച്ചു് പഠിപ്പിക്കാനൊത്തില്ല. അതിനാൽ വീട്ടിൽവച്ചുതന്നെ പഠനമാരംഭിച്ചു. എന്നിട്ടും കുട്ടി പഠനത്തിൽ ബഹുസമർത്ഥനായിരുന്നു. ശരീരദൗർബല്യം ബുദ്ധിയെ വിപരീതാനുപാതത്തിൽ വളർത്തിയെന്നുപോലും തോന്നിപ്പോകത്തക്കവിധം അദ്ദേഹത്തിൻെറ ബുദ്ധിസാമർത്ഥ്യവും പഠനനൈപുണ്യവും നിരീക്ഷണപാടവവും വളർന്നുകൊണ്ടുതന്നെയിരുന്നു. സുകൃതത്തിൻെറ വിളനിലമായൊരു കുടുംബാന്തരീക്ഷംകൂടിയായപ്പോൾ, ബാലൻ നന്മയുടെ നികേതനമായിത്തീർന്നു.

പ. പിതാവു് പോൾ ആറാമൻ മാപ്പാപ്പായുടെ ആ

ദ്യത്തെ അദ്ധ്യാപകൻ മി. എസെക്കിയേൽ മലിസ്സിയാ ആയിരുന്നു. ഇന്ന് അദ്ദേഹത്തിന് 85 വയസ്സ് പ്രായമുണ്ട്. കാർഡിനൽ മൊന്തീനി മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെടുന്നതു് ടെലിവിഷനിൽ കണ്ടപ്പോഠം അദ്ദേഹത്തിനു് അതീവസന്തോഷം അനുഭവപ്പെട്ടു. അതിനാൽ മലിസ്സിയാ വീണുപോയേക്കുമെന്നുപോലും ഭയപ്പെട്ടു. അപ്പോഠം അദ്ദേഹം വർഷങ്ങഠംക്കുമുമ്പ് ബാലനായ മൊന്തീനിയെ എഴുതാനും വായിക്കാനും മററും പഠിപ്പിച്ച കാര്യം സന്തോഷാശ്രുക്കഠംക്കിടയിലൂടെ സ്മരിക്കുകയുണ്ടായി. മൊന്തീനി കർദ്ദിനാളായിരുന്നപ്പോഠം തൻെറ ഈ അദ്ധ്യാപകനെ സന്ദർശിച്ച് പൂർവ്വകാലസംഭവങ്ങളെപ്പററി സംസാരിച്ചപ്പോഠം വൃദ്ധനായ ഈ അദ്ധ്യാപകൻ തൻെറ ഓമനശിഷ്യൻെറ ബാല്യകാലഗുണങ്ങളെ വർണ്ണിക്കുകയുണ്ടായി.

പ. പിതാവിൻെറ ബാല്യകാലസ്നേഹിതന്മാരിലൊരാളാണ് ഫാ.ലൂയിജി ബൊനാസ്സി (Fr. Luiji Bonassi) അദ്ദേഹംകുട്ടിയായിരുന്നപ്പോഠം ഒരു ദിവസം സഹപാഠികളെ ഒരു വിരുന്നിന് ക്ഷണിച്ചു. വിരുന്നു നടന്നുകൊണ്ടിരുന്നപ്പോഠം ലൂയിജിയുടെ വല്യമ്മ (Grand Mother) തൻെറ ലൂയിജിക്ക് വൈദികനാകാനുള്ള ആഗ്രഹമുണ്ടെന്നും പക്ഷെ പരിശീലനച്ചെലവുകഠംക്ക് പണമില്ലെന്നും വെറുതെ പറയുകയുണ്ടായി. അപ്പോഠം ബാലനായ നമ്മുടെ കഥാനായകൻ, വൈദികനാകാനുള്ള തൻെറ ആഗ്രഹം വെളിപ്പെടുത്തുകയും ലൂയിജിയെ ധൈര്യപ്പെടുത്തുകയും ചെയ്തു. വാക്കുകൊണ്ടു മാത്രമല്ലാ, തൻെറ സ്നേഹിതനെ പ്രോത്സാഹിപ്പിച്ചതു്; പ്രത്യുത തൻെറ പിതാവിനെക്കൊണ്ട് ജോൺ ബാററിസ്റ്റ് മൊന്തീനി ലൂയിജിക്ക് ഒരു വിദ്യാർത്ഥിവേതനം (Scholarship) കൊടുപ്പിക്കുകയും ചെയ്തു. "ലോകത്തെ മുഴുവൻ സഹായിക്കാനുള്ള അദ്ദേഹത്തിൻെറ ഔദാര്യം അന്നുമുളയെടുത്തതാണ്, അതുപോലെതന്നെ അദ്ദേഹത്തിൻെറ അദ്ധ്യാപകർക്ക് കുട്ടിയുടെ പൂർണ്ണതയും ബുദ്ധിസാമർത്ഥ്യവും അത്ഭുതം ജനിപ്പിച്ചിരുന്നു" എന്ന് പ. പിതാവിൻെറ മറെറാരു സഹപാഠിയായ ഫാ. മാർക്കൊളിനി (Fr. Marcolini) പ്രസ്താ

വിക്കുന്നു. ജിയോവാന്നി, മാർപ്പാപ്പാ ആയപ്പോഴും അദ്ദേഹത്തിൻെറ ആത്മീയനിയന്താവായ ഫാ. ബേവിലകാ (Fr. Bevilacqua) യും തനിക്കൊരു നല്ല സ്നേഹിതൻ നഷ്ടപ്പെട്ടുപോയെന്നു വിലപിച്ചുവത്രെ.

പഠനാവസരങ്ങളിൽ സ്ഥിരബുദ്ധിയും ഗൗരവപ്രകൃതിക്കാരനുമാണെങ്കിലും— വെക്കേഷനാകുമ്പോഴേക്കും മൊന്തീനികുടുംബക്കാർ— ഗ്രാമപ്രദേശത്തുള്ള കൊൺചേസിയോവിലേക്കു പോവുകയായി. അവിടെ കൂട്ടുകാരോടൊത്തു് കളിയിലും വിനോദത്തിലും മുഴുകുകയായിരിക്കും ചെയ്യുന്നതു്. എങ്കിലും അദ്ദേഹത്തിൻെറ വത്സലമാതാവിൻെറ ശിക്ഷണപടുത്വത്തിനു് കഥാനായകൻ വഴങ്ങിയിരുന്നു. ഭക്ഷണസമയങ്ങൾക്കിടയ്ക്കു് പഴങ്ങളും പലഹാരങ്ങളുമൊക്കെ തിന്നുന്നതു് ആരോഗ്യത്തിനെതിരാണെന്നും ആശയടക്കത്തിനു് നിരക്കാത്തതാണെന്നും ജൂഡിററാ സ്വപുത്രനെ നിഷ്കർഷിച്ചിരുന്നു. ജിയോവാന്നിയുടെ ബന്ധത്തിലൊരു സഹോദരിയായ മർഗ്ഗരീത്താ പെരെററി എന്ന സ്ത്രീ അദ്ദേഹത്തിൻെറ അന്നത്തെ ഒളിച്ചുകളി വിനോദങ്ങളെപ്പററി പറയുന്നുണ്ടു്.

ജൂഡിററാ ബാലനായ ജിയോവാന്നിയെ, സ്വഗൃഹത്തിനടുത്തുള്ള ഒരു കപ്പേളയിൽ കൊണ്ടുപോവുക പതിവായിരുന്നു. അവിടെ മൗനമായി പ്രാർത്ഥിക്കുന്ന അമ്മയെ നോക്കി "അമ്മ ഒററ നന്മനിറഞ്ഞമറിയമേ എന്ന നമസ്ക്കാരംപോലും ചൊല്ലുന്നില്ലേ" എന്നു് ഒരിക്കൽ ജിയോവാന്നി ചോദിക്കുകയുണ്ടായി. "ഇന്നു ഞാൻ മാതാവിനെ സ്നേഹിക്കാൻ മാത്രമാണു് വന്നതു്" എന്നു് ജൂഡിററാ മറുപടി പറഞ്ഞു. അങ്ങനെ ജിയോവാന്നിയിൽ ആ അമ്മയോടുള്ള സ്നേഹത്തിൻെറ അടിസ്ഥാനമിട്ടു.

ഇപ്രകാരം അദ്ദേഹത്തിൻെറ ബാല്യകാലപരിശീലനം ആ മാതാവു് ക്രമശ: നിർവഹിച്ചുപോന്നു. 1907 ജൂൺ 6—ാംതീയതി ജിയോവാന്നി പരിശുദ്ധകന്യകാമറിയത്തിൻെറ കപ്പേളയിൽവച്ചു് ആദ്യകുർബാന സ്വീകരിച്ചു. ആ മാസം 21—ാംതീയതി ഈശോസഭക്കാരുടെ വകയായ ചോസ്സ്യെ അരീസി കോളേജിൻെറ ചാപ്പലിൽവ

5262

ച്ചു്, റൈററു് റവ. ഡോ. ജിയോക്കോമോ പെരെഗ്രീനി മെത്രാനിൽനിന്നും സ്ഥൈര്യലേപനവും സ്വീകരിച്ചു.

മുമ്പു സൂചിപ്പിച്ചതുപോലെ അദ്ദേഹത്തിൻെറ പഠന സാമർത്ഥ്യം അനന്യസാധാരണവും ഇതരർക്കു് അപ്രാപ്യവുമായിരുന്നു. ജിയോവാന്നിക്കു് 12 വയസ്സുള്ളപ്പോഠം 1909–10 സ്കൂഠംവർഷത്തിലെ പരീക്ഷയുടെ മാക്കലിസ്റ്റിൻെറ ഒരു ഫോട്ടോ ഒരു ഇററാലിയൻമാസികയിൽ പ്രസിദ്ധപ്പെടുത്തിയിരുന്നു. ആകെ 13 വിഷയങ്ങളുള്ളതിൽ നാലെണ്ണത്തിനു് നൂറുശതമാനവും ഏററവും കുറഞ്ഞ മാർക്കു് 70 ശതമാനവുമായിരുന്നു. ഇപ്രകാരം ജിയോവാന്നി തൻെറ ഹൈസ്കൂഠം വിദ്യാഭ്യാസം പ്രശസ്തമാംവിധം മുകളിൽപ്പറഞ്ഞ ജസ്വീററു് വിദ്യാലയത്തിൽ നിർവ്വഹിച്ചു.

ഇവിടെയെല്ലാം അദ്ദേഹത്തിൻെറ ജീവിതത്തിൽ ഒരു ദ്വിതപ്രകൃതി ആക്കും കാണുവാൻ സാധിക്കും. പുസ്തകപ്പുഴുവെന്നുപോലും സഹപാഠികളാൽ വിളിക്കപ്പെടുവാൻ തക്ക പഠനപ്രേമവും വിഷയങ്ങളെപ്പററിയുള്ള ഏകാന്ത വിചിന്തനവും, അതേസമയം വെക്കേഷൻകാലത്തും വിശ്രമാവസരങ്ങളിലുമുള്ളചുറുചുറുപ്പൻപ്രകൃതിയും കളിവിനോദങ്ങളും! എന്താണിതിൽനിന്നും നാം കാണുന്നതു്? സ്വയം നിയന്ത്രിക്കാനുള്ള കഴിവു്, ആത്മസംയമനം, മഹാന്മാരുടെ—യഥാർത്ഥലോകനേതാക്കളുടെ—പ്രധാനലക്ഷണങ്ങളാണവ. മഹാനായൊരു പിതാവു് ജിയോവാന്നിയെ മഹാനായൊരു മാനവനേതാവാക്കി, വിശുദ്ധയായൊരു മാതാവു് അദ്ദേഹത്തെ വിശുദ്ധനും വിശ്രുതനുമായൊരു ആത്മനിയന്താവാക്കി; എന്നു് അതിശയോക്തി അല്പവുംകൂടാതെ പറയാവുന്നതാണു്.

## അദ്ധ്യായം രണ്ട്

# നിത്യപുരോഹിതൻ

ബാലനായ ജോൺബാപ്റ്റിസ്റ്റിന്റെ ആരോഗ്യനില എന്നിട്ടും അഭിലഷണീയമായിരുന്നില്ല. അതിനാൽ തുടർന്നുള്ള പഠനവും പ്രൈവററായി നടത്തുന്നതാണ് നല്ലതെന്ന് ജോണിന്റെ മാതാപിതാക്കന്മാർ തീരുമാനിച്ചു. അപ്രകാരം 1916–ൽ അദ്ദേഹം പ്രീയൂണിവേഴ്സിററിപരീക്ഷയ്ക്ക് പ്രൈവററായി ചേർന്നു. എന്നാൽ പരീക്ഷകന്മാരുടെയെല്ലാം പ്രതീക്ഷയ്ക്ക് കടകവിരുദ്ധമായി ജോൺ നല്ല മാർക്കോടുകൂടി പരീക്ഷയിൽ വിജയിച്ച് സർട്ടിഫിക്കേററു വാങ്ങിച്ചു. എങ്കിലും അതിലൊന്നും ജോൺ അഹങ്കരിച്ചില്ല. നിശ്ശബ്ദതയിൽ നിസ്വന്ത്രമായി പ്രാർത്ഥിക്കുവാനും പഠിക്കുവാനും അദ്ദേഹം അതിയായി ആഗ്രഹിച്ചിരുന്നു. അപ്രകാരം ജോൺ ബപ്റ്റിസ്റ്റായുടെ പ്രത്യേക ഭക്തിക്ക് ദൈവജനനി പാത്രീഭൂതയായി തീർന്നു. അതോടൊപ്പം ഇക്കാലത്ത് അദ്ദേഹം കത്തോലിക്കാസമുദായസേവനത്തിന് അന്യാദൃശ്യമായ അഭിനിവേശം കാണിക്കുകകൂടിചെയ്തു. അതിനാൽ ഫാസിസമാകുന്ന ഗോലിയാദിനെ തോല്പിക്കുവാൻ ജോൺ ലാ ഫിയോണ്ട–La Fionda (The Sling) എന്നൊരു ചെറിയ പ്രസിദ്ധീകരണമാരംഭിച്ചു. ഇത്, പത്രാധിപരായിരുന്ന പിതാവിൽനിന്നുകിട്ടിയ പിതൃവാസനയായിരിക്കണം. അതുപോലെതന്നെ ഇക്കാലസന്ധിയിൽ ജിയോവാന്നി, വി. ഫിലിപ്പ്നേരി (St. Philip Neri) യുടെ ഓററ്ററിയിലും യുവജനസഖ്യത്തിലും സജീവമായി പ്രവർത്തിച്ചിരുന്നു. കുട്ടികളെ വേദോപദേശം പഠിപ്പിക്കുക,

പാപികളെ മനസ്സു തിരിക്കുക മുതലായവയായിരുന്നു തദംഗങ്ങളുടെ ജോലി. ഇവയെല്ലാം വൈദികാന്തസ്സിലേക്കുള്ള അദ്ദേഹത്തിൻെറ ദൈവികാഹ്വാനത്തിനു് വഴി തെളിച്ചു.

സ്വമാതാവിൻെറ ദൈവമാതൃഭക്തിയിൽ ജോൺ ഭാഗഭാക്കായിരുന്നതിനാൽ പ. കന്യകയും അദ്ദേഹത്തെ തൻെറ ജീവിതാന്തസ്സു തിരഞ്ഞെടുക്കുവാൻ സഹായിച്ചുവെന്നതിനു സംശയമില്ല. 1916–ൽ ഇററലി നിർബന്ധിതസൈന്യസേവനം ആവശ്യപ്പെട്ടു. എന്നാൽ മുസ്സോലിനി, വൈദികവിദ്യാർത്ഥികളേയും സന്യാസികളേയും വൈദികരേയും നിർബന്ധിച്ചില്ലാ. എന്നു മാത്രമല്ലാ, ജോൺ മൊന്തീനിക്കു് സൈന്യത്തിൽ ചേരുവാൻ തക്ക ആരോഗ്യവുമില്ലായിരുന്നു. ഇക്കാരണങ്ങളാൽ ജോൺ ബാപ്ററിസ്റ്റാ സൈന്യസേവനത്തിൽനിന്നും ഒഴിവാക്കപ്പെട്ടു.

ദൈവമാതാവിൻെറ മദ്ധ്യസ്ഥതമൂലം അദ്ദേഹത്തിനു ലഭിച്ച ഈ ദൈവികാഹ്വാനത്തിൻെറ സാഹചര്യം ചിന്തിക്കുമ്പോൾ അതു് അക്കാലത്തു് ലോകത്തിനു നാശകരമായി സംഭവിച്ച ചില പ്രത്യേക വ്യതിയാനങ്ങൾക്കു് പ്രതിവിധിയായി ദൈവം നിശ്ചയിച്ചതായിരുന്നു എന്നു് നമുക്കു് ന്യായമായി അനുമാനിക്കുവാൻ പാടുണ്ടു്. 1917–ലാണു് റഷ്യയിൽ കമ്മ്യൂണിസം ഉൽഘാടിതമായതു്. അക്കൊല്ലംതന്നെയാണു് ഭാഗ്യസ്മരണാർഹനായ 12–ാംപീയൂസ് മാർപ്പാപ്പാ മെത്രാനായി അഭിഷിക്തനായതും. അങ്ങനെ കമ്മ്യൂണിസ്റ്റ്കാലത്തു് സഭയെ ഭരിക്കുവാനുള്ള ഒരു നേതാവിനെ തിരഞ്ഞെടുത്തു. ആയിടക്കുതന്നെ 12-ാം പീയൂസിനുശേഷം സഭയെ ഭരിക്കുവാനുള്ള ജോൺ മാർപ്പാപ്പാ അന്നു് സൈനികചാപ്ലയിനെന്നനിലയിൽ കമ്മ്യൂണിസത്തിനെതിരായി ശക്തി ആർജ്ജിക്കുകയായിരുന്നു. ഇപ്പോൾ സഭാനൗകയെ കമ്മ്യൂണിസ്റ്റു് ചിറെറാഴുക്കിലൂടെ സുരക്ഷിതമായി നയിക്കാനുള്ളനേതാവിനെ ഇതാ ഇക്കാലത്തു–1916–ൽ–വിളിച്ചിരിക്കുന്നു. അഹോ! ദൈവപരിപാലനയുടെ നിഗൂഢരഹസ്യങ്ങൾ ആർക്കു മനസ്സിലാക്കുവാൻ സാധിക്കും!

അങ്ങനെ ജോൺബാപ്റ്റിസ്റ്റ് മൊന്തീനി മിലാനിലെസെമിനാരിയിൽ ചേർന്നു;എങ്കിലും അനാരോഗ്യം മൂലം തൻെറ മുൻഗാമിയായ പന്ത്രണ്ടാം പീയൂസിനേപ്പോലെ സ്വഭവനത്തിൽ താമസിച്ചുകൊണ്ട് സെമിനാരിയിലെപഠനം തുടരുവാൻ അദ്ദേഹം നിർബ്ബന്ധിതനായി. സാമാന്യമായി പറഞ്ഞാൽ വൈദികാർത്ഥികൾ സെമിനാരിയിൽ തന്നെ സ്ഥിരം താമസിക്കണമെന്നാണ് നിയമം അനുശാസിക്കുന്നതു് (Can. 1367 and 1371) എന്നാൽ ആ നിയമത്തിൽനിന്ന് അദ്ദേഹം ഒഴിവു വാങ്ങിയാണ് വീട്ടിൽ താമസിച്ചുകൊണ്ട് സെമിനാരിയിൽ പഠിച്ചതു്. 1919 നവംബർ 21—ാം തിയതി ജോൺ ആസ്ഥപ്പാട് (Tonsure) പട്ടം സ്വീകരിച്ചു. മോൺസിഞ്ഞോർ ഡെഫെണ്ടെൻെറ സാൽവെററി(Mgr. Defendente Salvetti)ആയിരുന്നു കാർമ്മികൻ. അന്നു് അദ്ദേഹം പ്രത്യേകമായ വിധത്തിൽ "കർത്താവു് എൻെറ പിതൃ പാരമ്പര്യത്തിൻേറയും പാനപാത്രത്തിൻേറയും ഭാഗമാണ്" (Dominus pars hacreditatis meaect calicismci) എന്ന് പ്രതിജ്ഞ ചെയ്തു. ഇപ്രകാരം ലൗകികസുഖബഹുമാന ഭാഗ്യങ്ങളോടുള്ള വിരക്തിയും വെറുപ്പും അദ്ദേഹം വെളിവാക്കി.

വിജ്ഞാനത്തിലും വിശുദ്ധിയിലും പരിപുഷ്ടിപ്പെട്ടുവന്ന ജോൺ ബാപ്റ്റിസ്റ്റ് അനുദിനം തൻെറ ചിരകാലപ്രതീക്ഷ, ഫലമണിയുന്നതു കാണാൻ കാത്തുകാത്തിരുന്നു. അദ്ദേഹത്തിൻെറ ഹൃദയം ആഹ്ളാദം കൊണ്ടു തിങ്ങിവിങ്ങി; കണ്ണുകൾ ആനന്ദാശ്രുക്കൾകൊണ്ടു നിറഞ്ഞു. 1920-ൽ മാതാവിനായി പ്രതിഷ്ഠിക്കപ്പെട്ട മേയ് മാസം 29—ാംതിയതി ബ്രേഷിയാ രൂപതയുടെ മെത്രാനായ മോൺ. ജിയോസിന്തൊ ഗാഗിയാ (Rt. Rev. Mgr.Giacinto Gagia)യിൽ നിന്നും റവ. ജോൺ ബാപ്റ്റിസ്റ്റു് മൊന്തീനി വൈദീകപട്ടം സ്വീകരിച്ചു. പിറേറദിവസം, ചെറുപ്പത്തിൽ തൻെറ അമ്മയോടൊത്തു് പ്രാർത്ഥിക്കുവാൻ പോകാറുണ്ടായിരുന്ന, ബ്രേഷിയാപ്പട്ടണത്തിലെ അനുഗ്രമാതാവിൻെറ കപ്പേളയിൽ നവപൂജ അർപ്പിക്കുകയും ചെയ്തു. ചൈനയിലെ വേദസാക്ഷിയായ

വാഴ്ത്തപ്പെട്ട തെയോഫിൻ വേനാർഡിനോടൊപ്പം ഫാ. ജോൺ ബാപ്റ്റിസ്റ്റ് ചിന്തിച്ചുകാണണം:— "ഒരു ബാലൻേറതുപോലെ മൃദുലമായ എൻെറ കരങ്ങളിതാ, വിശുദ്ധതൈലം കൊണ്ടു പൂശപ്പെട്ടിരിക്കുന്നു; ബാലലീലകളിൽ പരിചയിച്ച എൻെറ കാലുകരം കർത്താവിൻെറ സന്ദേശം അവിശ്വാസികളുടെ ഇടയിലേക്കു് സംവഹിക്കുവാനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്നു''.... ഇങ്ങനെ ചിന്തിക്കുവാൻ കാരണം ഇല്ലാതില്ല; ഇരുവരും 23 വയസ്സു തികയുന്നതിനു് മുമ്പാണു് പുരോഹിതപട്ടം സ്വീകരിച്ചതു്.

പിന്നെയും പഠനംതുടർന്നു് മിലാൻ സെമിനാരിയിൽനിന്നും കഥാനായകൻ കാനൻ നിയമങ്ങളിൽ ഡിഗ്രി എടുത്തു. 1920 അവസാനം നവംബർ 10—ാംതിയതി വടക്കേ ഇററലിക്കാർക്കുള്ള റോമിലെ ലൊമ്പാർഡൊ സെമിനാരി (Seminari Lowbardo) യിൽ ചേർന്നു. അതേ സമയംതന്നെ പഠിച്ചു്, തത്വശാസ്ത്രം, സാഹിത്യം എന്നിവയിലും റോമിലെ സിവിൽയൂണിവേഴ്സിററിയിൽനിന്നും അദ്ദേഹം ബിരുദം സമ്പാദിക്കുകയും ചെയ്തു. അക്കാരണത്താൽ 1921—ൽ അത്യുന്നത കർദ്ദിനാൾ പിസ്സാർഡൊ,(Cardinal Pizzardo)നയതന്ത്രപ്രതിനിധികളെ പരിശീലിപ്പിച്ചിരുന്നഎക്ലേസിയാസ്റ്റിക്കൽ അക്കാഡമിയിൽ (Ecclesiastical Academy) പഠിക്കുവാനായി അദ്ദേഹത്തെ അങ്ങോട്ടുവിളിച്ചു. എന്നാൽ കുറച്ചു കഴിഞ്ഞപ്പോൾ വിഷയംമാററി കാനൻ നിയമം പഠിക്കുവാൻ അദ്ദേഹം ആവശ്യപ്പെട്ടു. ഫാ. ജോൺ ആ വിഷയത്തിൽ ബിരുദം നേടിയിരുന്നെങ്കിലും അദ്ദേഹം അതിനെ അനുസരിച്ചു. അതിനാൽ ഗ്രീഗോരിയൻ യൂണിവേഴ്സിററിയിൽ കാനൻ നിയമങ്ങളിൽ പിന്നെയും പഠനമാരംഭിച്ചു. എന്നാൽ വീണ്ടും ആ പഠനം മുടക്കേണ്ടതായിവന്നു. 1923 മെയ് മാസത്തിൽ, മോൺ. എൽ. ലൗറി (Mgr. L. Lauri)പോളണ്ടിലെ വാർസാ (Warsaw) യിൽ നയതന്ത്രപ്രതിനിധിയായി നിയമിതനായപ്പോൾ ഫാ. ജോൺ ബാപ്റ്റിസ്റ്റ് അദ്ദേഹത്തിൻെറ സെക്രട്ടറിയായി നിയോഗിക്കപ്പെട്ടു. എന്നാൽ പോളണ്ടിലെ കാ

ലാവസ്ഥ അദ്ദേഹത്തിൻെറ ആരോഗ്യത്തിന് പററിയില്ലാ. അതിനാൽ അദ്ദേഹം ഏതാനും മാസങ്ങൾക്കശേഷം അവിടെ നിന്ന് തിരിച്ചുപോരുകയും മോമിലെത്തി വീണ്ടും പഠനം ആരംഭിക്കുകയും ചെയ്തു. എന്നാൽ 1924—ൽ വത്തിക്കാനിലെ സ്റ്റേററ് സെക്രട്ടറിയേററിലേക്കു വിളിച്ച് അവിടെ നിയമിച്ചു. അതോടൊപ്പം കാത്തലിക് യൂണിവേഴ്സിററി വിദ്യാത്ഥികളുടെ ഫെഡറേഷൻെറ നാഷണൽ ചാപ്ലെയിനുമായി. ഇതിനു പുറമെ അടുത്ത ഒരു ഇടവകയെ സഹായിക്കുകയും ചെയ്തിരുന്നു. ഇവിടെയെല്ലാം ഒരു നേതാവിൻെറ യഥാത്ഥമായ ധീരതയും അതേസമയം ദൈവമഹത്വത്തിനായി ജീവിതം ഉഴിഞ്ഞുവച്ചിട്ടുള്ള ഒരു വൈദികൻെറ അന്ധമായ അനുസരണവും കഥാനായകനിൽ നന്നായി നമുക്ക് കാണുവാൻ സാധിക്കും. ഇപ്രകാരം വൈദികജോലി ഏതു ത്യാഗം സഹിച്ചും ചെയ്യുവാൻ അദ്ദേഹത്തിന് ആനന്ദമായിരുന്നു. അതുകൊണ്ടാണല്ലൊ ഭാരമേറിയ അദ്ദേഹത്തിൻെറ പഠനകാലത്തും ഇടവകജോലിയിൽ അടുത്തുള്ള ബ. വികാരിമാക്ക് സാധിക്കുന്ന സഹായങ്ങൾ ചെയ്തുകൊടുക്കുവാൻ അദ്ദേഹം എപ്പോഴും തയ്യാറായിരുന്നതു്.

അതിനാൽ ഫാ. ജോൺ, സെക്രട്ടറിയായിരുന്നപ്പോൾത്തന്നെ അതായതു് 1925—ൽ, കലാശാലാവിദ്യാർത്ഥി ഫെഡറേഷൻെറ നാഷണൽ കോൺഗ്രസ്സ് കഴിഞ്ഞപ്പോൾ 11—ാം പീയൂസ്, അദ്ദേഹത്തെ, പ്രസ്തുത ഫെഡറേഷൻെറ നാഷണൽ എക്ലേസിയാസ്റ്റിക്കൽ അസിസ്റ്റൻറായി നിയമിച്ചു. കത്തോലിക്കാപ്രവത്തനത്തിൽ പ്രായോഗികപരിജ്ഞാനമുള്ളവരായിരിക്കണം അക്കാര്യത്തിന് നിയമിക്കപ്പെടുന്നതെന്ന് നല്ലൊരു കത്തോലിക്കാപ്രവത്തന പ്രവീണനായ 11—ാംപീയൂസിനു് നിർബ്ബന്ധമുണ്ടായിരുന്നു. അതേസമയം ഇററലിയിൽ ഫാസിസ്റ്റുകൾ മററെല്ലാ പാർട്ടികളേയും അടിച്ചമത്തി എല്ലാ യുവജനങ്ങളേയും സ്വന്തം പതാകയിൽ കീഴാക്കാൻ കിണഞ്ഞു പരിശ്രമിക്കുകയായിരുന്നുതാനും. അപ്രകാരം അവർ കത്തോലിക്കാപ്രവത്തനത്തേയും, കത്തോലിക്കാസ്കൗട്ട്സിനേയും രഹസ്യരാഷ്ട്രീയ മുതലെടുപ്പുകാരായി താ

റടിച്ച് നിറുത്തുവാൻ പോലും നിശ്ചയിച്ചു. ഇങ്ങനെ കുഴപ്പം പിടിച്ചഅന്തരീക്ഷത്തിലാണ് പ.പിതാവ് 11-ാം പീയൂസ് തൻെറ ഉദ്ദേശസാദ്ധ്യത്തിനായി ഫാ. മൊന്തീനിയെ നാഷനൽ അസിസ്റ്റൻറായി നിയമിച്ചതു്.

എല്ലാ യുവജനങ്ങളും ചെയ്യാറുള്ളതുപോലെ മുഴവൻ അഴിച്ചുപണിയാനോ തനിച്ചുപ്രവർത്തിക്കുവാനോ ഫാ. മൊന്തീനി തുനിഞ്ഞില്ലാ. പ്രത്യുതാ തെററുള്ളതു തിരുത്തുവാനും, ജനറൽ പ്രസിഡൻറായ ഇജിനോ റിഘേററി (Igino Righetti)യേപ്പോലുള്ളവരുടെ സഹകരണം ലഭിക്കുവാനും അദ്ദേഹം പരിശ്രമിച്ചു. ഇതെല്ലാം അദ്ദേഹം നിർവഹിച്ചതു സെക്രട്ടറിയേററിലെ വർദ്ധിച്ചുവരുന്ന ജോലികൾ സ്തുത്യർഹമാംവിധം നിർവഹിച്ചതിനുശേഷമാണ് എന്ന വാസ്തവം നമുക്കു വിസ്മരിക്കുവാൻ പാടില്ലാ.

അദ്ദേഹത്തിൻെറ കീഴിലുള്ള ബിരുദധാരികളുടെ ആ ഫെഡറേഷൻെറ അംഗങ്ങളാണ് പിന്നീട് ഇററലിയിൽ പ്രധാനപ്പെട്ട സ്ഥാനങ്ങളിൽ കയറിപ്പററിയതു്. മുൻപു് സൂചിപ്പിച്ചിട്ടുള്ളതുപോലെ ക്രിസ്ത്യൻ ഡെമോക്രാററിക്ക് പാർട്ടിയുടെ ഉപജ്ഞാതാവായ ഡോൺ സ്റ്റൂർസോ (Don Sturzo) ഡിഗസ്പാരി (Degaspari) ഗോണെല്ലാ(Gonella) ഫൻഫാനി(Fanfani) ഷെൽബാ(Scelba) സിഞ്ഞോരാ ജർവോളീനോ(Singora Jervolineo)മുതലായവർ ഇപ്രകാരം ഫാ. മൊന്തീനിയുടെ സ്നേഹിതന്മാരായിത്തീർന്നു.

കലാലയ വിദ്യാത്ഥികൾക്കുവേണ്ടി വിൻസെൻറ് ഡി. പോൾ സഖ്യത്തിൻെറ ഒരു ശാഖയും അവരുടെ സാന്മാർഗ്ഗികനിലവാരംനിലനിർത്തുവാനായി 1927-ൽ Studium (The study)എന്നൊരുപ്രസിദ്ധീകരണവുംഫാ. ജോൺ ആരംഭിക്കുകയുണ്ടായി. ആത്മാക്കൾക്കുപകരിക്കുന്ന ഇടയനടുത്ത ഇത്തരം ജോലികൾക്കു പുറമേ വത്തിക്കാൻ നഗരത്തിലുള്ള സെൻറു് ആൻസ് ഇടവകപ്പള്ളിയിലും വി. എവുസ്റ്റോക്കിയോ ഇടവക ദൈവാലത്തിലും അദ്ദേഹം കൃത്യമായി കുമ്പസാരിപ്പിക്കുകയും പതിവായിരുന്നു. ഇക്കാലത്തു് അദ്ദേഹത്തിന് പ്രത്യേകിച്ച്

വിദ്യാത്ഥികളുടെ മേലുണ്ടായിരുന്ന സ്വാധീനം വളരെ വിപുലമായിരുന്നു. അതിനാൽ മോൺ. മൊന്തീനി മിലാനിൽ മെത്രാപ്പോലീത്താ ആയിരുന്നപ്പോഠം അവരിൽ നല്ലൊരു വിഭാഗം അദ്ദേഹത്തിൻെറ ഉപദേശത്തിനായി റോമിൽ നിന്നും മിലാനിൽ പോവുക പതിവായിരുന്നുവത്രെ.

അദ്ദേഹം രചിച്ചിട്ടുള്ള ഗ്രന്ഥങ്ങളും അദ്ദേഹത്തിൻെറ വൈദീകമനസ്ഥിതി പൂണ്ണമായും വെളിപ്പെടുത്തുന്നവയാണ്. "ക്രിസ്തുവിൻെറ ജീവചരിത്രം" "ക്രിസ്തുപഠനത്തിൻെറ പ്രാരംഭം" "കലാലയ മനസ്സാക്ഷി" എന്നീ പുസ്തകങ്ങളിൽ ഒരു യഥാത്ഥ പുരോഹിതൻെറ ഹൃദയചലനങ്ങഠം തെളിഞ്ഞുകാണാം. ആത്മാക്കളുടെമേൽ വികാരിമാക്കുള്ള സ്വാധീനം അദ്ദേഹം മനസ്സിലാക്കിയിരുന്നു. അതിനാൽ അദ്ദേഹം അക്കാലത്ത് കത്തോലിക്കാ ബിരുദധാരികളുടെ ഒരു അസോസിയേഷൻ സ്ഥാപിച്ചു. അതിനുശേഷം 1933 മാർച്ച് 12–ാംതിയതി ജോലിത്തിരക്കുമൂലം നാഷനൽ അസിസ്റ്റൻറുസ്ഥാനം ഫാ. മൊന്തീനി രാജിവച്ചു. എന്നിട്ടും മുകളിൽപ്പറഞ്ഞ ബിരുദധാരികളുടെ അസോസിയേഷൻ വഴിയായി അദ്ദേഹം സ്മരണാർഹനായിത്തീർന്നു.

പിന്നീട് അദ്ദേഹം നടത്തിയ ലോകപര്യടനവേളയിൽപോലും ജനങ്ങഠംക്കുവേണ്ടി ബലി അപ്പിക്കുവാനും കുമ്പസാരിപ്പിക്കുവാനും പ്രസംഗിക്കുവാനും മററു വൈദീകനടുത്ത കടമകഠം നിർവഹിക്കുവാനും അദ്ദേഹം എപ്പോഴും തയ്യാറായിരുന്നു. ഒരു പിതാവിനടുത്ത സ്നേഹത്തിൻെറ സ്ഫുരണം എപ്പോഴും അദ്ദേഹത്തിൻെറ കണ്ണുകളിൽ തിളങ്ങുന്നതുകാണാം. ഒരിക്കൽ അദ്ദേഹം പ്രസംഗിച്ചു, തനിക്കേററവും സുന്ദരമായി തോന്നുന്നത് പാവപ്പെട്ട ഒരു ഇടവക വൈദികൻ ദരിദ്രമായ വിധത്തിലാണ് വസ്ത്രധാരണം ചെയ്യപ്പെട്ടിരിക്കുന്നതെങ്കിലും അദ്ദേഹത്തിൻെറ ചുററും വിശ്വാസമർപ്പിച്ചുകൊണ്ടു കഴിച്ചുകൂട്ടുന്ന യുവജനങ്ങളുടെ ആഹ്ളാദപ്രകടനരംഗം കാണുന്നതാണെന്ന്. ഇതുതന്നെയാണ് അദ്ദേഹത്തെപ്പററിയുള്ള എല്ലാവരുടേയും അഭിപ്രായം. മോൺ. മൊന്തീനി മിലാൻ മെത്രാ



പോൾ ആറാമൻ തിരുമനസ്സുകൊണ്ട് കർദ്ദിനാൾ ആയിരിക്കയിൽ,
കാലംചെയ്ത ജോൺമാർപ്പാപ്പായുമൊന്നിച്ച്.



പോൾമാർപ്പാപ്പാ ഒരു ഔദ്യോഗിക പരിപാടിക്കായി
പരിവാരസമേതം ആഗതനാകുന്നു.

പ്പോലീത്തായായി നിയമിതനായി, പോകുന്ന അവസരത്തിൽ ഡിപ്ലോമാററിക്ക് കോറിൻെറ ഡീനായ ഫ്റഞ്ചു അംബാസിഡർ യാത്രാവന്ദനപ്രസംഗത്തിൽ ഇപ്രകാരം പറഞ്ഞു:— "ഒരു നയതന്ത്രപ്രവർത്തകനായ അങ്ങിൽ ഞങ്ങൾക്ക് എന്നാളും ഒരു പുരോഹിതനെ ദർശിക്കുവാൻ കഴിഞ്ഞിരുന്നു എന്നുള്ളതാണ്, അങ്ങയെ വളരെയധികം ആദരിക്കുന്നതിനും സ്നേഹിക്കുന്നതിനും ഞങ്ങളെ പ്രത്യേകം പ്രേരിപ്പിച്ചുകൊണ്ടിരുന്നത്." ഈ അഭിപ്രായത്തിൽനിന്നും, മോൺ. മൊന്തീനിയുടെ വൈദികനട്ടത്തവശ്യതയും വിശുദ്ധിയും പ്രകടമായിരുന്നു എന്നു മനസ്സിലാക്കാം.

## അദ്ധ്യായം മൂന്നു്

# മഹത്വത്തിൻെറ മൂലക്കല്ലിടുന്നു

1924 ഒക്ടോബർമാസത്തിൽ സ്റ്റേററു് സെക്രട്ടറിയേററിൽ ഫാ. ജോൺബാപ്‌ററിസ്‌ററു മൊന്തീനി നിയമിതനായ വിവരം മുന്നൊരദ്ധ്യായത്തിൽ പറഞ്ഞിട്ടുണ്ടല്ലോ. അന്നു് അദ്ദേഹത്തിന്നു് മിനുത്താന്തേ (Minutante–Clerk) എന്ന പേരുപോലും ഉണ്ടായിരുന്നില്ലാ. 1925– ഏപ്രിലിലാണദ്ദേഹത്തിനു ഈ സ്ഥാനം കിട്ടിയതു്. ഈ ജോലി അദ്ദേഹം ഒരു വ്യാഴവട്ടക്കാലം അതായതു് 1937 വരെ സ്തുത്യർഹമാംവിധം നിർവ്വഹിച്ചു. "എന്തെങ്കിലും നന്നായി ചെയ്തുകിട്ടണമെങ്കിൽ മോൺ. മൊന്തീനിയുടെ അടുക്കൽ പോവുക" എന്നു സെക്രട്ടറിയേററിലെ ഉയന്ന ഉദ്യോഗസ്ഥന്മാർ പറയാറുണ്ടായിരുന്നുവത്രെ. 1937 ഡിസംബറിൽ അന്നത്തെ സ്റ്റേററ്സെക്രട്ടറിയായിരുന്ന കർദ്ദിനാരം പച്ചെല്ലി (പ. പിതാവു് 12–ാം പീയൂസ്സു്) മോൺ. മൊന്തീനിയെ സാധാരണകാര്യങ്ങരംക്കായുള്ള അണ്ടർസെക്രട്ടറി ഓഫ് സ്റ്റേററായി (Sostituto della Segreteria distato) നിയമിച്ചു. പച്ചേല്ലിതിരുമേനി 12–ാം പീയൂസായിട്ടും (2–3–1939) അദ്ദേഹം ആ ജോലിയിൽതന്നെ തുടർന്നു. കഠിനമായ അദ്ധ്വാനത്തിൻെറ 8 സംവത്സരങ്ങരം അങ്ങനെ കഴിഞ്ഞുപോയി. ആയിടക്കു് പ. പിതാവു് 12–ാം പീയൂസിൻെറ സ്റ്റേററുസെക്രട്ടറിയായിരുന്ന കാർഡിനൽ മഗ്ലിയോൺ (Cardinal Maglionie) 1944 ആഗസ്റ്റ് 22–ാം തീയതി മരണമടഞ്ഞു. എങ്കിലും പുതിയൊരു സെക്രട്ടറിയെ പ. പിതാവു് നിയമിച്ചില്ലാ; പ്രസ്തുത മോൺ. മൊന്തീനി സാധാരണകാര്യങ്ങളുടെയും

മോൺ. ഡൊമെനിക്കൊ നർദ്ദീനി അസാധാരണകാര്യങ്ങളുടെയും അണ്ടർസെക്രട്ടറിമാരായിത്തന്നെ ജോലി തുടർന്നു. സെക്രട്ടറി ഓഫ് സ്റ്റേററ് എന്ന സ്ഥാനം സ്ഥാപിതമായതിനു ശേഷം ഇപ്രകാരമൊരു സംഭവമുണ്ടായിട്ടില്ലാ. അവസാനം 1952-ൽ ഇവരിരുവരേയും പ്രൊ. സെക്രട്ടറിമാരായി സ്ഥാനക്കയററംകൊടുത്തു നിയമിച്ചു.

1953-ലെ കർദ്ദിനാളന്മാരുടെ രഹസ്യ സമ്മേളനത്തിൽ ഇവരിരുവരേയും കാർദ്ദിനാാസ്ഥാനത്തേക്കുയർത്തുവാൻ പ. പിതാവ് 12-ാം പീയൂസ് തീരുമാനിച്ചു. പക്ഷെ കർദ്ദിനാളന്മാരായി പുറത്തുപോകുന്നതിനേക്കാാ സെക്രട്ടറിയേററിൽത്തന്നെജോലിചെയ്തു പ.പിതാവിനെ സേവിക്കാൻതന്നെ അവർ തീരുമാനിച്ചു. അതുകൊണ്ട് അവർ കർദ്ദിനാാസ്ഥാനം വിനയപൂർവ്വം ഉപേക്ഷിക്കുകയാണു ചെയ്തതു്. മോൺ. മൊന്തീനിയുടെ ഈ പ്രവൃത്തി അദ്ദേഹത്തിൻെറ വിനയവും സേവനസന്നദ്ധതയും ത്യാഗമനോഭാവവുമാണ് പ്രത്യക്ഷമാക്കുന്നതു്. ഇതു് പ. പിതാവിൻെറ പ്രത്യേക പ്രശംസയ്ക്കു് പാത്രീഭൂതമായി. അങ്ങനെയിരിക്കെ 1954 നവംബർ 3-ാം തീയതി മോൺ. മൊന്തീനി വത്തിക്കാനിൽനിന്നും പ. പിതാവിൻെറ വേനൽക്കാലവസതിയായ കാസ്റ്റർഗൊണ്ടോാഫോയിലെത്തി പ. പിതാവ് 12-ാം പീയൂസിനെ സന്ദശിച്ച് അടുത്തു ചെയ്യേണ്ടകാര്യങ്ങളെപ്പററി ആലോചിച്ചിട്ട് തിരിച്ചു വത്തിക്കാനിലെത്തി. അപ്പോാ മോൺ. ഫെറേറോ (ഇപ്പോാ അദ്ദേഹം കർദ്ദിനാളാണ്) മോൺ. മൊന്തീനിയെ മിലാൻ മെത്രാപ്പോലീത്താ ആയി നിയമിക്കുന്ന പ. പിതാവിൻെറ കല്പന കൈയിൽ കൊടുത്തു. ഇതു കണ്ടദ്ദേഹം അത്ഭുതപ്പെട്ടു. താൻ പ. പിതാവിനെ അപ്പോാ സന്ദശിച്ചു വരികയാണെന്നും ഉടനെ ചെയ്യേണ്ട കാര്യങ്ങളെല്ലാം അദ്ദേഹം തന്നെ ഏല്പിച്ചിട്ടുണ്ടെന്നും മോൺ. മൊന്തീനി മറുപടി പറഞ്ഞു. എങ്കിലും പ. പിതാവിൻെറ ക്ലിപ്തമായ കല്പന വായിച്ചപ്പോാ അദ്ദേഹം ഇതികത്തവ്യതാമൂഢനായിപ്പോയി. കേവലം താത്വികമായൊരു ഉദ്യോഗത്തിൽനിന്നും പെട്ടെന്നു് പ്രായോഗികജ്ഞാനം അത്യന്താപേക്ഷിതമായ ജോലിയിലേയ്ക്കു വിട്ടതിൽ പലരും അ

ത്തുതപ്പെട്ടു. അതിനുംപുറമേ അദ്ദേഹം സ്റ്റേററു സെക്രട്ടറിയേററിൽ അത്യാവശ്യവുമായിരുന്നു. ഈ നിയമനത്തിൽ തന്നെ അഭിനന്ദിച്ചതിന്ന് മോൺ. മൊന്തീനി, സ്വൎഗ്ഗപ്രാപ്തിക്കുതന്നെ യോഗ്യനാക്കാനുദ്ദേശിക്കപ്പെട്ടിട്ടുള്ളതാണ് മിലാനിലെ ഉദ്യോഗമെന്ന് സ്വസ്നേഹിതനോടു പറഞ്ഞു. ഒരു മെത്രാപ്പോലീത്താആകാനുള്ള യോഗ്യത തനിക്കില്ലെന്ന് അദ്ദേഹം പ. പിതാവിനോടു അന്നു പറയുകയുണ്ടായി. എങ്കിലും കൎത്താവിന്റെ നാമത്തിൽ ജോലി സ്വീകരിച്ചു. ഇപ്രകാരം 30 നീണ്ടവത്സരത്തെ സേവനത്തിനു ശേഷം അദ്ദേഹം സെക്രട്ടറിയേററുവിട്ടു. തന്റെ പ്രത്യേകമായ അഭിനിവേശമാണ് ആത്മാക്കളുടെ രക്ഷയിൽ നേരിട്ടുപ്രവൎത്തിക്കുക എന്നതു്.അതിനു മിലാനിലെ ഉദ്യോഗം കൂടുതൽ ഉപയുക്തമാണല്ലോഎന്ന് അദ്ദേഹം ആശ്വസിച്ചു.

1954 ഡിസംബർ12—ാംതീയതി ഞായറാഴ്ച മോൺ. ജിയോവാന്നി ബാപ്റ്റിസ്റ്റാമൊന്തീനി മിലാൻ മെത്രാപ്പോലീത്താ ആയി അഭിഷേകം ചെയ്യപ്പെട്ടു. പ. പിതാവ് 12—ാം പീയൂസ് തന്നെ ഈ കൎമ്മം നടത്തണമെന്നാണ് കരുതിയിരുന്നതു്. പക്ഷെ! സാധിച്ചില്ലാ. അന്നത്തേയ്ക്ക് അദ്ദേഹം അസുഖം ബാധിച്ച് കിടപ്പിലായിപ്പോയി. എങ്കിലും ഒരു പ്രത്യേകസന്ദേശം അയച്ചുകൊടുത്ത് ആ പ്രിയതാതൻ തൃപ്തിപ്പെട്ടു. ''കൎത്താവിന്റെ നാമത്തിൽ'' (In nomine Domini) എന്ന വി. പൗലോസിന്റെ (I Cor. X, 31–Col. III, 17) വാക്യമാണ്, തന്റെ ഭാവി ജീവ।താദൎശമായിട്ട്— മുദ്രാവാക്യമായിട്ട്— മൊന്തീനിമെത്രാപ്പോലീത്താ സ്വീകരിച്ചതു്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെരത്നച്ചുരുക്കം ഈ വാക്കുകൾ വ്യക്തമാക്കുന്നുണ്ട്. ദിവ്യനാഥനുവേണ്ടി ജീവിക്കുക; അവിടത്തേക്കുവേണ്ടി പ്രവൎത്തിക്കുക; അവിടത്തേക്കു സ്വയം ബലിയായി സമൎപ്പിക്കുക; അതദ്ദേഹം ജീവിതാന്ത്യംവരെ അന്വൎത്ഥമാക്കുകയും ചെയ്യും.

മിലാനിലേക്കു യാത്രഅയച്ചപ്പോൾ ഫ്റഞ്ചു അംബാസിഡർ പ്രസംഗിച്ച വിവരം മുകളിൽ ഉദ്ധരിച്ചുവല്ലോ. അദ്ദേഹം തുടൎന്നു:— ''അങ്ങു മുപ്പതു സംവത്സരം മഹാന്മാരായ മാൎപ്പാപ്പാമാരെഹൃദയവിശാലതയോടെ സേവിച്ചു.

അക്കാലങ്ങളാം അത്ഭുതകരങ്ങളായ ജോലികളുടെ ബാഹുല്യംകൊണ്ടു് മാനവചരിത്രത്തിൽ ഭാരമേറിയവയായിരുന്നു.'' ഏകദേശം അക്കാലത്താണു് വെർസെയിഡ് ഉടമ്പടിയും അതിനോടടുത്ത ചില നിശ്ചയങ്ങളും വാഗ്ദാനങ്ങളുമെല്ലാം നടന്നതു്. മോൺ. മൊന്തീനി, മുസ്സോലിനിയുടെ ഫാസിസത്തിനു് ഒരു കണ്ണുകോടാലിയായിരുന്നുവെന്നും നാം സ്മരിക്കണം.

മോൺ. മൊന്തീനി മെത്രാപ്പോലീത്തായായി മിലാനിലേക്കു പുറപ്പെട്ടു. അവിടെഅതിരൂപതയുടെഅതിർത്തിയിലെത്തിയപ്പോറം അദ്ദേഹം പരിവാരസമേതം കാറിൽ നിന്നിറങ്ങി, മഴനനഞ്ഞുകിടന്നിരുന്ന തറയിൽ മുട്ടുകുത്തി തൻെറ അതിരൂപതയ്ക്കും ജനങ്ങറംക്കുംവേണ്ടി പ്രാത്ഥിക്കുകയും തൻെറ മുൻഗാമികളായ വി. ചാറംസ് ബറോമിയോ, മോൺ. റാററി (Mgr. Ratti– പിന്നീടു 11–ാം പീയൂസ്) മോൺ. ഷ്റ്റസ്റ്റർ(Schuster)മുതലായവരുടെ പാദസ്പൎശത്താൽ പരിശുദ്ധമാക്കപ്പെട്ട നിലംചുംബിക്കുകയും ചെയ്തു. അതിനുശേഷമാണു് തൻെറ ജോലിസ്ഥലത്തു പ്രവേശിച്ചതു്. ഈ പ്രവത്തിതന്നെ ജനങ്ങളെ വികാരതരളിതരാക്കിക്കളഞ്ഞു. പ്രത്യേകവിധത്തിലുള്ള ഈ പ്രവേശനം വി. ജോൺവിയാനിയുടെ ജീവിതത്തിലെ ഒരു സംഭവത്തെയാണു് സ്മൃതിപഥത്തിൽകൊണ്ടുവരുന്നതു്. എക്കളിയിൽ നിന്നും ബ. വിയാനി അച്ചൻ പതിനാറുമൈൽ നടന്നു ആർസിൻെറ അതിർത്തിയിലെത്തി. അവിടെനിന്നു നോക്കിയപ്പോറം തനിക്കായി തൻെറ മേലദ്ധ്യക്ഷൻ നിശ്ചയിച്ചുകൊടുത്തിരിക്കുന്ന ഇടവകദേവാലയം അദ്ദേഹം ദൂരെ കണ്ടു. ആ വിശുദ്ധ മന്ദിരം കണ്ടമാത്രയിൽ അദ്ദേഹം മുട്ടിന്മേൽനിന്നു തൻെറ പാവപ്പെട്ട ഇടവകക്കും തൻെറ അജഗണങ്ങറംക്കും വേണ്ടി പ്രാത്ഥിച്ചു. ദാരിദ്ര്യദേവതയുടെ അഴിഞ്ഞാട്ടവും പിശാചിൻെറ വിളയാട്ടവും അദ്ദേഹം അവിടെ ദശിച്ചു. ''എത്ര ചെറുതാണീ പ്രദേശം'' ആ പ്രേഷിതവര്യൻ പ്രസ്താവിച്ചു. ദിവ്യാരൂപിയാൽ പ്രചോദിതനായി പ്രവചിച്ചു:-- ''ഈ നാടിനു വഹിക്കാവുന്നതിലധികം ആളുകറം ഇവിടെ ആഗമിക്കും.'' ആ പ്രവ

ചനം അക്ഷരംപ്രതി നിറവേറി. അതുപോലെ മിലാനും മൊന്തീനിമെത്രാപ്പോലീത്തായുടെ അശ്രാന്തപരിശ്രമത്താൽ പുരോഗമിച്ചു; പരിശുദ്ധിയിൽ അഭിവൃദ്ധിപ്പെട്ടു; നമുക്കു വഴിയെ കാണാം.

---

## അദ്ധ്യായം നാല്

# തൊഴിലാളികളുടെ പിതാവു്.

വ്യാവസായികവികാസം ലോകത്തിൽ ഗുണംചെയ്തിട്ടുണ്ടെങ്കിലും അതു പലേടത്തും കമ്മ്യൂണിസത്തെ വിളിച്ചുവരുത്തിയിട്ടുമുണ്ടെന്നതാണു് പരമാർത്ഥം. മിലാനിൽ കമ്മ്യൂണിസം വന്നതു് വ്യാവസായിക പുരോഗതികൊണ്ടായിരുന്നു എന്നു് ഒരുവിധത്തിൽ പറയാം. ഇററലിയിലെ ഏററവും വലിയ അതിരൂപതയായ മിലാനിലേക്കു് മോൺ. മൊന്തീനി നിയമിതനായപ്പോൾ പലരും അത്ഭുതപ്പെട്ടു. കാരണം അദ്ദേഹം സ്റ്റേററ് സെക്രട്ടറിയേററിൽ അവശ്യാവശ്യമായ ഒരു വ്യക്തിയായിരുന്നു. അതിനും പുറമെ തികച്ചും താത്വികം മാത്രമായൊരുഉദ്യോഗത്തിൽനിന്നും പ്രായോഗിക പരിജ്ഞാനം പൂർണ്ണമായും ആവശ്യമായൊരു ജോലിയിലേക്കു പെട്ടെന്നു പ്രവേശിക്കുമ്പോൾ എങ്ങനെ അതു കൈകാര്യംചെയ്യുമെന്നൊരു ഉൽക്കണ്ഠയും കാണികൾക്കുണ്ടായി.

ഇപ്രകാരം 1955 ജനുവരി 6—ാം തീയതി മിലാൻ അതിരൂപതയുടെ ഭരണം മോൺ. ജീയോവാന്നി ബാപ്ററിസ്റ്റാ മൊന്തീനി കയ്യേററു. ആദ്യമായി അദ്ദേഹം തൻെറ കീഴുള്ള വൈദികരേയും അജഗണങ്ങളേയും പരിചയപ്പെടുവാൻതീരുമാനിച്ചു. ആയിരത്തിൽപ്പരം ഇടവകകളുള്ളൊരു അതിരൂപതയാണു് മിലാൻ. എങ്കിലും ഒരു വർഷത്തിൽ നൂറുവീതമെന്നകണക്കിൽഏഴെട്ടുവർഷംകൊണ്ടു് അദ്ദേഹം എഴുനൂറു ഇടവകകളിൽഔദ്യോഗികസന്ദർശനങ്ങൾനടത്തി വൈദികരുമായി പരിചയപ്പെട്ടു. ആളുകൾക്കായി അദ്ദേഹം പല സ്ഥലങ്ങളിൽ പൊതുജനധ്യാനങ്ങൾ ഏർപ്പാടു

ചെയ്തു. 128 മെത്രാന്മാരെയും ആയിരത്തിലധികം വൈദികരേയും അദ്ദേഹം അതിനായി നിയോഗിച്ചു. ഈ പൊതുവായ കൂട്ടധ്യാനം 1957 നവംബർ 5—ാം തീയതി മുതൽ 24—ാം തീയതിവരെയാണ് നടത്തപ്പെട്ടതു്.

ഈ മഹാധ്യാനത്തിൽ രണ്ടു കർദ്ദിനാളന്മാരും 124 മെത്രാപ്പോലീത്താമാരും മെത്രാന്മാരും, 600 ഇടവകവൈദികരും 597 സന്യാസിവൈദികരും, 65 സെമിനാരിക്കാരും പ്രസംഗിച്ചു. 119 പള്ളികളിലായി 900000 ആളുകൾ പ്രസംഗങ്ങൾ ശ്രവിച്ചു. കലാകാരന്മാർ, കൺട്രാക്ടറന്മാർ, ഭടന്മാർ പ്രസിദ്ധീകരണകർത്താക്കൾ, അധ്യാപകർ, വക്കീലന്മാർ, വൈദ്യന്മാർ, വിദ്യാർത്ഥികൾ മുതലായവക്കെല്ലാം താന്താങ്ങളുടെ പ്രത്യേകാവശ്യങ്ങൾക്കും പ്രത്യേകാഭിരുചികളുമെല്ലാം യോജിച്ചവിധത്തിൽ വെവ്വേറെ സംഘടിപ്പിക്കപ്പെട്ടവയായിരുന്നു, ഈ പ്രസംഗപരമ്പര. ക്രൈസ്തവലോകത്തിലാദ്യമാണു്, ഇത്തരം രൂപതാവ്യാപകമായ ധ്യാനപരിപാടി. ധ്യാനനിമഗ്നരായി മിലാൻ ഭദ്രാസനദേവാലയത്തിൽ ആയിരക്കണക്കിനു് തടിച്ചുകൂടിയിരുന്ന വിശ്വാസികളെ സംബോധനചെയ്തുകൊണ്ടു് പ.പിതാവു് 12—ാം പീയൂസ് ചെയ്ത ഒരു റേഡിയോ പ്രഭാഷണത്തോടു കൂടിയാണു് ഈ അസാധാരണ ധ്യാനം അവസാനിച്ചതു്.

എപ്പിഫനി (ജനുവരി 6—ാം തീയതി) ദിവസം വിദ്യാർത്ഥികളെ പരിചയപ്പെടുവാനായി അവരെ അരമനയിൽ ഡിന്നറിനും മററും ക്ഷണിച്ചു് മൊന്തീനിമെത്രാപ്പോലീത്താ പരിചരിക്കുമായിരുന്നു. തൊഴിലാളികളെയും മുതലാളികളെയും പരസ്പരം പറഞ്ഞടുപ്പിക്കുവാൻ അദ്ദേഹം അവരെ പ്രത്യേകം പ്രത്യേകം സന്ദർശിച്ചു് അവരുടെ വിശ്വാസം ആർജ്ജിക്കുകയും ചെയ്തിട്ടുണ്ടു്. അതുപോലെ ഇടവകകൾ ക്രമീകരിക്കുവാനും പുതിയ പള്ളികളും കപ്പേളകളും പണിയിക്കുവാനും ഇടവകകൾ സ്ഥാപിക്കുവാനും അദ്ദേഹം അശ്രാന്തപ്രയത്നം ചെയ്തു. ഇന്നിപ്പോൾ മിലാൻ അതിരൂപതയിൽ 2500 പള്ളികളാണുള്ളതു്. ഗവണ്മെണ്ടിൻെറ സഹായത്തോടുകൂടിയാണു് അവയിൽ പലതും പണിയിച്ചതും അവയെല്ലാം വിജയത്തിൽ

കലാശിക്കുന്നതും. ആകെ അദ്ദേഹം അവിടെ 100 വലിയ പുതിയഇടവകകഠം സ്ഥാപിച്ചു. 72 പള്ളികഠം പണിയിച്ചു; 35 കപ്പേളകഠം ആരംഭിച്ചു. കഥാനായകൻ തിരഞ്ഞെടുപ്പിനു റോമിലേക്കു പുറപ്പെട്ടപ്പോഠം 19 പള്ളികഠം പണുത്തുകൊണ്ടിരിക്കുകയായിരുന്നു.

തൻെറ അരമനക്കച്ചേരിയും അല്പം പരിഷ്ക്കരിച്ചു. വേദപ്രചാരത്തിന് ആധുനികങ്ങളായ പോംവഴികളും പദ്ധതികളും ആവിഷ്ക്കരിക്കാൻ ഒരു ഓഫീസുതന്നെ സ്ഥാപിച്ചു പ്രവത്തനമാരംഭിച്ചു. അവിടെനിന്നും പുതിയ മതഗ്രന്ഥങ്ങളും മററു പ്രസിദ്ധീകരണങ്ങളും പുറപ്പെട്ടു. സാമുദായികവും ഭരണപരവുമായ കാര്യങ്ങളും പ്രശ്നങ്ങളും പരിഹരിക്കുന്നതിന് മററൊരു ഓഫീസും അന്ന് വർദ്ധിച്ചുവന്ന കുടിയേററത്തിൻെറ പ്രശ്നങ്ങഠം കൈകാര്യം ചെയ്യുവാൻ വേറൊന്നും സ്ഥാപിച്ചു പ്രവത്തനംതുടങ്ങി. ജയിൽവിമുക്തക്കും മററവശക്കമായൊരു സംഘടന ആരംബ്ധമായി. ത്രൈമാസികയായി 'Diocesi Di Milano' എന്നൊരു പ്രസിദ്ധീകരണവും, സെൻറ് ചാഠംസിൻെറ അക്കാഡമി (Academy of St. Charles) എന്ന സാംസ്ക്കാരികസംഘടനയും അദ്ദേഹം തുടങ്ങി.

വേദപ്രചാരത്തെ സഹായിക്കുവാനുള്ള അദ്ദേഹത്തിൻെറ അതിയായ ആഗ്രഹംമൂലമാണ്, ദക്ഷിണ റൊഡേഷ്യയിലേക്ക് കൃത്രിമമായ ഒരു തടാകം നിമ്മിക്കുവാൻ പോയ ഇററലിക്കാർമൂലം ഒരു മിഷൻകേന്ദ്രം സ്ഥാപിച്ചതു്. കാരിബാ മിഷൻ (Mission of Kariba)എന്നറിയപ്പെടുന്ന പ്രസ്തുത വേദപ്രചാരസ്ഥാപനം ഇററലിക്കാരായ ജോലിക്കാർ തിരിച്ചുപോന്നശേഷം ഇന്നും സ്തുത്യർഹമായ സേവനം അനുഷ്ഠിച്ചുവരുന്നു. മിലാൻ കത്തോലിക്കരുടെ കൈയഴിഞ്ഞുള്ള ധനസഹായംകൊണ്ടു് പണികഴിപ്പിച്ച ഒരു പള്ളി വെഞ്ചരിക്കുവാനായി മോൺ. മൊന്തീനിതന്നെ 1962-ൽ ആഫ്റിക്കയിൽ പോവുകയുണ്ടായി. അതുപോലെതന്നെ അദ്ദേഹം യു. എസ്. എ. യും തെക്കേ അമേരിക്കയും സന്ദർശിച്ചിട്ടുണ്ടു്. ഈ യാത്രകളിലദ്ദേഹം കാണിച്ച ത്യാഗബുദ്ധിയും സൗമനസ്യവും വേദപ്രചാര

ത്തിലദ്ദേഹം പ്രദശിപ്പിച്ച ശുഷ്ക്കാന്തിയെ വിളിച്ചറിയിക്കുന്നുണ്ട്.

മിലാനിൽ അദ്ദേഹത്തിനു നേരിടേണ്ടിയിരുന്ന പ്രതിലോമശക്തികളിൽ ഏററവും മികച്ചതു് കമ്യൂണിസമായിരുന്നു. സുപ്രസിദ്ധനായ മോൺ. മൊന്തീനിയാണ് മിലാനിലേയ്ക്കു മെത്രാപ്പോലീത്തായായി വരുന്നതെന്നറിഞ്ഞ ഉടനെ കമ്യൂണിസ്ററു സെനററായ പിയെട്രോ സെക്കിയാ (Pietro Sechia) മിലാനിലേയ്ക്കു് അയയ്ക്കപ്പെട്ടു. അതുകൊണ്ടൊന്നും അദ്ദേഹം ഭയപ്പെട്ടില്ല. തൻെറ ഭരണത്തിനുള്ളിൽ 200000 കമ്യൂണിസ്റ്റനുഭാവികളുണ്ടായിരുന്നെങ്കിലും നിരാശനാകാതെ "കത്താവിൻെറനാമത്തിലദ്ദേഹം പ്രവത്തനമാരംഭിച്ചു. കമ്യൂണിസ്റ്റനുഭാവികൾ ജോലിചെയ്യുന്ന തൊഴിലാളി കേന്ദ്രങ്ങൾ മൊന്തീനി ക്രമശ: സന്ദശിക്കുവാൻ തുടങ്ങി. ഈ പദ്ധതി ആരംഭിച്ചതുതന്നെ മറെറാരു സ്റ്റലിൻഗ്രാൻഡ് എന്നറിയപ്പെട്ടിരുന്ന സെസ്റ്റാ സാൻ ജിയോവാന്നി (Sesta San Giovanni) എന്ന സ്ഥലത്താണ്. തൊഴിലാളികളുടെ ആദ്ധ്യാത്മികവും ഭൗതികവുമായ ഉന്നമനമാണ് തൻെറ സന്ദശനോദ്ദേശമെന്നു് അദ്ദേഹം അവരെ ധരിപ്പിച്ചു. ആദ്യം അവർ സംശയിച്ചെങ്കിലും മററു പലരും ചെയ്യുന്നതുപോലെ തൊഴിലാളികളെ അദ്ദേഹം വെറുക്കുന്നില്ലെന്നും അദ്ദേഹം അവരെ അതിമാത്രം സ്നേഹിക്കുന്നുവെന്നും കണ്ടപ്പോൾ തൊഴിലാളികൾ അദ്ദേഹത്തെ സ്നേഹിക്കുവാൻ തുടങ്ങി. അപ്രകാരം ക്ഷമയും നിശ്ശബ്ദമായ പ്രതീക്ഷയും പ്രാത്ഥനയുംകൊണ്ടു് അദ്ദേഹം ആർച്ചുബിഷപ്പു് ഡെൽ അകാ (Dell Acqua) വിളിച്ചതുപോലെ "തൊഴിലാളികളുടെ പിതാവെന്ന" പേരിനർഹനായി.

80 വലിയ കെട്ടുപുസ്തകങ്ങൾ കൊണ്ടാണ് മോൺ. മൊന്തീനി മിലാനിലെത്തിയതു്. പുതിയ മെത്രാപ്പോലീത്താ "പുസ്തകപ്പുഴു"വാണെന്നായിരുന്നു അതോടെ പരന്ന വാത്ത. അദ്ദേഹം ധാരാളം ഗ്രന്ഥങ്ങൾവായിച്ചു് പുതിയപുതിയ ആശയങ്ങളുമായി ഇടപഴകി. സാധാരണ വൈദികരെപ്പററി ഈ വിഷയത്തിൽ ചില ആരോപണങ്ങൾ കേൾക്കാറുണ്ടു്. അതിനല്പം അടിസ്ഥാനവുമുണ്ടു്.

സെമിനാരി വിട്ടാൽപിന്നെ അവരുടെ പഠനക്കാര്യം ഉപേക്ഷിക്കുക എന്നതാണ്. രണ്ടാമത്തേതു് അവരുടെ പുരോഗമനരഹിതമായ അവസ്ഥയേപ്പററിയാണ്. നമ്മുടെ നാട്ടിലാണെങ്കിൽ അടിസ്ഥാന വിദ്യാഭ്യാസത്തിനുശേഷം ഏകദേശം 9 വർഷത്തെ പരിശീലനവും പഠനവും വൈദികനാകാൻ ആവശ്യമുണ്ട്. അക്കാലത്തു് ആദ്ധ്യാത്മികമായി വൈദികവിദ്യാത്ഥി വളരെയധികം അഭിവൃദ്ധിപ്പെടുമെന്നതു് ശരിതന്നെ. എന്നാൽ ഭൗതികവും സാമുദായികവും ശാസ്ത്രീയവും രാഷ്ട്രീയവുമായി അനുനിമിഷം അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്ന ഈ ലോകത്തിലൂടെ ആത്മാക്കളെ നയിക്കേണ്ടവനായ വൈദികന് പ്രസ്തുത തലങ്ങളിലുള്ള പുരോഗമനവും കൂടി ആവശ്യമാണ്. പക്ഷെ! അക്കാര്യത്തിൽ അദ്ദേഹം സെമിനാരിയിലായിരുന്ന ഈ 9 വർഷം പിന്നിലായിരിക്കും. അതിനാൽ ഈ തലത്തിൽ പ്രസ്തുത വിഷയങ്ങളിലുള്ള പരിശീലനത്തിൻെറ അഭാവം അദ്ദേഹം നവവൈദികനായി പുറത്തിറങ്ങുമ്പോഠം അനുഭവപ്പെടുകയായി. അടിസ്ഥാനപരങ്ങളല്ലാത്ത തത്വങ്ങളിൽ ഇടവകവൈദികൻ സാഹചര്യങ്ങളോടു് ഒത്തുപോയെങ്കിൽ മാത്രമേ– അല്പാ അല്പംകൂടി അദ്ദേഹം ആധുനികനായെങ്കിലേ– തൻെറ ഇടവകഭരണത്തിൽ അദ്ദേഹം പുരോഗമിക്കുകയുള്ളു. 9 വർഷത്തെ ഈ വിടവെങ്ങനെ നികത്തും?. അതിനു പുതിയ പുതിയ ആശയങ്ങളും ആദശ്ങ്ങളും പ്രവത്തനപദ്ധതികളും ഉഠംക്കൊള്ളുന്ന സൽഗ്രന്ഥങ്ങളും ആനുകാലികപ്രസിദ്ധീകരണങ്ങളും സസൂക്ഷ്മംവായിച്ചുപഠിച്ചുകൊണ്ടിരിക്കണം. ഇക്കാര്യം പല വൈദികരും ഇന്നു് പാടേ വിസ്മരിച്ചുകളയുന്നു എന്ന സത്യം തുറന്നു സമ്മതിക്കാതിരിക്കുവാൻ പാടില്ല. അതിനു പ്രതിവിധിയായിട്ടാണ് മോൺ. മൊന്തീനി പുസ്തകപാരായണത്തിൽ അതിയായ ഔത്സുക്യം പ്രദശിപ്പിച്ചതു്. അതിനാൽ അദ്ദേഹം കാലത്തിനൊത്തു് ആധുനികനായിത്തീർന്നു. ഈ ആധുനികത്വവും മോൺ. മെന്തീനിയുടെ വിജയത്തിന് വഴിതെളിച്ചെന്നു പറയേണ്ടതില്ലല്ലൊ.

ചെറുപ്പത്തിലേതന്നെ ജിയോവാന്നി പുസ്തകപാരായ

ങ്ങത്തിൽ പ്രതിപത്തി കാണിച്ചിരുന്നു എന്നു് അദ്ദേഹ ത്തെ നന്നായറിയാവുന്ന ഫാ. ബേവിലകപാ പറയുന്നു. അ ക്കാലത്തു ഈ നല്ല പതിവു് തുടർന്നതിനാലാണല്ലോ അ ദ്ദേഹം പഠനത്തിൽ അതിസമൎത്ഥനായിത്തീൎന്നതു്. പിൽ ക്കാലത്തു് അദ്ദേഹം, അനേകം പണ്ഡിതോചിതമായ പ്രൗ ഢലേഖനങ്ങരം രചിച്ചിട്ടുണ്ടു്. അവയിലെല്ലാം അനേകം ഉദ്ധരണികരം ചേർക്കാൻ സാധിച്ചതു് വായനയുടെ വൈ പുല്യംകൊണ്ടാണല്ലോ. ഇതിനെപ്പററി 1963 ജൂലൈ 6—ാം തീയതിയിലെ 'അമേരിക്ക' എന്ന മാസികയിൽ ഇപ്ര കാരം പറയുന്നു:— "In his pastorals, as well as talks to workers, students, industrialists and intellect-uals, he manifested keen awareness of the days burning issues'' ഇത്രമാത്രം വായിക്കുവാൻ സമയം എ ങ്ങനെ കിട്ടുമെന്നൊരു ചോദ്യം സാധാരണ അലസന്മാർ ചോദിക്കാറുണ്ടു്. ക്രമീകൃതമായൊരു പരിപാടിയുണ്ടാക്കി അതനുസരിച്ചു് കൃത്യങ്ങരം നിൎവ്വഹിച്ചാൽ സമയം ധാരാ ളം നമുക്കു ലഭിക്കുമെന്നതാണു് ഏററവും വലിയ ജോലി ത്തിരക്കുള്ളവരുടെ അനുഭവം.

ജാക്വസ്മാരിറെറയിൻ (Jacques Maritain) എ ന്ന തത്വചിന്തകൻെറ 2 പുസ്തകങ്ങരം ഇററാലിയൻ ഭാഷ യിലേക്കു് മൊന്തീനിമെത്രാപ്പോലീത്താ തർജ്ജമചെയ്തിട്ടു ണ്ടെന്നറിയുമ്പോരം അദ്ദേഹത്തിൻെറ കഠിനാദ്ധ്വാനം എ ത്രമാത്രമാണെന്നു് നമുക്കൂഹിക്കാം. ലത്തീനും ഇററാലിയ നും കൂടാതെ ഫ്റഞ്ചു്, ജർമ്മൻ, ഇംഗ്ലീഷ് മുതലായ പല ഭാഷകളും അദ്ദേഹത്തിനു് സംസാരിക്കുവാൻപോലും സാധിക്കുമെന്നതും ഒരു പ്രത്യേക സാമൎത്ഥ്യമാണല്ലൊ.

നമ്മുടെ കഥാനായകൻെറ സാധുസംരക്ഷണതല്പരത യും ഔദാര്യമനസ്ഥിതിയും സുവിദിതമാണു്. ഈ പ്ര സ്താവനയെ സ്ഥിരീകരിക്കുവാൻ ചുരുക്കം ചില സംഭവ ങ്ങരം ഇവിടെ ഉദ്ധരിക്കുവാൻമാത്രമേ സ്ഥലപരിമിതി അ നുവദിക്കുന്നുള്ളു. ഒരിക്കൽ ഒരു പാവപ്പെട്ട മനുഷ്യൻ അ ദ്ദേഹത്തോടു് സഹായാഭ്യൎത്ഥന ചെയ്തു. തൽക്കാലം മൊ ന്തീനി മെത്രാപ്പോലീത്തായുടെ കൈവശം പണമില്ലായി രുന്നു. അതിനാൽ അദ്ദേഹം തൻെറ ഔദ്യോഗികമോതിരം

(Episcopal ring) അയാറംക്കു കൊടുത്തുകളഞ്ഞു. കൂട്ടത്തിലുണ്ടായിരുന്ന വൈദികൻ, മോതിരം ദാനം ചെയ്തതിനേപ്പററി ചോദിച്ചപ്പോഠം അദ്ദേഹം പറഞ്ഞു:—"ഞാൻആത്മാക്കളുടെ സംരക്ഷകനാണു്; ധ്യാനം വിതയ്ക്കുന്നവനല്ലാ" മറെറാരിക്കൽ മൊന്തീനി മെത്രാപ്പോലീത്താ ഒരു പള്ളി സന്ദർശിച്ചപ്പോഠം അവിടെ ഒരു പണപ്പിരിവു നടന്നുകൊണ്ടിരിക്കുകയായിരുന്നു. കൈയിൽ അപ്പോഠം പണമില്ലായിരുന്നതിനാൽ മൊന്തീനി തിരുമനസ്സുകൊണ്ടു് തൻെറ ഔദ്യോഗികമോതിരം ആദ്യം പറഞ്ഞതുപോലെ പിരിവുകാർക്കു കൊടുത്തു. ഇക്കാര്യത്തെപ്പററി കൂട്ടത്തിലുണ്ടായിരുന്ന വൈദികൻ സൂചിപ്പിച്ചപ്പോഠം പറഞ്ഞു:— "ഭൗതിക വസ്തുക്കളോടുള്ള പ്രതിപത്തി നാം നിയന്ത്രിച്ചു പരിശീലിക്കണം" പിന്നൊരിക്കൽ തിരുമേനി ഒരു ആസ്പത്രി സന്ദർശിച്ചു. അവിടെ അദ്ദേഹം, ഒരു കാൽ നഷ്ടപ്പെട്ട രോഗിയെ കണ്ടു. അദ്ദേഹം ഉടനെ അയാളോടു പറഞ്ഞു:— ആസ്പത്രി വിട്ടാലുടനെ, നീ നിൻെറ മെത്രാനെ വന്നു കാണുവാൻ വിസ്മരിക്കരുതു് കേട്ടോ?" അതനുസരിച്ചു് അയാറം വീട്ടിലേയ്ക്കു തിരിച്ചു പോകുന്ന വഴി അതിമെത്രാസനമന്ദിരത്തിലെത്തി. അദ്ദേഹം അയാറംക്കു പററിയ ഒരു ഉദ്യോഗം വാങ്ങിച്ചുകൊടുത്തു. പിന്നൊരിക്കൽ ഒരു പാവപ്പെട്ട വൃദ്ധയുടെ പെട്ടി ബസ്സ്സ്റ്റാൻറിൽ നിന്നു കൊണ്ടുപോകുവാൻ സഹായിച്ചതും പലരുടേയും പ്രശംസയ്ക്കു് പാത്രീഭൂതമായി.

ഇപ്രകാരം ആർച്ചുബിഷപ്പു് മൊന്തീനി കുറഞ്ഞൊരു കാലംകൊണ്ടു് പാവങ്ങളുടേയും തൊഴിലാളികളുടേയും ഹൃദയം കവർന്ന സ്നേഹപിതാവായിത്തീർന്നു. ഇക്കാരണങ്ങളായിരിക്കണം അസാമാന്യപണ്ഡിതനും അതുല്യപ്രഭാവനുമായ പ. പിതാവു് പന്ത്രണ്ടാം പീയൂസിൻേറയും, ചുരുങ്ങിയ കാലംകൊണ്ടു് സമസ്ത ലോകത്തിനും പ്രിയങ്കരനായിത്തീർന്ന പ. പിതാവു് 23—ാം യോഹന്നാൻ മാപ്പാപ്പായുടേയും അനുയോജ്യനായ പിൻഗാമിയായി അദ്ദേഹം തിരഞ്ഞെടുക്കപ്പെട്ടതു്.

## അദ്ധ്യായം അഞ്ച്

# തിരുസ്സഭയുടെ പ്രഭുസ്ഥാനികൻ

പ. പിതാവ് 12–ാം പീയൂസിൻെറ സ്റ്റേററു സെക്രട്ടറിയായിരുന്ന കാർഡിനൽ മഗ്ളിയോൺ (Cardinal Maglione) മരണം പ്രാപിച്ചപ്പോഠം 1944–ൽ മോൺ. മൊന്തീനിയെ• സാധാരണ കാര്യങ്ങളുടേയും മോൺ. നർട്ടീനിയെ അസാധാരണകാര്യങ്ങളുടേയും പ്രൊ. സെക്രട്ടറിമാരായി നിയമിച്ച വിവരം മൂന്നൊരദ്ധ്യായത്തിൽ പ്രസ്താവിച്ചിട്ടുണ്ടല്ലോ. അടുത്തൊരവസരത്തിൽ അവരിരുവരേയും കർട്ടിനാളന്മാരാക്കി ഉയർത്തുമെന്ന് ലോകം ന്യായമായി ഊഹിച്ചിരുന്നു. അതനുസരിച്ച് 1953–ൽ കൺസിസ്റ്ററി കൂടിയപ്പോഠം അവരെ കർട്ടിനാഠം സ്ഥാനത്തേയ്ക്കുയർത്തുവാൻ പ. പിതാവ് 12–ാം പീയൂസ് തിരുമേനി തീരുമാനിച്ചെങ്കിലും അവർ സവിനയം ആ സ്ഥാനം നിരസിക്കുകയാണു ചെയ്തതു്. ഈ പിൻമാററം അവരിരുവരുടേയും അസാമാന്യവിനയത്തിൻെറ ലക്ഷ്യമാണെന്ന് പ. പിതാവ് പിന്നീട് അവരെ അഭിനന്ദിച്ച പ്രസംഗിക്കുകയുണ്ടായി. അവരിങ്ങനെ ചെയ്തതു് കർട്ടിനാഠംസ്ഥാനം മററു ചില രാജ്യക്കാർക്കു കൊടുക്കുവാനായിരുന്നുവത്രെ.

എന്നാൽ മോൺ. മൊന്തീനി 1954 നവംബർ 3–ാം തീയതി മിലാനിലെ മെത്രാപ്പോലീത്താ ആയപ്പോഠം കർട്ടിനാളാവുകയെന്ന പ്രശ്നം പിന്നെയും ഉദിച്ചുയർന്നു വന്നു. കാരണം മിലാൻ അതിരൂപതയുടെ പ്രാധാന്യത്തെ പരിഗണിച്ച് അവിടത്തെ മെത്രാപ്പോലീത്താമാർ സാധാരണമായി കർട്ടിനാളന്മാരായിരിക്കും. എന്നാൽ

മോൺ. മൊന്തീനി ഒരു മെത്രാപ്പോലീത്താ മാത്രമെ ആയിട്ടുള്ളു. എങ്കിലും ആയിടയ്ക്കു് പ. പിതാവു് 12-ാം പീയൂസിന്റെ ആരോഗ്യം അനാശാസ്യമായി വന്നിരുന്നതിനാൽ ഒരു കൺസിസ്റ്ററി കൂടണമെന്നുള്ള ഉദ്ദേശം പ. പിതാവിനില്ലായിരുന്നു. അതേ സമയം കർദ്ദിനാളന്മാരുടെ എണ്ണം സാധാരണ പതിവുള്ള 70-ൽ (Can. 231) നിന്നും കുറഞ്ഞു് കേവലം അൻപതു വരെ എത്തിയിരുന്നതാനും.

അങ്ങിനെയിരിക്കെയാണു് 1958 ഒക്ടോബർ 9-ാം തീയതി 'സുസ്മരണാർഹനായ പ. പിതാവു് 12-ാം പീയൂസ് ദിവംഗതനാകുന്നതും, അതേ തുടർന്നു് 28-ാം തീയതി കാർഡിനൽ റൊങ്കാളി 23-ാം യോഹന്നാൻ മാർപ്പാപ്പായായി തിരഞ്ഞെടുക്കപ്പെട്ടതും. അതോടെ സംഭവങ്ങൾക്കു് ദൂരവ്യാപകമായ വ്യതിയാനങ്ങൾ ഉണ്ടാകുവാൻ തുടങ്ങി.

അപ്രകാരം 1958 ഡിസംബർ 5-ാം തീയതി നമ്മുടെ കഥാനായകൻ—മിലാനിലെ മൊന്തീനി മെത്രാപ്പോലീത്താ—23-ാം യോഹന്നാൻ മാർപ്പാപ്പായാൽ കർദ്ദിനാളായി പ്രഖ്യാപിക്കപ്പെട്ടു. 15-ാം തീയതി സ്ഥാനവസ്ത്രങ്ങൾ അദ്ദേഹം സ്വീകരിക്കുകയും ചെയ്തു.

കർദ്ദിനാളന്മാർ സഭയുടെ പ്രഭുക്കന്മാരാണു്; രാജാവു് പ. മാർപ്പാപ്പായും. വിജാഗിരി (Hinges) എന്നർത്ഥമുള്ള കാർദോ (Cardo) എന്ന ലത്തീൻ വാക്കിൽ നിന്നാണു് കർദ്ദിനാളെന്ന പദം വന്നിട്ടുള്ളതു്. മററുള്ളവരെ സഭയോടു് ബലമായി വിജാഗിരികൊണ്ടെന്നപോലെ യോജിപ്പിച്ചിരിക്കുന്ന ബന്ധമാണവരെന്നു് വാച്യാർത്ഥത്തിൽ പറയാം. പാവനസ്മരണാർഹനായ സിക്സ്റ്റസ് അഞ്ചാമൻ മാർപ്പാപ്പാ (1585-1590) 1586-ൽ പ്രസിദ്ധപ്പെടുത്തിയ ''Postquam vetus'' എന്ന തിരുവെഴുത്തിൻ പ്രകാരം കർദ്ദിനാളന്മാരുടെ എണ്ണം എഴുപതായിരിക്കണമെന്നു് ക്ലിപ്തപ്പെടുത്തിയിരിക്കുന്നു. അവരിൽ മൂന്നു സ്ഥാനികർ ഉണ്ടായിരിക്കും. ആറു കർദ്ദിനാൾ മെത്രാന്മാരും, 50 കർദ്ദിനാൾ വൈദികരും, 14 കർദ്ദിനാൾ ഡീക്കന്മാരും (6-ാം പട്ടക്കാരും) ഉണ്ടായിരിക്കും. (Can. 231-1) എ

ന്നാൽ ഇപ്പോഠം ആകെ 82 കർദ്ദിനാളന്മാരുണ്ട്. ഈ വർദ്ധനവ് സഭയുടെ വികാസത്തെയാണ് കാണിക്കുന്നതു്.

പഴയകാലത്തു് റോമായുടെ തൊട്ടടുത്തുള്ള ഏഴു മെത്രാസനങ്ങളെ ഭരിക്കുന്ന മെത്രാന്മാരെയാണ് കർദ്ദിനാഠംമെത്രാന്മാരെന്നു വിളിച്ചിരുന്നതു്. ടൈബർ നദിയുടെ പതനസ്ഥാനത്തുള്ള പോർട്ടസ് (Portus) ടൈബറിൻെറ എതിർവശത്തുള്ള ഓസ്റ്റിയ (Ostia) ഫെനസ്റ്റെ (Phaeneste) സബീനാ (Sabina) ടസ്കുളം (Tusculum) ആൽബനൊ (Albano) സെൻറു് റൂഫീന (St. Ruffina) എന്നിവയായിരുന്നു അന്നത്തെ ഏഴു മെത്രാസനങ്ങഠം.ഇപ്പോഠം സെൻറു്റൂഫീനയും പോർട്ടസുമായി യോജിപ്പിച്ചതിനാൽ ആറെണ്ണമേയുള്ളു. അതുകൊണ്ടാണിപ്പോഠം ആറു കർദ്ദിനാഠം മെത്രാന്മാർ മാത്രമുള്ളതു്. കർദ്ദിനാളന്മാരുടെ നിയമനവും അവർ തമ്മിലുള്ള വ്യത്യാസനിർണ്ണയവും ചെയ്യുന്നതു് പ. പിതാവാണ്. (Can. 231—ii) ഒരു കർദ്ദിനാളിനെ വാഴിക്കുവാൻ പ. പിതാവു് നിശ്ചയിച്ചാലും കൺസിസ്റ്ററിയിൽ പരസ്യപ്പെടുത്തുന്നതു വരെ നിയുക്ത കർദ്ദിനാളിൻെറ പേരു പുറത്തു വിടുക പതിവില്ല. കർദ്ദിനാളിനെ വാഴിക്കുന്നതിനു് പ്രത്യേക നിയമങ്ങളും പാരമ്പര്യക്രമങ്ങളും നിലവിലിരിക്കുന്നു. നിയുക്ത കർദ്ദിനാഠം ആദ്യത്തെ ദിവസം പ. പിതാവിൻെറ തൃക്കൈകളിൽ നിന്നു് ചുവന്ന മുക്കോൺ തൊപ്പി സ്വീകരിക്കുന്നു. പിന്നൊരു പരസ്യമായ കൺസിസ്റ്ററിയിൽ പുതിയ കർദ്ദിനാളിനെ പ. പിതാവു് ചുവന്ന തൊപ്പി ധരിപ്പിക്കുകയായി. പിന്നൊരു കൺസിസ്റ്ററിയിൽ അദ്ദേഹത്തിൻെറ വക്ത്രം അടയ്ക്കപ്പെടുകയും വീണ്ടും കൂടുന്ന കൺസിസ്റ്ററിയിൽ അതു തുറക്കുകയും ഒരു മോതിരം കൊടുക്കുകയും ചെയ്യും. പ. പിതാവു് ജീവിച്ചിരിക്കുമ്പോഠം കർദ്ദിനാളന്മാർ സഭാഭരണത്തിലും മററു സംഭവവികാസങ്ങളിലും പ. പിതാവിനെ സഹായിക്കണം. പ. പിതാവു് മരിച്ചു കഴിഞ്ഞാൽ പുതിയ പാപ്പായെ തിരഞ്ഞെടുക്കേണ്ടതും കർദ്ദിനാൾ സംഘമാണ്.

കർദ്ദിനാളന്മാക്കു് പല അവകാശാധികാരങ്ങളും പ്ര

ത്യേകമായിട്ടുണ്ട്. ലോകമാസകലം കുമ്പസാരിപ്പിക്കുന്നതിനും പാപമോചനം നൽകുന്നതിനും കർദ്ദിനാളന്മാക്ക് അധികാരമുണ്ട്. ലോകത്തിലെങ്ങുമുള്ള ദേവാലയങ്ങളിൽ പ്രസംഗിക്കുന്നതിനും, ഒററക്കുരിശടയാളം കൊണ്ടെല്ലാ ബന്ധവിമോചനങ്ങളും കിട്ടത്തക്കവണ്ണം ഭക്തസാധനങ്ങാം ആശീർവ്വദിക്കുന്നതിനും, ഒററ ആശീർവ്വാദത്താൽ കുരിശിൻെറവഴി ബന്ധവിമോചനങ്ങളോടുകൂടി സ്ഥാപിക്കുന്നതിനും മററുമുള്ള അധികാരങ്ങാം ചിലതു മാത്രമാണ്. (Can. 239–etc.)

ഇത്രയ്ക്കും വിപുലമായ സ്ഥാനങ്ങളും അധികാരങ്ങളും ഉാംക്കൊള്ളുന്ന കർദ്ദിനാാം സ്ഥാനത്തേയ്ക്കുയർത്തപ്പെട്ടപ്പോഴേയ്ക്കും നമ്മുടെ കഥാപുരുഷൻെറ പ്രശസ്തി ദിഗന്തങ്ങാം വരെ വ്യാപിക്കുകയുണ്ടായി. തൽഫലമായി രാഷ്ട്രീയ നേതാക്കന്മാരും സമുദായപരിഷ്കർത്താക്കളും എന്നുവേണ്ട ലോകത്തിൽ മുൻപന്തിയിൽ പ്രവർത്തിക്കുന്നവരിൽ പലരും അദ്ദേഹത്തെ സന്ദർശിക്കുവാനും ആതിഥ്യം സ്വീകരിക്കുവാനും ഔത്സുക്യം പ്രദർശിപ്പിച്ചു. അപ്രകാരം 1959–ൽ ഫ്റാൻസിലെ ചാാംസ് ഡിഗാാം, 1962–ൽ ടങ്കനിക്കായിലെ പ്രസിഡണ്ട് മുതലായ പ്രശസ്താതിഥികാം അത്യുന്നത കർദ്ദിനാാം മൊന്തീനിയെ സന്ദർശിച്ചു. അമേരിക്കൻ ഐക്യനാടുകളിലെ നോട്ടർഡാം കലാശാലയിൽ നിന്നും ഓണററി ഡിഗ്രി സ്വീകരിക്കുവാനായി കർദ്ദിനാാം മൊന്തീനി 1960–ൽ അങ്ങോട്ടു ക്ഷണിക്കപ്പെടുകയുണ്ടായി. അതനുസരിച്ച് അദ്ദേഹം അമേരിക്ക സന്ദർശിക്കുകയും അമേരിക്കൻ പ്രസിഡണ്ടായിരുന്ന ഐസനോവറിനോടുകൂടി പ്രസ്തുത ഡിഗ്രി സ്വീകരിക്കുകയും ചെയ്തു. ആ യാത്രയിൽ തന്നെ അദ്ദേഹം ദക്ഷിണ അമേരിക്കയും ആഫ്റിക്കയും സന്ദർശിച്ചു.

ഇപ്രകാരം പ്രസിദ്ധനായ അത്യുന്നത കർദ്ദിനാാം മൊന്തീനി, വിചാരത്തിലും പ്രവൃത്തിയിലും എപ്പോഴും സഭയോടുകൂടി ജീവിക്കുകയായിരുന്നു. സഭയാണദ്ദേഹത്തിൻെറ ജീവൻ; സഭയുടെ വികാസമാണവിടത്തെ വളർച്ച. അതുപോലെ ഭാവിയിൽ സഭയ്ക്കുവേണ്ടി മാത്രമായിട്ടദ്ദേഹം ജീവിക്കും.

## അദ്ധ്യായം ആറ്

# വി. പത്രോസിൻെറ സിംഹാസനത്തിൽ 23-ാം യോഹന്നാൻ മാർപ്പാപ്പായുടെ ദേഹവിയോഗം

ലോകത്തിന്ന് പ്രിയങ്കരനും പൊതുപിതാവുമായ 23—ാം യോഹന്നാൻ മാർപ്പാപ്പാ തിരുമേനി കഠിനരോഗബാധിതനായി മരണശയ്യയെ ശരണം ഗമിച്ച വൃത്താന്തം ആഗോളവ്യാപകമായ വ്യസനത്തിന് വഴിതെളിച്ചു. ദുഃഖാത്തരായ ജനക്കൂട്ടം വി. പത്രോസിൻെറ ദേവാലയാങ്കണത്തിൽ രാപകലെന്യേ തടിച്ചുകൂടുവാൻ തുടങ്ങി. തങ്ങളുടെ സ്നേഹതാതനെ മൃത്യുവക്ത്രത്തിൽ നിന്നും രക്ഷിക്കണമെന്നവർ നിരന്തരം പ്രാത്ഥിക്കുകയായി. പക്ഷെ ദൈവഹിതം മറിച്ചായിരുന്നു. അദ്ദേഹം, "പിതാവിൻേറയും പുത്രൻേറയും പരിശുദ്ധാത്മാവിൻേറയും, നമ്മുടെ സ്നേഹമായ ഈശോയുടേയും നാമത്തിൽ, നമ്മുടേയും അവിടത്തേയും അത്യധികം കരുണാത്ത്ജനനി മറിയത്തിൻേറയും തൻെറ പ്രഥമപ്രിയസംരക്ഷകൻ, വി. ജോസഫിൻേറയും, വിശുദ്ധരായ പത്രോസ്സ്, സ്നാപകയോഹന്നാൻ, മക്കോസ്സ്, ലോറൻസ്സ്, ജസ്റ്റീനിയൻ, 10—ാം പീയൂസ്സ് ഇവരുടേയും നാമത്തിൽ നാമിനി കാണുന്നതുവരെ നാമെല്ലാവരോടും യാത്രപറഞ്ഞുകൊണ്ടു് 1963 ജൂൺ 3—ാം തീയതി തിങ്കളാഴ്ച രാത്രി 7.45—ന് ആ സ്നേഹതാതൻ സ്നേഹനാഥനായ ദിവ്യരക്ഷകൻെറ സമീപത്തേയ്ക്കു് ചിറകു വിരിച്ചു പറന്നുപോയി. കാഴ്ചയിൽനിന്നു മറഞ്ഞെങ്കിലും അദ്ദേഹത്തിൽനിന്നും മാനവകുലത്തിൻെറ

വേഴ്ച വിട്ടുപോകുകയില്ല, തീർച്ചയാണു്. കാരണം സാധാരണക്കാരുടെ സാഹചര്യങ്ങളിൽ കൂടി വളർന്നുവന്ന അദ്ദേഹത്തിനു് സാധാരണ മനുഷ്യൻെറ ഹൃദയസ്പന്ദനങ്ങൾ സ്പർശിച്ചറിയുവാൻ സാധിച്ചിട്ടുണ്ടു്. സ്നേഹതരളിതമായ വികാരവായ്പുകൊണ്ടു് വികാരാധീനനായ മനുഷ്യനെ ആകർഷിക്കാമെന്നു് അദ്ദേഹം സോദാഹരണം ലോകത്തെ പഠിപ്പിച്ചു. കമ്മ്യൂണിസ്റ്റു രാഷ്ട്രത്തിൻെറ നിയന്താവായിരുന്ന ക്രൂഷേവിൻെറ പുത്രിക്കും ഭർത്താവിനുപോലും ആ സ്നേഹതാതൻ സന്ദർശനം അനുവദിച്ചു. പ. പിതാവിൻെറ സ്നേഹസംഭാഷണം ശ്രവിച്ചു്, പൈതൃകമായ ആ വാത്സല്യധോരണിയണിഞ്ഞ ആ കമ്മ്യൂണിസ്റ്റു വനിത വിനീതയായി കണ്ണുനീർ വർഷിക്കയായിരുന്നു. കൊന്ത ചൊല്ലണമെന്ന നിർദ്ദേശത്തോടെ കിട്ടിയ സമ്മാനം കാന്തൻെറ സമ്മതത്തിനുവേണ്ടി കാത്തു നിൽക്കാതെ അവൾ കൈനീട്ടി വാങ്ങിച്ചു. നിരീശ്വരിയെങ്കിലും എന്നെന്നും കൊന്ത ജപിച്ചുകൊള്ളാമെന്നവൾ വാഗ്ദാനം ചെയ്തുപോയി. അദ്ദേഹം അവരിരുവരേയും ആശീർവ്വദിച്ചയയ്ക്കുകയും ചെയ്തു. ഇപ്രകാരമുള്ള മർത്ത്യനടുത്ത ഹൃദയപൂർവ്വമുള്ള പ്രവൃത്തികളാൽ അമർത്ത്യനായ 23-ാം യോഹന്നാൻ മാപ്പാപ്പാ ജനഹൃദയങ്ങളിൽ എന്നെന്നും ജീവിക്കുമെന്നു് നമുക്കു് ന്യായമായി ആശ്വസിക്കാം.

അവിടുത്തെ മരണശേഷം സ്ഥാനത്തിനുയോജ്യമായ തിരുവസ്ത്രങ്ങൾ അണിയിക്കുന്നതുവരെ ഫോട്ടോയെടുക്കുവാൻ ആരെയും അനുവദിച്ചില്ല. തിരുസിംഹാസനം ഒഴിഞ്ഞിരിക്കെ അനുഷ്ഠിക്കേണ്ട നിയമങ്ങളിൽപ്പെട്ടതാണീ നിയമം. പ. പിതാവു് 12-ാംപീയൂസ് ചരമം പ്രാപിച്ച അവസരത്തിലുണ്ടായ ചില സംഭവങ്ങളെ ആസ്പദമാക്കി പ. പിതാവു് 23-ാം യോഹന്നാൻമാപ്പാപ്പാ ചെയ്ത തീരുമാനങ്ങളിലൊന്നാണിതു്. മാപ്പാപ്പായുടെ മരണശേഷം അത്യാവശ്യകാര്യങ്ങൾ ചെയ്യുന്നതു് അപ്പോൾ അവിടെയുള്ള കർദ്ദിനാളന്മാരും, കർദ്ദിനാൾ സംഘത്തിൻെറ ഡീനും, പേപ്പൽ കമെർലെങ്കോയും ചേർന്നാണു്. ജോൺ മാപ്പാപ്പാ മരിച്ചപ്പോൾ ഡീൻ കർദ്ദിനാൾ ടിസറൻറു തിരുമേനിയും, കമെർ ലെങ്കോ കർദ്ദിനാൾ മസ്സെല്ലാ

തിരുമേനിയുമാണിതു് നടത്തിയതു്. മാപ്പാപ്പായുടെ മരണശേഷം കമെർലെങ്കോ തിരുമേനി മുറിയിൽ പ്രവേശിച്ചു് മാപ്പാപ്പായുടെ മാമോദീസാപ്പേർ ഉച്ചത്തിൽ മൂന്നു പ്രാവശ്യം വിളിച്ചു്; മരണവാർത്ത, പാപ്പായുടെ വികാരിയെ ഔദ്യോഗികമായി അറിയിച്ചു. അത്യുന്നത കർദ്ദിനാൾ മിക്കാറെയാണു് (84 വയസ്സു്) പേപ്പൽ വികാരി. അതിനുശേഷം കർദ്ദിനാൾ ടിസ്സറൻറു് (ഡീൻ) മരണമടഞ്ഞ മാപ്പാപ്പായുടെ ഔദ്യോഗികമോതിര (Fisherman's Ring) വും ഔദ്യോഗിക മുദ്രകളും ഉടക്കുകയായി. അതിനുശേഷം കമെർലെങ്കോ തിരുസിംഹാസനം വകസാധനങ്ങളെല്ലാം അതതുസ്ഥലങ്ങളിൽച്ചെന്നു ഭരമേല്പിച്ചു. അതോടൊപ്പം മാപ്പാപ്പായുടെ വസതി പൂട്ടി മുദ്രവയ്ക്കപ്പെട്ടു.

## 2. ഇടക്കാലം

ഒരു മാപ്പാപ്പാ മരിച്ചുകഴിഞ്ഞു് അടുത്ത പ. പിതാവിനെ തിരഞ്ഞെടുക്കുന്നതുവരെയുള്ള ഇടക്കാലത്തെ ആസ്ഥാനമൊഴിവുകാലം (Sede Vacante) എന്നു വിളിക്കുന്നു. ഇക്കാലത്തെ സഭാഭരണം കർദ്ദിനാളന്മാരിൽ നിക്ഷിപ്തമാണു്. ആ ഭരണത്തിനു് തിരുസ്സംഘഭരണം (Congregation of Rule) എന്നു വിളിക്കുന്നു. ഇക്കാലം ഏതുകൊണ്ടും പ്രാധാന്യമർഹിക്കുന്നതാണു്. ഈ ഇടക്കാലം 15 ദിവസമെങ്കിലുമുണ്ടായിരിക്കും. അതിൽ 9 ദിവസം കാലം ചെയ്ത മാപ്പാപ്പായുടെ ആത്മശാന്തിക്കായുള്ള തിരുക്കർമ്മാദികൾക്കായി നിശ്ചയിച്ചിരിക്കുന്നു. 10 ദിവസത്തിനകം കർദ്ദിനാളന്മാർ റോമിൽ എത്തിയിരിക്കണമെന്നതാണു് നിയമം. അനാഥയായിത്തീർന്ന സഭാമാതാവു് തനിക്കൊരു നേതാവിനെ നിയമിച്ചുതരുവാൻ തൻെറ സ്വർഗ്ഗീയമണാളനോടു് ഉള്ളഴിഞ്ഞു പ്രാർത്ഥിക്കുവാൻ തുടങ്ങി. അതോടൊപ്പം ആഗോളവ്യാപകമായ കത്തോലിക്കാസഭയുടെ വിവിധ ഭാഗങ്ങളിൽനിന്നു് കർദ്ദിനാളന്മാർ തലസ്ഥാനമായ റോമിലേയ്ക്കു പ്രവഹിക്കുകയായി. ഇത്തവണ 82 പേരാണു് പ. പിതാവിൻെറ തിരഞ്ഞെടുപ്പിൽ സംബന്ധിക്കേണ്ടതു്. അവരിൽ രണ്ടു പേർ– കയിറോയിലെ മെത്രാപ്പോലീത്താ ആയ 89 വ

യസ്സുള്ള അത്യുന്നതകർദ്ദിനാറം കാർലോസ് മരിയ ഡേ ലാ ടൊറേ (Cardinal Carlos Maria dela Torre) അനാരോഗ്യം മൂലവും ബുഡാപെസ്റ്റിലെ മെത്രാപ്പോലീത്താ ആയ 71 വയസ്സുള്ള അത്യുന്നത കർദ്ദിനാറം ജോസഫ് മിൻസെൻററി (Cardinal Joseph Mindszanty) അസ്വതന്ത്രനാകയാലും മാപ്പാപ്പായുടെ തിരഞ്ഞെടുപ്പിൽ സംബന്ധിച്ചില്ല. ഇപ്പോഴത്തെ കർദ്ദിനാറംസംഘത്തിൽ ഏററവും പ്രായം കൂടിയ ആറം 92 വയസ്സുള്ള ഇററാലിയൻ കർദ്ദിനാറം ഫ്രാൻസീസ് മെറാനോയും പ്രായംകുറഞ്ഞ കർദ്ദിനാളന്മാർ 50 വയസ്സുള്ള ജമ്മനിക്കാരൻ ജൂലിയസ് കർദ്ദിനാറം ഡോഫ്നറും, പെറുവിലെ കർദ്ദിനാറം ലാൻറാസുറി റിച്ചേററ് എന്നീ തിരുമേനിമാരുമാണ്.

മുൻകാലങ്ങളിൽ ഇക്കാര്യങ്ങറം സംഭവിക്കുന്നതനുസരിച്ച പ്രസിദ്ധീകരിക്കുക മാത്രമേ പത്രങ്ങറം ചെയ്തിരുന്നുള്ള, എന്നാലിപ്പോറം, പത്രങ്ങളും മററു പ്രസിദ്ധീകരണങ്ങളുമെന്നുവേണ്ടാ, വ്യക്തികളും തങ്ങറംക്കെന്തോ ഇക്കാര്യത്തിൽ കടമയുണ്ടെന്നമട്ടിൽ തെരഞ്ഞെടുപ്പിനെപ്പററി ചർച്ചകളും തക്കങ്ങളും നടത്തുവാൻ തുടങ്ങിയിട്ടുണ്ട്. അവരെല്ലാം താന്താങ്ങളുടെ തന്മയത്വമനുസരിച്ച് പല ഊഹാപോഹങ്ങളും പ്രചരിപ്പിക്കുകയാണ്. അമേരിക്കയിൽ ബോസ്റ്റണിലെ കർദ്ദിനാറം കുഷിംഗ് ഈയവസരത്തിൽ പറഞ്ഞുപോയി:— അടുത്ത പാപ്പാ, അധികം വൃദ്ധനോ തീരെ ചെറുപ്പമോ ആയിരിക്കരുതെന്നാണെൻെറ ആഗ്രഹം. കഴിഞ്ഞ തിരഞ്ഞെടുപ്പിൽ എൻെറ പ്രാത്ഥന പോലെതന്നെ ഫലിതപ്രിയനായ പോപ്പ് ജോണിനെ കിട്ടി; എൻെറ നിരീക്ഷണപ്രകാരം, പോപ്പ് ജോണിനു് അനുയോജ്യനായ ഏക പിൻഗാമി ഇററാലിയൻ കർദ്ദിനാറം മൊന്തീനിയാണ്. കാരണം ലോകരുടെ ആകെയുള്ള അഭിപ്രായം കൗൺസിൽ തുടരണമെന്നാണല്ലോ.'' ഇപ്രകാരമുള്ള അഭിപ്രായങ്ങറം തിരഞ്ഞെടുപ്പിനു വളരെ മുമ്പുതന്നെ രഹസ്യത്തിലെല്ലാവരിൽനിന്നും കേട്ടുതുടങ്ങിയിരുന്നു എന്നതു് ഇത്തവണത്തെ ഒരു പ്രത്യേകതയാണ്.

ഈ ദിവസങ്ങളിൽ ദിനം തോറും കർദ്ദിനാറം തിരു

സ്സംഘം സമ്മേളിക്കുക പതിവാണ്. ഇടക്കാലത്ത് പുതിയ പാപ്പായുടെ തിരഞ്ഞെടുപ്പിനെപ്പററി പരസ്യമായി ചർച്ചചെയ്യാൻ പാടില്ല. പ്രചരണം നടത്തുക, സ്വാധീനം ചെലുത്തുക മുതലായവയും കഠിനമായി വിലക്കിയിരിക്കുന്നു. എന്നാൽ തദവസരങ്ങളിൽ സഭയുടെ പൊതു പ്രശ്നങ്ങളെപ്പററി അവർ ഗൗരവമായ ആലോചനകരം നടത്തും. പരസ്പരം ഒരിക്കലും കണ്ടിട്ടില്ലാത്തവരും പരിചയപ്പെട്ടിട്ടില്ലാത്തവരുമായ കർദ്ദിനാളന്മാർക്ക് തമ്മിൽ കാണുവാനും മനസ്സിലാക്കി പഠിക്കുവാനും തദ്വാരാ ഭാവി സഭയെ നയിക്കുവാൻ ആർക്കാണ് കൂടുതൽ യോഗ്യതയെന്നു തീരുമാനിക്കുവാനും ഉപകരിക്കുമെന്നുള്ളതാണ് ഈവക സമ്മേളനങ്ങളുടെ പ്രത്യേകതയും ഉദ്ദേശവും. ഇത്തരം ചർച്ചാവസരങ്ങളിൽ ഉന്നയിക്കപ്പെടുന്ന വിഷയങ്ങരം വിഷമമുള്ളവയായിരിക്കും. അവ എങ്ങനെ ഓരോരുത്തരും കൈകാര്യംചെയ്യുന്നുവെന്നു പരസ്പരം വീക്ഷിക്കുകയും അതനുസരിച്ച് ഭാവി പാപ്പായാകുവാൻ യോഗ്യന്മാരെ ഓരോരുത്തരും കോൺക്ലേവുകൂടാറാകുമ്പോഴേക്കും കണ്ടുപിടിക്കുകയും ചെയ്യും.

ഏകദേശം 440 വർഷങ്ങളായി ലംഘിക്കപ്പെടാത്ത ഒരു പാരമ്പര്യമാണ് ഒരു ഇററാലിയനെ പാപ്പാ ആയി തിരഞ്ഞെടുക്കുകയെന്നതു്. അതായതു് 1522–ൽ പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ട ഡച്ചുകാരനായ ആറാം ആഡ്രിയനു (1522–23) ശേഷം ഇന്നുവരെ മാപ്പാപ്പാമാർ ഇററലിക്കാരാണ്. എന്നാൽ ഇത്തവണ ആ പാരമ്പര്യം ലംഘിക്കപ്പെട്ടേക്കുമെന്ന് പരക്കെ ഊഹിക്കപ്പെട്ടിരുന്നു. നമ്മുടെ കഥാനകനായ കർദ്ദിനാരം മൊന്തീനി മിലാനിൽ നിന്ന് പുറപ്പെട്ടപ്പോരം പറഞ്ഞു:– ഇററലിക്കു പുറത്തുള്ള ഒരാളെ തിരഞ്ഞെടുക്കുവാൻ സമയമായിക്കാണുമെന്ന്. കാരണം, ഊഹിക്കുവാൻപോലും സാദ്ധ്യമല്ലാത്തിടത്തോളം ഉൽപ്പതിഷ്ണുത്വം പരി. പിതാവ് 23–ാം യോഹന്നാൻ മാപ്പാപ്പാ പ്രയോഗിച്ചിരുന്നുവെന്നും ഇനിയും ഒരു ഇററാലിയനെ പാപ്പായായി തിരഞ്ഞെടുത്താൽ സഭ വളരെയധികം പിന്നോക്കം പോകേണ്ടിവരുമെന്നും പരക്കെ ചിന്തിക്കുവാൻ തുടങ്ങി. അതിനാൽ ഇററലിക്കു പുറ

ത്തുള്ളവരെന്നനിലവച്ചും പുരോഗമനാശയത്തിന്റെ തോതനുസരിച്ചും നോക്കുമ്പോഠം ബ്രസ്സൽസിലെ മെത്രാപ്പോലീത്താ ആയ കർദ്ദിനാഠം ജോസഫ് സുയെനൻസ് (Cardinal Joseph Suenens) യുട്രെച്ചിലെ മെത്രാപ്പോലിത്താ ആയ ആൽഫ്രിങ്ക് (Cardinal Alfrink) വിയെന്നായിലെ മെത്രാപ്പോലീത്താ ആയ കർദ്ദിനാഠം കോണിംഗ് (Cardinal koning) പ്രൊപ്പഗാൻറാതിരുസ്സംഘത്തിന്റെ പ്രീഫെക്ററായ അത്യുന്നത കർദ്ദിനാഠം അഗാജിയാനിയാൻ (Cardinal Agagianian) ക്രൈസ്തവൈക്യത്തിന്റെ സെക്രട്ടറിയേററിലെ പ്രസിഡണ്ടായ കർദ്ദിനാഠം ബീ (Cardinal Bea) ന്യൂയോക്കിലെ മെത്രാപ്പോലീത്താ ആയ കർദ്ദിനാഠം സ്പെൽമാൻ (Cardinal Spellman) ബോസ്റ്റണിലെ മെത്രാപ്പൊലീത്താ ആയ കർദ്ദിനാഠം കുഷിംഗ് (Cardinal Cushing) മുതലായവക്കായിരുന്നു പപ്പായാകുവാൻ കുറെയെല്ലാം ചാൻസുണ്ടായിരുന്നതു്. പക്ഷെ ഇവരിലാരും തിരഞ്ഞെടുക്കപ്പെട്ടില്ലെന്നതാണല്ലോ വാസ്തവം. കാരണം, ഏററവും ചെറുപ്പക്കാരും പുരോഗമനവാദികളും പോലും ചിന്തിച്ചിരിക്കണം ഇററലിക്കു പുറത്തുള്ളവരെ തിരഞ്ഞെടുക്കുവാൻ തക്ക പ്രായവും പക്വതയും സഭയ്ക്കു് കൈവന്നിട്ടില്ലെന്നു്. എന്തുകൊണ്ടെന്നാൽ പരിശുദ്ധാത്മപിയാണു് ഇവിടെ കൂടുതൽ പ്രവർത്തിക്കുന്നതു്. അവിടുന്നു് തൽക്കാര്യസാദ്ധ്യത്തിനായി മനുഷ്യനു യോജിച്ച വിധത്തിൽ കർദ്ദിനാളന്മാരുടെ മനസ്സാക്ഷി, വിവേകം, സാമാന്യജ്ഞാനം, എന്നിവയുപയോഗിക്കുകയാണു ചെയ്യുന്നതു്. ഇതെല്ലാം കണക്കാക്കി സ്വതന്ത്ര സമ്മതപ്രകാരം കർദ്ദിനാളന്മാർ ഒരാളെ തിരഞ്ഞെടുത്തുകഴിയുമ്പോഠം ആ ആഠംക്കു് അവിടുത്തെ ദാനങ്ങഠം ധാരാളമായി കൊടുക്കാതിരിക്കുകയില്ല.

മേൽപ്പറഞ്ഞ പ്രകാരം തിരഞ്ഞെടുപ്പിനു മുമ്പുള്ള ഇടക്കാലത്തു്, കർദ്ദിനാളന്മാരുടെയിടയിലുള്ള ചിന്താഗതികളെപ്പററി ബിഷപ്പ് കൊൺററഡ്് ഏകദേശം ഇപ്രകാരം വിഭാവനം ചെയ്യുന്നു:— "അടുത്ത മാപ്പാപ്പാ കേവലം താത്വികമായ ഒരാളെക്കാഠം 23—ാം യോഹ

ന്നാൻ മാപ്പാപ്പായെപ്പോലെ പ്രായോഗിക വിവേകമുള്ള യാളും അദ്ദേഹത്തിൻെറ പ്രവർത്തനപഥം അനുപദം അനു ഗമിക്കുന്നവനുമായിരിക്കണമെന്നു് ചിലർ ചിന്തിച്ചു. അത്തരക്കാരായി ഇററലിക്കു പുറത്തുള്ളവർ ആദ്യം പറ ഞ്ഞ സൂയെനൻസ്, ആൽഫ്രിങ്ക്, കോണിംഗ്, ഡേ ഫ്നർ മുതലായവരാണു്. ഇററാലിയനായ കാർഡിനൽ ലെർക്കാരോ (Cardinal Lercaro) യേയും ചിലർ നിർ ദ്ദേശിക്കുകയുണ്ടായി. അദ്ദേഹത്തിൻെറ ലോകപര്യടനപ രിജ്ഞാനം, അന്തരാഷ്ട്രീയസമ്മേളനങ്ങളിൽ അദ്ദേഹം പ്രദർശിപ്പിച്ചിട്ടുള്ള സ്വാധീനം, തിരുക്കർമ്മങ്ങൾ പരി ഷ്ക്കരിക്കുന്നതിൽ അദ്ദേഹത്തിൻെറ പുരോഗമനവാദം, പാവങ്ങളോടുള്ള അദ്ദേഹത്തിൻെറ ഔദാര്യമനോഭാവം, ദ രിദ്രരെ സഹായിച്ചുകൊണ്ടും രാഷ്ട്രീയപാർട്ടികളെ ഉപ ദ്രവിക്കാതെയും നിരീശ്വര കമ്മ്യൂണിസത്തെ ജയിക്കാനു ള്ള അദ്ദേഹത്തിൻെറ പദ്ധതി, എന്നിവയെല്ലാമാണു് ലെക്കാരോയ്ക്കുള്ളതായി അദ്ദേഹത്തിൻെറ അനുയായികൾ എടുത്തു കാണിച്ച ഗുണങ്ങൾ. എന്നാൽ മററു ചിലർ ഇട ക്കാലത്തുതന്നെ കർദ്ദിനാൾ മൊന്തീനിക്കു് അനുകൂലമാ യി ചിന്തിച്ചു. അദ്ദേഹവും മാപ്പാപ്പായാകുവാൻ പലതു കൊണ്ടും പററിയ ആളാണത്രെ. തന്നെപ്പോലെ ചിന്തി ക്കാതെ തനിക്കെതിരായി ചിന്തിക്കുന്നവരെ യാതൊരു വിധത്തിലും തെററിദ്ധരിക്കുകയോ അവഗണിക്കുകയോ ചെയ്യാത്ത ഒരു പുരോഗമനക്കാരനാണദ്ദേഹം. അതുപോ ലെതന്നെ കർദ്ദിനാൾ മൊന്തീനി യാഥാസ്ഥിതികരെ യും ഉൽപ്പതിഷ്ണുക്കളേയും കൂട്ടിയിണക്കുന്ന ഒരു ശൃംഖ ലയായിട്ടെല്ലാവരും കണക്കാക്കിയിരുന്നുപോലും. മററു ചിലർ പ. പിതാവു് 23-ാം യോഹന്നാൻമാപ്പാപ്പായുടെ പാരമ്പര്യധ്വംസനത്തെ എതിർക്കുകയും അതിനാൽ പാര മ്പര്യത്തെ മുറുകെപ്പിടിക്കുമെന്നു തീർച്ചയുള്ള ജനോവാ മെത്രാപ്പോലീത്താ ആയ കർദ്ദിനാൾ സിറി (Cardinal Siri) കർദ്ദിനാൾ റൂഫീനി (Cardinal Ruffini) ഹോളി ഓഫീസിൻെറ സെക്രട്ടറി ആയ കർദ്ദിനാൾ ഒട്ടാവിയാ നി (Cardinal Ottaviani) മുതലായവരെ ഉദ്ദേശിക്കുക യും ചെയ്തിരുന്നു. എന്നാലിവർക്കു് വേണ്ടത്ര വോട്ടുകിട്ടുമോ

എന്നു് സംശയമായിരുന്നു. അതിനാൽ പാരമ്പര്യത്തെ മുറുകെപ്പിടിക്കുന്നവരും അതേസമയം, അതേപ്രതി ഒരുത്തരുടേയും വികാരത്തെ വ്രണപ്പെടുത്താത്തവരുമായ കർദ്ദിനാറം കാൽഫലോനിയേരി (Cardinal Calfalonieri) കാർഡിനൽ റോബെർട്ടി (Cardinal Roberti) കർദ്ദിനാറം അൻേറാണിയൂത്തി (Cardinal Antoniutti) മുതലായവരെ അവർ നിർദ്ദേശിക്കുകയുണ്ടായി''!!

കർദ്ദിനാളന്മാരുടെ ചിന്താഗതികഠം ഇങ്ങനെയെല്ലാമായിരുന്നുവെങ്കിലും പരിശുദ്ധാത്മപിയുടെ തിരുവിഷ്ടം പൂർത്തിയായി. ലോകം ഒരു വഴിത്തിരിവിലൂടെയാണു് കടന്നുപോകുന്നതു് എന്ന കാരണത്താൽ സഭയും സഭയുടെ തലവനും പൂർണ്ണതയുടെ പരമാവധി പ്രാപിച്ചിരിക്കണമെന്നതാണിന്നത്തെ ആവശ്യം. 12-ാം പീയൂസിൻെറ ബുദ്ധിപരവും താത്വികവുമായ സിദ്ധികളും വിശുദ്ധിയും 23-ാം യോഹന്നാൻ മാർപ്പാപ്പായുടെ പ്രായോഗികവും മാനസികവുമായ പ്രവർത്തനപദ്ധതിയും ലാളിത്യവുമെല്ലാം ഒത്തിണങ്ങിയിരിക്കണം ഇന്നത്തെ മാർപ്പാപ്പായിലെന്നു് പരിശുദ്ധാത്മപി തിരുമനസ്സായി.

അപ്രകാരം 80 കർദ്ദിനാളന്മാർ 1963 ജൂൺമാസം 19-ാം തീയതി യോഗ്യനായൊരു പ. പിതാവിനെ തെരഞ്ഞെടുക്കുവാനായി കോൺക്ലേവിൽ പ്രവേശിച്ചു.

## മാർപ്പാപ്പായുടെ തിരഞ്ഞെടുപ്പു്

അഖിലലോക കത്തോലിക്കരുടെ അനിഷേദ്ധ്യനേതാവായ പ. പിതാവിനെ തിരഞ്ഞെടുക്കുകയെന്നതു് പരമപ്രാധാന്യമർഹിക്കുന്ന ഒരു കാര്യമാണല്ലോ. അതിനാൽ ആ തിരഞ്ഞെടുപ്പിൻെറ രീതിയെപ്പററി അല്പം അറിഞ്ഞിരിക്കേണ്ടതു് അത്യാവശ്യമാണു്. പ്രസ്തുത തിരഞ്ഞെടുപ്പിനെ ഏതെങ്കിലും ബാധിക്കുന്ന സംഗതികളെല്ലാം നിഷ്കൃഷ്ടങ്ങളായ നിയമങ്ങളാലും, സുചിന്തിതങ്ങളായ നിശ്ചയങ്ങളാലും നിയന്ത്രിതങ്ങളാണു്. പല പല കാര്യങ്ങളിലും സാഹചര്യങ്ങളിലും തിരുസ്സഭയെ നയിക്കുകയും ഭരിക്കുകയും ചെയ്തിട്ടുള്ള പ. പാപ്പാമാർ

പലപ്പോഴായി നിശ്ചയിച്ച് നടപ്പിലാക്കിയിട്ടുള്ളവയാണ് ഈ അലംഘനീയനിയമങ്ങൾ.

പ്രസ്തുത നിയമങ്ങൾ ആദ്യം ക്രോഡീകരിക്കപ്പെട്ടത് വി. സിമ്മാക്കൊ (498–514) പാപ്പായുടെ കാലത്ത് A. D. 499–ലാണ്. പിന്നീട് ഏകദേശം 5 നൂററാണ്ടു കാലത്തേയ്ക്ക് കാര്യമായ പരിഷ്ക്കാരങ്ങളൊന്നും ഇക്കാര്യത്തിലുണ്ടായില്ല. 1059 വരെ റോമിലെ പ്രധാനികളും വൈദികരുമാണ് മാപ്പാപ്പാമാരെ തിരഞ്ഞെടുത്തിരുന്നതുപോലും. അത് വലിയ വഴക്കിനും വക്കാണത്തിനും വഴിതെളിച്ചിട്ടുണ്ട്. ഇത്തരം വഴക്കുകൾ അവസാനിപ്പിക്കുവാൻ, തെരഞ്ഞെടുപ്പിനു് രാഷ്ട്രീയാധികാരികളുടെ അംഗീകാരം കൂടി ആവശ്യമാണെന്ന് അന്ന് നിശ്ചയിച്ചു. അത് പണ്ടത്തതിലും കുഴപ്പങ്ങൾക്ക് അടിസ്ഥാനമിടുകയായിരുന്നു. അതിനാൽ മാപ്പാപ്പാമാരുടെ തിരഞ്ഞെടുപ്പ് കർദ്ദിനാളന്മാരുടെ മാത്രം കടമയാണെന്ന് രണ്ടാം നിക്കളൊവോസ് മാപ്പാപ്പാ (1059–1061) 1059–ലും 9-ാം പീയൂസ്(1846–1878)ന്റെ 'In hac sublimi' എന്ന തിരുവെഴുത്തു വഴിയായും നിശ്ചയിച്ചു.

മാപ്പാപ്പാ തിരഞ്ഞെടുക്കപ്പെടണമെങ്കിൽ അദ്ദേഹത്തിനു് മൂന്നിൽ രണ്ടു് വോട്ടു് കിട്ടിയിരിക്കണമെന്നു് അലക്സാണ്ഡർ മൂന്നാമൻ (1159–1181) മാപ്പാപ്പാ നിശ്ചയിച്ചു. വി. 10–ാം പീയൂസ് (1903–1914) തന്റെ ''Commissum nobrs'' തിരുവെഴുത്തു വഴിയായി, 1904–ൽ സ്പെയിൻ, ആസ്ത്രിയാ, ഫ്റാൻസ് എന്നീ രാജ്യങ്ങൾക്കുണ്ടായിരുന്ന ആനുകൂല്യങ്ങളും അവസാനിപ്പിച്ചു. മൂന്നിൽ രണ്ടും പിന്നൊന്നും കൂടിയ വോട്ടു വേണം സാധുവായ തിരഞ്ഞെടുപ്പിനെന്നു് 12–ാം പീയൂസ് തന്റെ ''Vacantis apostoticae sedis'' എന്ന ചാക്രികലേഖനം വഴി നിശ്ചയിച്ചു. അതുപോലെ തന്നെ കോൺക്ലേവിൽ ടെലഗ്രാം, ടെലഫോൺ, മൈക്രോഫോൺ, റേഡിയോഫോൺ, ക്യാമറ ഇവയൊന്നും ഉണ്ടായിക്കൂടായെന്നും അദ്ദേഹം തന്നെ കല്പിച്ചു. 23–ാം യോഹന്നാൻ മാപ്പാപ്പാ ചില കാര്യങ്ങൾ കൂടെ നിഷ്ക്കർഷിച്ചു. ശവസംസ്ക്കാരച്ചടങ്ങുകൾ ലളിതമായിരിക്കണ

മെന്നും ഓരോ വോട്ടിംഗിനും ഉപയോഗിക്കുന്ന ബാല റുപേപ്പറും വോട്ടിംഗിനുപയോഗിക്കുന്ന മററു കടലാസ്സുകളും മുന്നേപ്പോലെ കത്തിക്കാതെ, മുദ്രവച്ച് വത്തിക്കാൻ രേഖാശേഖരത്തിൽ കൂട്ടണമെന്നും അദ്ദേഹം നിർബ്ബന്ധിച്ചു. അതുപോലെ തന്നെ കോൺക്ലേവു കഴിയുമ്പോഴും അക്കാര്യങ്ങളുടെ ഒരു റിപ്പോർട്ടെഴുതി കമർലെങ്കോ രേഖാശേഖരത്തിൽ സൂക്ഷിക്കുകയും ചെയ്യണം.

കർദ്ദിനാളന്മാർ തിരഞ്ഞെടുപ്പിനായി ഒത്തുകൂടുന്ന രഹസ്യസമ്മേളനത്തിനു് കോൺക്ലേവ് (Conclave) എന്നാണു് പേരു പറയുന്നതു്. ലത്തീനിൽ ഈ വാക്കിന്റെ വാച്യാർത്ഥം "പൂട്ടപ്പെട്ട വാതിൽ" എന്നാണു്. അർത്ഥത്തിൽ നിന്നു തന്നെ ഇതു് പരമരഹസ്യമാണെന്നു കാണാം. പാപ്പാ പരേതനായ ശേഷം പത്തു ദിവസത്തിനകം കോൺക്ലേവ് കൂടാൻ പാടില്ലെന്നു് വി. ഗ്രിഗറി 10–ാമൻ (1272–1276) മാപ്പാപ്പാ തന്റെ "Ubi periculum" എന്ന തിരുവെഴുത്തിൽ പറയുന്നു. 15 ദിവസത്തിനുള്ളിൽ എല്ലാ ഒരുക്കങ്ങളും ചെയ്തിരിക്കും. പ്രത്യേക മുറികൾ, ഭോജനശാല, മററു സൗകര്യങ്ങളെല്ലാം തയ്യാറാക്കിയിരിക്കും. കാരണം കോൺക്ലേവിൽ പ്രവേശിച്ച ഒരാൾക്കു് യാതൊരു കാരണവശാലും പുറത്തു വരാനോ പുറത്തുള്ളവരുമായി സമ്പർക്കം പുലർത്താനോ പാടില്ല എന്നു് 4–ാം പീയൂസ് (1559–1565) "In eligendis" എന്ന തന്റെ തിരുവെഴുത്തിൽ പറയുന്നു. ഇപ്പറഞ്ഞ നിയമങ്ങളെന്തെങ്കിലും ലംഘിക്കുന്നവർക്കു് തങ്ങളുടെ സ്ഥാനങ്ങൾ നഷ്ടപ്പെടുന്നതിനും പുറമേ, അവർ അതിനാൽ തന്നെ മഹറോനിൽ (Excommunicatio latae sententiae) പെടുന്നതുമാണു്. (St. Gregory X "Ubi periculum"; Pius IV "In Eligendis"; Gregory XV "Aeternis patris" 19)

വത്തിക്കാൻ അരമനയുടെ പ്രത്യേകമായൊരു ഭാഗത്തു വച്ചാണു് കോൺക്ലേവ് കൂടുന്നതു്. പരമ്പരാഗതമായി സിസ്റ്റൈൻ കപ്പേളയാണിതിനുപയോഗിക്കുന്നതു്. ഓരോ കർദ്ദിനാളിനും രണ്ടു പേരെ വീതം (ഒരു വൈദികനും ഒരു അവൈദികനും അല്ലെങ്കിൽ രണ്ടു വൈദികർ

അതുമല്ലെങ്കിൽ രണ്ടു അവൈദികർ) തന്റെ കൂട്ടത്തിൽ കൊണ്ടുപോകാം. എന്നാൽ കർദ്ദിനാളന്മാരുടെ ബാഹുല്യം നിമിത്തം ഇക്കഴിഞ്ഞ കോൺക്ലേവിൽ ഒരാരം മാത്രമേ അനുവദിക്കപ്പെട്ടുള്ളു. അവർ കർദ്ദിനാളിന്റെ ബന്ധത്തിൽപ്പെട്ടവർ ആയിരിക്കരുതു്. അവരെല്ലാവരും അകത്തു പ്രവേശിക്കുന്നതിനു മുൻപ് രഹസ്യം കാത്തുകൊള്ളാമെന്നു് സത്യപ്രതിജ്ഞ ചെയ്യുകയും, മുൻപും പിൻപും കൃത്യമായ പരിശോധനയ്ക്കു് വിധേയരാവുകയും ചെയ്യണം. (Pius IV–In eligendis–16–17) പുറമേയുള്ള കാര്യങ്ങളെല്ലാം കോൺക്ലേവ് മാർഷൽ നിഷ്ക്കർഷിച്ചുകൊള്ളും.

കോൺക്ലേവിൽ പ്രവേശിക്കുന്നതുതന്നെ വലിയ പ്രദക്ഷിണമായിട്ടാണ്. ആദ്യം കുരിശു വഹിക്കുന്ന തിരുക്കർമ്മങ്ങളുടെ നേതാവ് (Master of ceremonies); പിന്നീട് കർദ്ദിനാളന്മാർ സ്ഥാനമുറയനുസരിച്ചു്, മററു തിരഞ്ഞെടുക്കപ്പെട്ടവർ എന്നിവർ മുറയായി നീങ്ങും. മൂന്നു പ്രാവശ്യം മണി അടിക്കുമ്പോഠം വയലററു നിറത്തിലുള്ള കുപ്പായങ്ങളണിഞ്ഞു് പുറപ്പെടുകയായി. ഈ നിറം ഒഴിവുകാലത്തെ സൂചിപ്പിക്കുന്നു. പ്രദക്ഷിണം സിസ്റ്റൈൻ ചാപ്പലിൽ പ്രവേശിക്കുമ്പോഠം കർദ്ദിനാളന്മാരുടെ ഡീൻ (ഇപ്പോഠം ടിസ്സറൻറു തിരുമേനി) അരംത്താരയെ സമീപ്പിച്ചു് പ. റൂഹായോടുള്ള പ്രാർത്ഥന ചൊല്ലുന്നു. അതിനുശേഷം കോൺക്ലേവു സംബന്ധിച്ച നിയമങ്ങഠം വായിക്കുകയും എല്ലാവരും സത്യപ്രതിജ്ഞ ചെയ്യുകയും ചെയ്യുന്നു. അപ്രകാരം ഇക്കഴിഞ്ഞ തെരഞ്ഞെടുപ്പിൽ, (1) ഓരോ കർദ്ദിനാളിനുമുള്ള ഓരോ സഹായി, (2) തിരുസംഘത്തിന്റെ സെക്രട്ടറി, (3) അപ്പസ്തോലിക്കു് അരമനയിലെ സങ്കീർത്തിക്കാരനും, സഹായികളും, (4) തിരുക്കർമ്മനേതാവും (Master of ceremonies) മററു സഹായനിയന്ത്രകരും (ഇവർ ആറു പേരിൽ കൂടാൻ പാടില്ല) (5) ഒരു സന്യാസസഭാ വൈദികൻ (കുമ്പസാരം കേഠംക്കുന്നതിനുവേണ്ടി മാത്രം) (6) രണ്ടു ഡോക്ടറന്മാർ, (7) ഒരു ശസ്ത്രക്രിയാവിദഗ്ദ്ധൻ, (8) ഭക്ഷണം പാകം ചെയ്തു വിതരണം ചെയ്യുന്നവർ, (9) മരുന്നു വിതരണക്കാർ ഇത്രയും

പേരാണ് കർദ്ദിനാളന്മാർക്കു പുറമേ അകത്തു പ്രവേശിച്ച വർ. കർദ്ദിനാളന്മാർ കോൺക്ലേവിനുള്ളിലുള്ള മുറികളിൽ പ്രവേശിക്കുമ്പോൾ വത്തിക്കാൻമണി വീണ്ടും മൂന്നു പ്രാവശ്യം അടിക്കപ്പെടുന്നു. ഉടനെ മററാരും അകത്തില്ലെന്ന് നിശ്ചയം വരുത്തി വാതിലുകൾ അകത്തുനിന്നും പൂട്ടി താക്കോൽ കർദ്ദിനാൾ കമർലെങ്കോയുടേയും തിരുക്കർമ്മനേതാവിൻെറയും കയ്യിലേല്പിക്കുന്നു. ഈ വാതിലുകൾ വീണ്ടും പുറത്തുനിന്നും പൂട്ടി താക്കോലുകൾ വത്തിക്കാനിൻെറ പ്രിൻസ്മാർഷലിനെ ഏല്പിക്കുകയും ചെയ്യുന്നു. അടുത്ത പ്രഭാതത്തിൽ സിസ്റ്റൈൻ കപ്പേളയിൽ കർദ്ദിനാൾ സംഘത്തിൻെറ അദ്ധ്യക്ഷൻ (ഇപ്പോൾ അത്യുന്നത കർദ്ദിനാൾ എവുജിൻ ടിസ്സറൻറ്) ദിവ്യബലി അപ്പിക്കുന്നു. അതിനുശേഷം പ്രത്യേകം നിശ്ചയിക്കപ്പെട്ട ഒരു കർദ്ദിനാൾ, മാപ്പാപ്പായുടെ തിരഞ്ഞെടുപ്പിൻെറ പ്രാധാന്യം, അതു വേണ്ട വിധത്തിൽ ചെയ്യേണ്ടതിൻെറ ആവശ്യം മുതലായവയെപ്പററി പ്രസംഗിക്കും. പിന്നീട്, പരിശുദ്ധാത്രുപിയുടെ ഗാനവും പ്രാത്ഥനയും നടത്തുകയായി. നീലയങ്കികൾ ധരിച്ച കർദ്ദിനാളന്മാർ സിസ്റ്റൈൻ ചാപ്പലിൽ വച്ചാരംഭിക്കുന്ന തിരഞ്ഞെടുപ്പ് വലിയ മണികളുടെ ഘണ്ടാരവം മൂലം ഉൽഘാടനം ചെയ്യപ്പെടുന്നു. പുതിയ പാപ്പാ തിരഞ്ഞെടുക്കപ്പെടുന്നതുവരെ പ്രിൻസ്മാർഷലാണ് വത്തിക്കാനിലെ അധികാരി എന്നതിൻെറ ലക്ഷ്യമായി അദ്ദേഹത്തിൻെറ പതാക അപ്പോൾ ഉയത്തിക്കെട്ടുകയായി.

കർദ്ദിനാളന്മാർ താന്താങ്ങളുടെ മുറിയിൽ പ്രാത്ഥനയിലും ഏകാന്തതയിലും കഴിച്ചുകൂട്ടുന്നു. വോട്ടിംഗിനു സമയമാകുമ്പോൾ കർദ്ദിനാളന്മാരെല്ലാവരും സിസ്റ്റൈൻ ചാപ്പലിൽ വന്ന് അവരവക്ക് നിർദ്ദിഷ്ടമായ സ്ഥാനങ്ങളിൽ ഉപവിഷ്ടരാകുന്നു. അവിടെ ബലിപീഠത്തിനു മുമ്പിൽ ഒരു സൗവണ്ണക്കസേരയും അതിലൊരു സ്വണ്ണക്കാസയും വച്ചിരിക്കും. അതിലാണ് ബാലററുപേപ്പർ നിക്ഷേപിക്കുന്നതു്. ബാലററുപേപ്പർ മൂന്നു മടക്കായിട്ടാണ്. രണ്ടരികിലുമുള്ള മടക്കിൽ വോട്ടു ചെയ്യുന്ന കർദ്ദിനാളി

ൻെറ പേരെഴുതി ഒപ്പു വയ്ക്കണം; നടുക്കുള്ള കോളത്തിൽ തിരഞ്ഞെടുക്കപ്പെടുന്ന കർദ്ദിനാളിൻെറ പേരും.

ഓരോ കർദ്ദിനാളും അവരവരുടെ മൂപ്പുമുറയനുസരിച്ച് അൾത്താരയുടെ മുമ്പിൽ വന്നിപ്രകാരം പ്രാർത്ഥിക്കുന്നു:– ''ദൈവതിരുമുമ്പിലുള്ള എൻെറ കടമയനുസരിച്ച് (പോപ്പായി) തിരഞ്ഞെടുക്കപ്പെടേണ്ട വ്യക്തിയെന്ന് എനിക്കു ബോദ്ധ്യപ്പെട്ട ആളെ, എൻെറ വിധികർത്താവായ ഈശോ മിശിഹാ സാക്ഷിയായി ഞാൻ തിരഞ്ഞെടുക്കുന്നു.'' അതിനുശേഷം വോട്ടു രേഖപ്പെടുത്തിയ ബാലററുപേപ്പർ ആ കാസായിൽ നിക്ഷേപിക്കുന്നു. അപ്രകാരം എല്ലാ കർദ്ദിനാളന്മാരും ചെയ്യുന്നു.

വോട്ടിംഗ് കഴിഞ്ഞാലുടനെ ബാലററുപേപ്പർ ആ കാസായിലിട്ട് 'കീഴ്മേൽ' മറിക്കുന്നു. എന്നിട്ടാണ് വോട്ടെണ്ണാൻ തുടങ്ങുന്നത്. എണ്ണാൻ മൂന്നു പേർ വേണം. വോട്ടു രേഖപ്പെടുത്തിയ ബാലററുപേപ്പറുകൾ ആദ്യത്തെ രണ്ടു പേർ വായിച്ചുനോക്കും. അതിനുശേഷം മൂന്നാമൻെറ കയ്യിൽ കൊടുക്കുന്നു. അയാൾ പേര് ഉറക്കെ വായിക്കുന്നു. അതു കേട്ട് കർദ്ദിനാളന്മാർ തങ്ങളുടെ കൈവശമിരിക്കുന്ന ലിസ്റ്റിൽ ആ വായിച്ച പേരിൻെറ അടുക്കൽ ഒരടയാളം വയ്ക്കുന്നു. ചെയ്ത വോട്ടും ചെയ്യാനുണ്ടായിരുന്നവരുടെ എണ്ണവും ഒപ്പമായിരിക്കണം. എന്തെങ്കിലും വ്യത്യാസം വന്നാൽ ആ തിരഞ്ഞെടുപ്പ് അസാധുവായി പരിഗണിക്കും. ആർക്കും ആവശ്യത്തിനു വോട്ട് കിട്ടിയില്ലെങ്കിൽ കിട്ടുവോളം വോട്ടിംഗ് തുടരും.

മൂന്നിൽ രണ്ടും പിന്നെ ഒന്നുംകൂടി കിട്ടിയാൽ മാത്രമേ തിരഞ്ഞെടുപ്പ് വിജയിക്കുകയുള്ളു എന്ന് മുകളിൽ പറഞ്ഞിട്ടുണ്ടല്ലോ. അങ്ങനെ കിട്ടുന്ന കർദ്ദിനാളിനോട്:— ''കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷസ്ഥാനത്തേയ്ക്ക് അങ്ങയുടെ മേൽ കാനോനികമായി നടത്തിയ തിരഞ്ഞെടുപ്പ് അങ്ങ് സ്വീകരിക്കുന്നുവോ?'' എന്ന് ചോദിക്കുകയായി. സ്വീകരിക്കുന്നെങ്കിൽ:— ''നിങ്ങളുടെ സമ്മതിദാനം ദൈവതിരുമനസ്സിൻെറ പ്രത്യക്ഷചിഹ്നമാണല്ലോ. ഞാനെൻെറ ബലഹീനതയെ നിങ്ങളുടെ പ്രാർത്ഥനയ്ക്കായി അർപ്പിച്ചുകൊണ്ടു" അതിനെ ഞാൻ സ്വീകരിക്കുന്നു'' എ

ന്നദ്ദേഹം പ്രതിവചിക്കും. ആ നിമിഷത്തിൽ റൂഹാദക്കുദശായിൽ നിന്നും തെററാവരം സ്വീകരിച്ച് അദ്ദേഹം ആഗോളവ്യാപകമായ കത്തോലിക്കാസഭയുടെ മേൽ സർവ്വാധികാരങ്ങളും ലഭിച്ചവനായി വി. പത്രോസിൻെറ ന്യായമായ പിൻഗാമിയായിത്തീരും. ഉടനെ കർദ്ദിനാൾ തിരുസ്സംഘത്തിൻെറ ഡീൻ (ഇപ്പോൾ കർദ്ദിനാൾ ടിസ്സറൻറ്) ''ഏതു നാമത്തൽ വിളിക്കപ്പെടുവാനാണ് അങ്ങ് ആഗ്രഹിക്കുന്നത്?'' എന്നുകൂടി ചോദിക്കുന്നു. പേരു പറഞ്ഞുകഴിയുമ്പോൾ കർദ്ദിനാളന്മാരെല്ലാവരും വന്ന് പുതിയ പാപ്പായോടുള്ള വണക്കവും കാണിക്കുകയായി. അതിനുശേഷം ''തെദേവും'' എന്ന സ്തോത്രഗീതം ആലപിക്കപ്പെടും. ഉടനെ പുതിയ പാപ്പാ സ്ഥാനവസ്ത്രങ്ങളും മുക്കുവൻെറ മോതിരവും ധരിച്ച് സേദിയജസ്തത്തോരിയാ (Sedia Gestatoria) യിൽ ഉപവിഷ്ടനാകുന്നു. അപ്പോഴേയ്ക്കും മററു കർദ്ദിനാളന്മാരുടെ സിംഹാസനത്തിൻെറ മുകളിൽ സ്ഥാപിതമായിരിക്കുന്ന മേൽക്കട്ടികൾ താഴ്ത്തപ്പെടും.

ഈ സമയമെല്ലാം വി. പത്രോസിൻെറ ദേവാലയാങ്കണമാസകലം ജനനിബിഡമായിരിക്കുക സാധാരണമാണ്. തിരഞ്ഞെടുപ്പ് തീൎന്നോ എന്നറിയാൻ അവർ ഉൽക്കണ്ഠാകുലരാകുന്നു. വോട്ടിംഗ് വിജയിച്ചാൽ വെളുത്ത പുകയും അല്ലെങ്കിൽ കറുത്ത പുകയും സിസ്റ്റൈൻ ചാപ്പലിൻെറ പുകക്കുഴൽ വഴി പുറത്തേയ്ക്കു പുറപ്പെടും, അതാണടയാളം. വിജയിച്ചാലുടൻ വി. പത്രോസിൻെറ ബസ്ലിക്കായുടെ ഡീനും ഗ്രാൻറ് പെനിറെറൻഷ്യറി (Grand penitentiary) യും അവിടേയ്ക്ക് എഴുന്നെള്ളുമ്പോൾ ''മാപ്പാപ്പാ നീണാൾ വാഴട്ടെ'' (Viva il papa) എന്ന് ഏകസ്വരത്തിൽ ജനങ്ങൾ വിളിച്ചുപറയുകയായി. അദ്ദേഹം വിവരം ജനങ്ങളെ അറിയിക്കും.

നമ്മുടെ കഥാനായകനായ കർദ്ദിനാൾ മൊന്തീനി തിരഞ്ഞെടുപ്പിനുള്ള കോൺക്ലേവിൽ സംബന്ധിക്കുവാൻ 1963 ജൂൺ 17—ാം തീയതി മിലാനിൽനിന്നും പുറപ്പെട്ടു. അതിനുശേഷമുള്ള അദ്ദേഹത്തിൻെറ അന്നത്തെ മേൽവിലാസം Cardinal Montini, C/o The Novitiate of

the Sisters of Maria Bambina, Via della Camilluccia 186. എന്നായിരുന്നു. എന്നാൽ കർദ്ദിനാൾ മൊന്തീനി താമസിച്ചതു് പ. പിതാവിന്റെ കാസ്റ്റൽ ഗണ്ടോൾഫോയിലെ വേനൽക്കാലവസതിയുടെ ഡിറക്ടറായ ബൊനമെല്ലിയുടെ അതിഥിയായിട്ടാണു്. തിരഞ്ഞെടുപ്പിനെപ്പററി അക്കാലത്തു് അനുവദനീയമല്ലാത്ത ചർച്ചകളിൽ നിന്നൊഴിയുന്നതിനുവേണ്ടിയാണു് അദ്ദേഹം റോമിനു പുറത്തുപോയി താമസിക്കണമെന്നു വച്ചതു്.

തിരഞ്ഞെടുപ്പിനുള്ള കോൺക്ലേവു് ആരംഭിച്ചതു് ജൂൺ 19–ാം തീയതിയാണല്ലോ. അന്നേദിവസം വത്തിക്കാനിലെ വലിയ മണി മൂന്നു പ്രാവശ്യം അടിച്ചു് കൃത്യസമയം അറിയിക്കപ്പെട്ടു. കർദ്ദിനാളന്മാരെല്ലാവരും വർണ്ണശബളമായ വസ്ത്രങ്ങളാൽ വിഭൂഷിതരായി കോൺക്ലേവു കൂടുവാനുള്ള സിസ്റ്റൈൻ ചാപ്പലിലേക്കു ഘോഷയാത്രയായി പുറപ്പെട്ടു. വിവിധ വർണ്ണപ്പകിട്ടുള്ള ഈ യാത്ര തുടർച്ചയായി പുറപ്പെടുന്നതു് നിർന്നിമേഷരായി വീക്ഷിച്ചുകൊണ്ടു നിന്നിരുന്ന ജനാവലി കർദ്ദിനാൾ മൊന്തീനിയെക്കണ്ടപ്പോൾ Il papa; il papa– "പാപ്പാ, പാപ്പാ" എന്നു് വിളിച്ചു പറഞ്ഞുപോയി. ഇതുകേട്ടു് അദ്ദേഹം നിശ്ശബ്ദരായിരിക്കുവാൻ ജനങ്ങളെ സഗൗരവം ആംഗ്യംകാണിക്കുക മാത്രം ചെയ്തു.

കോൺക്ലേവിൽ നടന്ന സംഭവവികാസങ്ങൾ കൃത്യമായിട്ടൊന്നും നമുക്കറിയില്ല. എല്ലാം പരമരഹസ്യങ്ങളാണു്. എങ്കിലും ചില ഊഹാപോഹങ്ങൾ ശേഷിക്കുന്നുണ്ടു്. ഇററലിക്കാരല്ലാത്തവർക്കും തിരഞ്ഞെടുക്കപ്പെടാമെന്നതിനാൽ അവക്കു് വോട്ടുചെയ്യുവാൻ സ്വാതന്ത്ര്യം ഉണ്ടെന്ന വാസ്തവം തെളിയിക്കുന്നതായിരുന്നു ആദ്യത്തെ വോട്ടിംഗിന്റെ ഫലം. എന്നാൽ ആ ബാലററിംഗിൽ ആർക്കും വിജയിക്കാനാവുന്നത്ര വോട്ടുലഭിച്ചില്ല. ഇററാലിയരല്ലാത്തവർക്കു് ഏകദേശം സമമായി വോട്ടുകിട്ടിയിരുന്നുതാനും. റോമൻ കൂരിയായിൽ അന്നു പ്രവത്തിച്ചിരുന്ന കർദ്ദിനാളന്മാർ ആകെ 32 പേരായിരുന്നു; അവരിൽ 22 ഇററലിക്കാരും ബാക്കി പുറത്തുനിന്നുള്ളവരും. പുറത്തു് ലോകമാസകലമുള്ള രൂപതകളിലായി ബാക്കിയുള്ളവർ



കോൺക്ലേവിൽ സംബന്ധിക്കുവാൻ കർദ്ദിനാൾ മൊന്തീനി
മിലാനിൽനിന്നു പുറപ്പെടുന്നു.



തിരഞ്ഞെടുപ്പിനുശേഷം ആദ്യസന്ദർശനവും പ്രഥമാശീർവാദവും
(21–6–1963)



പ. പിതാവു് ഭാരതീയ വൈദികവിദ്യാർത്ഥികളെ ആശീർവദിക്കുന്നു

വത്തിക്കുന്നു. അവരിൽ ലാററിൻ അമേരിക്കക്കാർ 11; വടക്കേ അമേരിക്കക്കാർ 7, ഇററലിക്കാർ 7, ഫ്റഞ്ചുകാർ 6; സ്പെയിൻകാർ 4; മററു ഏഷ്യാക്കാർ 4; ജർമ്മൻകാർ 2; പോർട്ടുഗീസുകാരൻ 1; ബൽജിയൻകാരൻ 1; ഡച്ചുകാരൻ 1; ആഫ്റിക്കാരൻ 1; ഇൻഡ്യക്കാരൻ 1; ഹങ്കേറിയൻ 1; പോളണ്ടുകാരൻ 1; ആസ്ത്രീയാക്കാരൻ 1; ചുരുക്കത്തിൽ 29 ഇററലിക്കാരും 51 ഇററലിക്കു പുറത്തുള്ളവരും: തെരഞ്ഞെടുപ്പു വിജയിക്കുവാൻ 54 വോട്ടെങ്കിലും വേണമെന്നുള്ളതുകൊണ്ടു് ഇററലിക്കാർ തനിച്ചായാലും മററുള്ളവർ തനിച്ചായാലും തിരഞ്ഞെടുപ്പു വിജയിക്കുകയില്ലെന്നു് സ്പഷ്ടം. രണ്ടാമത്തെ വോട്ടിംഗിൽ, ജോൺ മാർപ്പാപ്പായുടെ നയം സ്വീകരിക്കുമെന്നുള്ളപ്രധാനപ്പെട്ടരണ്ടുപേർക്കായി— കാർഡിനൽ ലർക്കാരോസ്സും കർദ്ദിനാൾ മൊന്തീനിസ്സും— വോട്ടു വിഭജിക്കപ്പെട്ടു. ഒന്നാം ദിവസത്തെ മൂന്നാം വോട്ടെടുപ്പിൽ ഇററാലിയരല്ലാത്തവരെ തിരഞ്ഞെടുക്കുന്ന പ്രശ്നമെല്ലാം അവസാനിപ്പിച്ചിട്ടു് സ്ഥാനാർത്ഥികാൾ കുറഞ്ഞതായി കാണപ്പെട്ടു. 4—ാം വോട്ടിംഗിൽ പലരും മൊന്തീനികർദ്ദിനാളിനെ ചിന്താധീനനാക്കി. അദ്ദേഹത്തിനു ലഭിച്ച വോട്ടു് 54—നോടു് അടുത്തുകഴിഞ്ഞു. കാരണം അദ്ദേഹത്തിനെ തിരഞ്ഞെടുക്കാനുള്ള പലരും അദ്ദേഹത്തിൻെറ മുപ്പതുവർഷത്തെ സെക്രട്ടറി ജോലിക്കാലത്തു അദ്ദേഹത്തോടു് ഏതെങ്കിലും വിധത്തിൽ ബന്ധപ്പെട്ടവരായിരുന്നു. ഒന്നാം ദിവസംതന്നെ കർദ്ദിനാൾ മൊന്തീനിക്കു് 54 വോട്ടുകിട്ടിയിരുന്നുവെന്നും, പക്ഷെ പാപ്പാസ്ഥാനം സ്വീകരിക്കുന്നതിനെപ്പററി ചിന്തിക്കുവാൻ അദ്ദേഹം ഒരു രാത്രിയുടെ സമയമെങ്കിലും അനുവദിക്കണമെന്നു് അപേക്ഷിച്ചതുകൊണ്ടാണു് അതു പരസ്യപ്പെടുത്താത്തതെന്നും ചിലർ ഊഹിക്കുന്നു. എന്നാൽ ഇതു് ശരിയായിരിക്കാനിടയില്ലെന്നു് ബിഷപ്പ് കൊൺറാഡ് പറയുന്നു. കാരണം അങ്ങനെ ആയിരുന്നെങ്കിൽ രണ്ടാം ദിവസം(21—ാം തീയതി) വോട്ടിംഗ് തുടങ്ങാറുള്ള 9—30 നു് ഫലം പ്രഖ്യാപിക്കുമായിരുന്നു. എന്നാൽ 11—30നു് (ഇൻഡ്യൻ സമയം 4–53 നു്) ആണു് അവസാനമായി വിജയിച്ചതു്. മുകളിൽ വിവരിച്ചതുപോലെ തിരഞ്ഞെടുപ്പു സ്വീ

കരിക്കുന്നുവോ എന്നു് ടിസ്സരൻറു് തിരുമേനി ചോദിച്ചപ്പോറം ഉത്തരം പറയുവാൻ അദ്ദേഹം അല്പം മടിച്ചെന്നും തൻെറ മുഖംപൊത്തിക്കളഞ്ഞെന്നും പറയപ്പെടുന്നു. എങ്കിലും ഒടുവിൽ "കർത്താവിൻെറ നാമത്തിൽ" ഞാൻ സ്വീകരിക്കുന്നു എന്നു് കഥാനായകൻ ഉത്തരം നൽകി (I കോറ X 31; Col III 17) എന്നാൽ സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്ന പേരു ചോദിച്ചപ്പോറം ഒട്ടും സംശയിക്കാതെ "പോറം" എന്നു് പെട്ടെന്നു പറഞ്ഞു. കാരണം ഇക്കാലത്തു് മാർപ്പാപ്പാ ആയി വിജയിക്കണമെങ്കിൽ മററൊരു വി. പൗലോസുതന്നെ ആകണമെന്നു് അദ്ദേഹം മനസ്സിലാക്കി. അതോടെ പുകക്കുഴൽ വെള്ളപ്പുക പുറപ്പെടുവിച്ചു. ജനങ്ങറം ആർത്തുവിളിക്കുകയും ചെയ്തു. അപ്പോഴേക്കും കർദ്ദിനാളന്മാർ ഓരോരുത്തരായിവന്നു് പുതിയ പാപ്പായോടുള്ള തങ്ങളുടെ വണക്കവും അനുസരണവും കാണിക്കുകയായി. വയോധികരും ക്ഷീണിതരും തൻെറ അടുക്കലേയ്ക്കു് വരുന്നതു കണ്ടപ്പോറം പുതിയ പാപ്പാ സിംഹാസനത്തിൽ നിന്നിറങ്ങി അവരെ സഹായിച്ചു. സഭയുടെ സാഹോദര്യത്തിൻെറ അടയാളമായി പരസ്പരം ആശ്ലേഷിച്ചപ്പോറം എല്ലാവരോടും അദ്ദേഹം കുശലപ്രശ്നം ചെയ്തു. അക്കൂട്ടത്തിൽ കർദ്ദിനാറം ഒട്ടാവിയാനിയോടു ചോദിച്ചു;– "അങ്ങെന്നെ സഹായിക്കുമല്ലോ ഇല്ലേ?" കർദ്ദിനാറം ലെക്കാരോയോടു പറഞ്ഞു:– "അങ്ങു് ഈ സിംഹാസനത്തിൽ ഇരിക്കേണ്ടതായിരുന്നു" അതോടെ മററു തിരുക്കർമ്മാദികറംക്കു ശേഷം കർദ്ദിനാറം ആൽഫ്റഡ് ഒട്ടാവിയാനി ബാൽക്കണിയിൽ വന്നുനിന്നു് തെളിഞ്ഞസ്വരത്തിൽ ഇപ്രകാരം പരസ്യംചെയ്തു:– "Annuntio Vobis gaudiun magnum habemus papam, Eminentis–simum ac Reverendissimum Giovanem Baptistam Sanctae Romanae Ecclesiae Cardinalem Montini qui imposuit Sibi nomen Paulum VI" വി. റോമാ കത്തോലിക്കാ സഭയുടെ കർദ്ദിനാറം ജിയോവാന്നി ബാപ്റ്റിസ്റ്റാ മൊന്തീനിയിൽ നമുക്കൊരു പുതിയ പാപ്പാ ഉണ്ടായിരിക്കുന്നു എന്ന സന്തോഷവാർത്ത നിങ്ങളെ ഞാൻ

അറിയിക്കുന്നു. അദ്ദേഹം പൗലോസ് ആറാമൻ എന്ന നാമം സ്വീകരിക്കുകയും ചെയ്തിരിക്കുന്നു.''

ഇപ്രകാരം 55 കോടി കത്തോലിക്കരുടെ ആദ്ധ്യാത്മികനേതാവും ആഗോളവ്യാപകമായ കത്തോലിക്കാസഭയുടെ പരമാദ്ധ്യക്ഷനും, ക്രിസ്തുവിൻെറ ഈലോകത്തിലെ വികാരിയും, വി. പത്രോസിൻെറ 263-ാമത്തെ പിൻഗാമിയും, പടിഞ്ഞാറിൻെറ പാത്രിയർക്കീസും, റോമൻ പ്രോവിൻസിൻെറ മെത്രാപ്പോലീത്തനും ഇററലിയുടെ പ്രൈമേററും, റോമിൻെറ മെത്രാനും വത്തിക്കാൻരാജ്യത്തിൻെറ രാജാവും ആയി, ''തൊഴിലാളികളുടെ മെത്രാപ്പോലീത്താ'' എന്ന അപരനാമത്താൽ അറിയപ്പെട്ടിരുന്ന അത്യുന്നതകർദ്ദിനാൾ ജിയോവാന്നി ബാപ്്റ്റിസ്റ്റാ മൊന്തീനി തിരഞ്ഞെടുക്കപ്പെട്ടിരിക്കുന്നു. പ്രഖ്യാപനം കഴിഞ്ഞയുടൻ റോമിലെ എല്ലാ കത്തോലിക്കാ ദേവാലയങ്ങളിലും തുടർന്നു ലോകമാസകലമുള്ള കത്തോലിക്കാസ്ഥാപനങ്ങളിലും സന്തോഷസൂചകമായി കൂട്ടമണി അടിച്ചു. ജനക്കൂട്ടം ആർത്തിരമ്പി. ദൈവത്തിനു നന്ദിപറയുവാൻ "Te Deum Landamus'' എന്ന സ്തുതിഗീതം ആലപിക്കപ്പെട്ടു.

നാനാഭാഗത്തുനിന്നും ആളുകൾ അങ്കണത്തിലേക്ക് ആഞ്ഞടുക്കുകയായി. പുതിയ പാപ്പായെപ്പററി വാതുവച്ചിരുന്നവർ പന്തയത്തുകകൾ വാങ്ങുവാൻ വെമ്പൽകൊണ്ടു. 80,000- ൽ പ്പരം ജനങ്ങൾ അങ്കണത്തിൽ ഉണ്ടായിരുന്നെന്ന് പോലീസ്ഡയറിയിൽ കാണുന്നു. അല്പം കഴിഞ്ഞപ്പോൾ ജനങ്ങൾ ഒരു ലക്ഷമായി. ബസ്സിലിക്കായുടെ ജനാലകളെല്ലാം തുറക്കപ്പെട്ടു. ചെമന്ന പട്ടിൻ കുപ്പായങ്ങളണിഞ്ഞ കർദ്ദിനാളന്മാർ ബാൽക്കണിയിൽ നിരനിരയായി വന്നുനിന്നു. ജനങ്ങൾ സന്തോഷാധിക്യത്താൽ കൈലേസുകളും ശിരോവസ്ത്രങ്ങളും പൂച്ചെണ്ടുകളും മുകളിലേക്കെറിഞ്ഞു. തൊഴിലാളികൾ അന്തംവിട്ടു തുള്ളിച്ചാടി.

സുമാർ പത്തുമിനിററു കഴിഞ്ഞതോടെ സുസ്മേരവദനനും, വിനീതനും, വെള്ളവസ്ത്രാങ്കിതനുമായ ആറാം പൗലോസ് മാർപ്പാപ്പാ കൂപ്പുകൈയോടെ ബാൽക്കണിയിൽ ആഗതനായി തൻെറ അജഗണങ്ങൾക്ക് ആദ്യദർശനമരുളി.

ഏകദേശം പത്തുമിനിററുനേരം നീണ്ടുനിന്ന കരഘോഷവും ഹർഷാരവവും കഴിഞ്ഞപ്പോഠ സ്നേഹസമ്പന്നനായ ആ അജപാലകൻ സ്നേഹനിർഭരരായ തൻെറ അജഗണങ്ങഠക്ക്—അവിടെ സന്നിഹിതരും അല്ലാത്തവരുമായ എല്ലാവർക്കും— നഗരത്തിനും സമസ്തലോകത്തിനും, (urbiet orbi) തൻെറ പ്രഥമാശീവ്വാദം നൽകി. പരിസരം പരിഛേദം വിസ്മരിച്ച ജനതതി ഒന്നടങ്കം ക്രിസ്തുവിൻെറ വികാരിയുടെ സമീപത്തു് അഞ്ജലീബദ്ധരായി ആനന്ദബാഷ്പകലുഷിതരായി മുട്ടുകുറം മടക്കിനിന്നു് ആശീവ്വാദം സ്വീകരിച്ചു. "പോപ്പുരാജൻ നീണാഠ വാഴട്ടെ" എന്നു് ആർത്തുവിളിച്ചുകൊണ്ടു് സാവധാനം പിരിഞ്ഞുപോയി.

പന്ത്രണ്ടാംപീയൂസിൻെറ മുഖഭാവവും അപരിമേയ വ്യക്തിമാഹാത്മ്യവും, 23-ാം യോഹന്നാൻ മാപ്പാപ്പായുടെ പൈതൃക സ്നേഹപ്രകർഷവും തീരക്ഷീരന്യായേന ഒന്നുചേർന്നിരിക്കുന്ന പൗലോസ് തിരുമേനി വിഭിന്ന സ്വഭാവവിശേഷങ്ങളോടു കൂടിയ തൻെറ ഈ രണ്ടു പിൻഗാമികളെ അനുരഞ്ജനസാമത്ഥ്യത്തോടെ സേവിച്ചു് വിജയിച്ച ആളാണെന്നു് അഭിജ്ഞന്മാർ പ്രസ്താവിക്കുന്നു. തിരഞ്ഞെടുപ്പിനുശേഷം അദ്ദേഹത്തെ സന്ദശിച്ച നമ്മുടെ കർദ്ദിനാഠ വലേര്യൻ ഗ്രേഷ്യസ് പറയുന്നു:— "അദ്ദേഹം അത്യധികമായ ആദ്ധ്യാത്മികത്വവും പ്രശാന്തമായ ഗൗരവവും ആർദ്രമായ കരുണയുംഉള്ള ഒരുമഹാവ്യക്തിയാണു്. എല്ലാവരിലും ആശ്ചര്യപൂർവ്വകമായ ഒരു മതിപ്പു് ഉളവാക്കുവാൻപോരുന്ന വ്യക്തിമാഹാത്മ്യമാണു് അദ്ദേഹത്തിനുള്ളതു്."

## പോഠ എന്ന പേരു്

പൗലോസ് എന്ന പേരു് എടുക്കാൻ എന്താണു് കാരണമെന്ന ഒരു ചോദ്യം ഇവിടെ ഉദിക്കുന്നുണ്ടു്. മൂന്നൂററിനാല്പത്തിരണ്ടു സംവത്സരമായിട്ടു് ഒരു മാപ്പാപ്പായും സ്വീകരിച്ചിട്ടില്ലാത്ത ഒരു നാമമാണിതു്. പേരിലെന്താണു് കാര്യമിരിക്കുന്നതെന്നു് ചിലപ്പോഠ ചിന്താവിഹീനന്മാർ ചോദിച്ചേക്കാം. എന്നാൽ പേരു് അന്തസത്തയെ

സൂചിപ്പിക്കുന്നതാണെന്നു് നാം വിസ്മരിക്കരുതു്. അങ്ങനെയെങ്കിൽ പോരാ എന്ന പേരു് പൗലോസ്മാർപ്പാപ്പായുടെ അന്തസത്തയെയാണോ കാണിക്കുന്നതു്? അതെയെന്നു വേണം പറയുവാൻ. കാരണം അദ്ദേഹം ജീവിതാദർശമായി സ്വീകരിച്ചിരിക്കുന്നതു്, "വിചാരം മൂലമോ, വാക്കുമൂലമോ, പ്രവൃത്തിമൂലമോ, നിങ്ങൾ ചെയ്യുന്നതൊക്കെയും നമ്മുടെ കർത്താവീശോമിശിഹയുടെ നാമത്തിൽ ചെയ്യുവിൻ" (Col. III 17) എന്ന വി. പൗലോസിൻെറ ആശയമാണു്. ഇതാണു് പൗലോസ് ആറാമൻ തിരുമേനിയുടെ ജീവിതസത്ത. പൗലോസ് എന്ന പേരിലുള്ള തൻെറ മുൻഗാമികളായ മററു് അഞ്ചു മാർപ്പാപ്പാമാരും ഏകദേശം ഇതേ പ്രവർത്തനപരിപാടികളോടുകൂടിയവരായിരുന്നുവെന്നു് അവരുടെ ചരിത്രം പരിശോധിച്ചാൽ നമുക്കു് കാണാം.

**ഒന്നാം പൗലോസ് മാർപ്പാപ്പാ** (757 - 767) പത്തു സംവത്സരം സഭയെ സ്തുത്യർഹമായവിധം ഭരിച്ചു് വിശുദ്ധനായി. മൂന്നുദിവസം മാത്രം ഭരിച്ച സ്വന്തം സഹോദരനായ രണ്ടാം സ്റ്റീഫൻ മാർപ്പാപ്പായെ അദ്ദേഹം പിൻതുടരുകയാണു ചെയ്തതു്. ആറാം പൗലോസിനെപ്പോലെ നല്ലൊരു നയതന്ത്രജ്ഞനും, ലൊമ്പാർഡി രാജാവിൻെറ ആക്രമണങ്ങളിൽ നിന്നു് വത്തിക്കാൻരാജ്യത്തെ രക്ഷിച്ചവനും വിശുദ്ധരുടെ രൂപങ്ങളെ വണങ്ങുകയെന്ന ആചാരത്തെ അനുകൂലിച്ച ആളുമാണദ്ദേഹം. പരി. കന്യകാമറിയത്തിൻെറയും ചില വിശുദ്ധരുടേയും പ്രതിമകൾ കൊണ്ടുവന്ന പൂർവ്വദേശികളായ സന്യാസികളെ അദ്ദേഹം സ്വീകരിച്ചു സൽക്കരിക്കുകയുണ്ടായി. ജൂൺ 28–ാം തീയതിയാണു് വി. പോൾ 1–ാമൻ പാപ്പായുടെ തിരുനാൾ തിരുസ്സഭ ആഘോഷിക്കുന്നതു്.

**രണ്ടാംപൗലോസ്മാർപ്പാപ്പാ** (1464–71) മാർപ്പാപ്പാ ആകുന്നതിനുമുൻപു് കർദ്ദിനാൾ പിയെട്രൊ ബാർബൊ ആയിരുന്നു. അദ്ദേഹമൊരു കലാപ്രവീണനും കലാകാരന്മാരുടെ പ്രണേതാവുമായിരുന്നു. പ.

പിതാവ് രണ്ടാംപൗലോസ് റോമൻക്കൂരിയ പരിഷ്ക്കരിക്കുകയും ക്രമീകരിക്കുകയും ചെയ്തു. അതുപോലെ ഇതാ നമ്മെ ഭരിച്ചുകൊണ്ടിരിക്കുന്ന ആറാംപൗലോസും റോമൻക്കൂരിയാ പുന:സംഘടിപ്പിക്കുന്നതാണെന്നു ഇക്കഴിഞ്ഞ സെപ്റ്റംബർ 27–ാംതിയതി വത്തിക്കാൻ കൊട്ടാരത്തിൽവച്ച് കൂരിയായിലെ കർദ്ദിനാളന്മാർ, മെത്രാന്മാർ വൈദികർ മുതലായവക്ക് ഒരു പ്രത്യേക സന്ദർശനമനുവദിച്ചുകൊണ്ട് അവരോട് പ്രസ്താവിച്ചിരിക്കുന്നു. കൂരിയായുടെ പ്രവർത്തനം ലളിതമാക്കണമെന്നും അതിനു അധികാരവികേന്ദ്രീകരണം അനിർവാര്യമാണെന്നും തിരുമേനി പറയുകയുണ്ടായി. (ദീപിക 1963 സെപ്റ്റംബർ 24) രണ്ടാംപൗലോസ് മാർപ്പാപ്പാ ഓർത്തഡോക്സ സഭക്കാരുടെ പുനരൈക്യത്തിനായി ആശ്രാന്തം പരിശ്രമിക്കുകയും കുറെയെല്ലാം വിജയിക്കുകയും ചെയ്തു. അതുപോലെതന്നെ പൗലോസ് ആറാമൻ തിരുമേനിയും „ക്രൈസ്തവസഭകളുടെ ഏകീകരണത്തിനു ഏററവും ആവേശപൂർവ്വം'' പരിശ്രമിക്കുന്ന ആളാണ്. ഇക്കാര്യത്തിൽ പാവനസ്മരണാർഹനായ ജോൺ മാർപ്പാപ്പായുടെമേൽ അഗാധമായ സ്വാധീനം ചെലുത്താൻ ഇദ്ദേഹത്തിനു കഴിഞ്ഞിട്ടുണ്ട്. കിരീടധാരണവേളയിൽ പ. പിതാവ് പുനരൈക്യത്തിൻെറ കാര്യം പ്രത്യേകം എല്ലാവരോടും അഭ്യർത്ഥിച്ചു. ഇതെല്ലാം അദ്ദേഹത്തിൻെറ നാമധാരികളായ മുൻഗാമികളോടുള്ള ആനുരൂപ്യമല്ലെ തെളിയിക്കുന്നതു്?

**മൂന്നാംപൗലോസ്മാർപ്പാപ്പാ** (1534–49) എല്ലാത്തിലും നവീകരണം സാധിക്കുവാൻ ബദ്ധകങ്കണനായിരുന്നു. അതിനാൽ അദ്ദേഹം 1545–ൽ ത്രെന്തോസ് സൂനഹദോസ് വിളിച്ചുകൂട്ടി. സഭാപരിഷ്ക്കരണത്തിലും അതിൻെറ വികാസത്തിലും ത്രെന്തോസ് സൂനഹദോസിൻെറ പ്രാധാന്യം പ്രത്യേകമാണെന്നു് സുവിദിതമാണല്ലൊ. ഇതുപോലെതന്നെ ആറാംപൗലോസും വത്തിക്കാൻ സൂനഹദോസ് തുടരുകയും (can. 229) നവീകരണപരിഷ്ക്കാരങ്ങാം നടപ്പിലാക്കുവാൻ പരിശ്രമിക്കുകയും ചെയ്യുന്നു. മൂന്നാംപൗലോസാണ് ഈ

ശോസഭയെ അംഗീകരിച്ചതും റോമൻ ഇൻക്വിസിഷൻ ആരംഭിച്ചതും. സഭയുടെ ക്രമപരിപാലനം സുരക്ഷിതമാക്കാനുള്ള അദ്ദേഹത്തിൻെറ വ്യഗ്രതയാണീ ചെസ്റ്റികരം വ്യക്തമാക്കുന്നതു്.

**നാലാംപൗലോസ് മാർപ്പാപ്പാ** (1555–59) ഇദ്ദേഹമാണു് ത്രെന്തോസ് സൂനഹദോസിൻെറ തീരുമാനങ്ങൾ മുഴുവൻ നടപ്പിലാക്കിയതു്. വി. പൗലോസിനെപ്പോലെ ഇദ്ദേഹം നിയമങ്ങളിൽ നല്ല നിഷ്ഠയുള്ളവനായിരുന്നു. ആറാംപോൾ മാർപ്പാപ്പായും നിയമങ്ങൾ സംശയലേശംകൂടാതെ കൃത്യമായി നോക്കുന്നവ്യക്തിയാണു്. നടപ്പിലാക്കാൻ നിവൃത്തിയില്ലാത്ത നിയമങ്ങൾ അസ്ഥാനത്താണല്ലോ. വളരെ വിശുദ്ധനായിജീവിച്ച ഒരു പാപ്പായാണു് പൗലോസ് നാലാമൻ.

**അഞ്ചാംപൗലോസ് മാർപ്പാപ്പാ** . (1605–21) റോമാക്കാരനായിരുന്ന ഇദ്ദേഹം കാനൻ നിയമങ്ങളിൽ നല്ല നിശ്ചയമുള്ള ആളും അവയെ കൃത്യമായി അനുവർത്തിച്ച വ്യക്തിയുമാണു്. ആറാംപൗലോസ്പാപ്പായും അതുപോലെതന്നെ കാനൻ നിയമങ്ങൾ പ്രത്യേകം പഠിച്ചു് ബിരുദം നേടിയ ആളാണല്ലോ. മിഷ്യൻവേലയിലുള്ള ശ്രുഷ്ക്കാന്തിമൂലം, ചൈനീസ് ഭാഷയിൽ കുർബാനകൾകൊടുക്കുവാൻ പൗലോസ് പഞ്ചമൻ അനുവാദം നൽകി. വി. പൗലോസിൻെറ വേദപ്രചാര തീക്ഷ്ണത നമുക്കിവിടെ രണ്ടുപേരിലും കാണാം. അതുകൊണ്ടാണല്ലോ തിരഞ്ഞെടുപ്പിനു ശേഷം ഇൻഡ്യൻ കർദ്ദിനാളായ വലേരിയൻഗ്രേഷ്യസ് തിരുമേനി പ. പിതാവു് പൗലോസ് ആറാമൻ തിരുമേനിയെ സന്ദർശിച്ചപ്പോൾ ഒരു മിഷൻ രാജ്യമായ ഭാരതത്തേയും ജനങ്ങളേയും പ്രത്യേകവിധമായി അനുഗ്രഹിച്ചതു്. കത്തോലിക്കർ ന്യൂനപക്ഷമായ ഇൻഡ്യയിൽ വച്ചുനടത്തുന്ന ദിവ്യകാരുണ്യ കോൺഗ്രസ്സ് ഒരു വേദപ്രചാരോപാധിയാകുമെന്നു് അവിടുന്നു് ആശിക്കുന്നതും അദ്ദേഹത്തിൻെറ മിഷനിലുള്ള ഔത്സുക്യംതെളിയിക്കുവാൻ പോരുന്നതാണു്.

ഇപ്രകാരം തൻെറ മുൻഗാമികളായ അഞ്ചുപൗലോ

സ് മാർപ്പാപ്പാമാരും വി. പൗലോസിനെപ്പോലെ പ്രവർത്തനോന്മുഖരും വേദപ്രചാരതല്പരരും നവീകരണകർത്താക്കളും ആയിരുന്നു എന്നും താൻ അതുവരെ സ്വീകരിച്ചിരുന്ന വി. പൗലോസിൻെറ പ്രായോഗിക പദ്ധതിയും അരൂപിയും തീക്ഷ്ണതയും മാർപ്പാപ്പാ ആയ ശേഷവും തൻെറ ജീവിതലക്ഷ്യമായിരിക്കണമെന്നും തെരഞ്ഞെടുക്കപ്പെട്ട കർദ്ദിനാൾ ജോസഫ് ബൊപ്റ്റിസ്റ്റ തിരുമേനി തീരുമാനിച്ചു. അതിനാൽ അദ്ദേഹം ആറാം പൗലോസ് പാപ്പാ ആയി.

തെരഞ്ഞെടുപ്പു കഴിഞ്ഞാലുടനെ ഒരു നയപ്രഖ്യാപന പ്രസംഗം പതിവുണ്ട്. "ധൃതിക്കാരനായ മാർപ്പാപ്പാ" എന്നു പ്രസിദ്ധനായ പൗലോസു ആറാമൻതിരുമേനി കേവലം ഒന്നര മണിക്കൂറിനകം തൻെറ പണ്ഡിതോചിതമായ നയപ്രഖ്യാപനപ്രസംഗം തയ്യാറാക്കിവായിച്ചു. അദ്ദേഹം ആകൃതിയിൽ 12—ാംപീയൂസാണെന്നു തോന്നുന്നതിനാൽ അദ്ദേഹത്തെ അനുകരിക്കുമെന്നും 23—ാംയോഹന്നാൻപാപ്പായുടെ നയം ഇക്കാലത്തിനു പററിയതാകയാൽ അതാണു സ്വീകരിക്കുന്നതെന്നും പലവിധത്തിൽ ലോകം വിധിച്ചെങ്കിലും മുകളിൽ പറഞ്ഞതുപോലെ അദ്ദേഹം സ്വീകരിക്കുന്നതു് രണ്ടും കൂടിയ വി. പൗലോസിൻെറ നയമാണു്.

തിരഞ്ഞെടുപ്പു കഴിഞ്ഞ അടുത്തദിവസമാണല്ലൊ അവിടുത്തെ നാമഹേതുകനായ വി. യോഹന്നാൻമാംദാനായുടെ തിരുനാൾ. കർദ്ദിനാൾ തിരുസ്സംഘം ഡീനായ കർദ്ദിനാൾ ടിസ്സറൻറിൻെറ നേതൃത്വത്തിൽ അദ്ദേഹത്തിനു് മംഗളങ്ങൾ ആശംസിക്കുകയും അവരുടെ നിസ്വാർത്ഥസഹകരണം വാഗ്ദാനം ചെയ്യുകയും ചെയ്തു. അതിനു് തിരുമേനി സമുചിതമായി മറുപടി പറഞ്ഞു:— "തിരുസ്സഭ തൻെറ ദൗത്യം നിർവ്വഹിച്ചുപോരുന്ന ആധുനികലോകത്തിൻെറ ഗൗരവാവഹവും നാടകീയവുമായ പ്രശ്നങ്ങളും നിരവധിയായ ആവശ്യങ്ങളും ഇതിനു മുൻപേതന്നെ സുദീർഘമായൊരു കാലഘട്ടത്തിൽ ഞാനനുഭവിച്ചിട്ടുള്ളവയാണു്. അതിനാൽ നിങ്ങൾ വാഗ്ദാനം ചെയ്തിട്ടുള്ള നിരന്തരമായ ഈ പിന്തുണയും വിശ്വാസവും

സഹിഷ്ണുതയും പ്രാർത്ഥനയും എനിക്കാവശ്യമുണ്ട്. അതിൽനിന്നും ലോകത്തിൻെറ നിലയെപ്പററിയുള്ള അദ്ദേഹത്തിൻെറ അറിവും തിരുസ്സഭയിൽ പരസ്പരം സഹകരിച്ചുപോരുന്നതിൽ അവിടുത്തെ ആനന്ദാതിരേകവും നിതരാം വെളിപ്പെടുന്നുണ്ട്.

ആറാംപൗലോസ് തിരുമേനി തിരഞ്ഞെടുപ്പുകഴിഞ്ഞ ആദ്യത്തെ ഞായറാഴ്ച മദ്ധ്യാഹ്നത്തിൽ സെൻറ് പീറേറഴ്സിൻെറ അങ്കണത്തിൽ കൂടിനിന്നിരുന്ന 50,000 വരുന്ന ജനാവലിയെ വത്തിക്കാൻ കൊട്ടാരത്തിൻെറ വാതായനത്തിൽ നിന്നു ആശീർവദിക്കുകയുണ്ടായി. പതിവുപോലെ തിരുമേനി അവരോടൊത്തു് ത്രികാലജപം ചൊല്ലുകയും ചെയ്തു.

ജൂൺ29—ാം തിയതി തിരുമേനി റോമിലെ സെൻറ് കാർലോ ദേവാലയത്തിൽ വച്ച് മിലാൻ അതിരൂപതയിലെ ജനങ്ങൾക്കുവേണ്ടി അംബ്രോസ്യൻ റീത്തിൽ ദിവ്യബലി അപ്പിക്കുകയുണ്ടായി. ചരിത്രത്തിൽ ആദ്യമായിട്ടാണു് ഒരു മാർപ്പാപ്പാ അംബ്രോസ്യൻ റീത്തിൽ കുർബ്ബാന അപ്പിക്കുന്നതു്. അന്നുതന്നെ 1000 ത്തോളം വരുന്ന പത്രപ്രതിനിധിസംഘത്തെ ക്ലെമൻറയിൻഹാളിൽവച്ച് സ്വീകരിച്ചു. തൻെറ പിതാവൊരു പത്രപ്രവത്തകൻ കൂടിയായിരുന്നവിവരം അനുസ്മരിച്ചുകൊണ്ട് അവരെ ‘‘സഹപ്രവത്തകരും സ്നേഹിതരും’’ എന്നാണു് അഭിസംബോധന ചെയ്തതു്. പത്രപ്രവത്തനത്തിൻെറ മാഹാത്മ്യവും അതിൻെറ ശക്തിയും സ്വാധീനവും അദ്ദേഹം പ്രശംസിച്ചു. അവർ ചെയ്യുന്ന സേവനങ്ങൾക്ക് നന്ദിപറയുകയും ചെയ്തു. കിരീടധാരണത്തിനുശേഷം അദ്ദേഹം റേഡിയോനിലയവും പോസ്റ്റോഫീസും ഒസ്സർവാത്തോരെ റൊമാനോ പത്രമാഫീസും സന്ദർശിച്ചു. ഇതെല്ലാം അദ്ദേഹത്തിൻെറ കീഴുള്ളവരോടുള്ള സഹകരണത്തിൻേറയും ആത്മാത്ഥതയുടേയും പ്രത്യക്ഷലക്ഷണമാണു്.

## അദ്ധ്യായം ഏഴ്

# ഇപ്പോഴത്തെ മാർപ്പാപ്പായുടെ സ്വഭാവം ഒററനോട്ടത്തിൽ

അത്യുന്നത കർദ്ദിനാൾ ജിയോവാന്നി ബാപ്ററി സ്റ്റാമൊന്തീനി തിരുമനസ്സുകൊണ്ടു് അഖിലലോകകത്തോലിക്കാതിരുസ്സഭയുടെ അനിഷേധ്യതലവനായി തെരഞ്ഞെടുക്കപ്പെട്ടതുവരെയുള്ള ചരിത്രമാണല്ലൊ ചുരുക്കമായിട്ടെങ്കിലും നാമിതുവരെ കണ്ടുകഴിഞ്ഞതു്. അദ്ദേഹത്തിൻെറ അപ്രമാദിത്വമുള്ള അധികാരത്തിനു് അധീനരായി ഇന്നു് 19 പാത്രിയർക്കീസുമാരും 81 കർദ്ദിനാളന്മാരും 2000ത്തിൽപരം മെത്രാന്മാരും 4 ലക്ഷത്തോളം വൈദികരും 55 കോടി കത്തോലിക്കരുമുണ്ടു്. ഇവരിൽ ചക്രവർത്തിമാരും രാജാക്കന്മാരും, രാഷ്ട്രമീമാംസകർ, ശാസ്ത്രജ്ഞന്മാർ സാഹിത്യകാരന്മാർ മുതലായവരും ഉൾപ്പെടുന്നു. ഈ ഭൂലോകത്തിലാകമാനം സൂര്യനസ്തമിക്കാത്ത ഭൂഭാഗങ്ങളിലായവർ താമസിക്കുന്നു. ഈ ലോകത്തു് യാതൊരു ശക്തിക്കും അഗമ്യവും അപ്രാപ്യവുമായൊരു ഭരണീയസംഘം പ. പിതാവിനുണ്ടു്. ഈ മഹത്വവും സ്ഥാനവും ആചന്ദ്രതാരം അക്ഷോഭ്യമായിത്തന്നെ ലോകത്തിൽ നിലനിൽക്കുകയും ചെയ്യും. കാരണം കർത്താവു് ഇക്കാര്യം സുവ്യക്തമായ ഭാഷയിൽ പ്രവചിച്ചിട്ടുണ്ടു്. (St. Mathew XVI 18; XXVIII 20; St. Luke I 33; St. John XXI 15–17) ഇത്ര മഹത്വമേറിയ സ്ഥാനമലങ്കരിക്കുന്ന മാർപ്പാപ്പായുടെ യോഗ്യതകൾ അപാരങ്ങളും അസാധാരണങ്ങളുമായിരിക്കണം. "അദ്ദേഹം വ

ജ്ഞാനാനുഗൃഹീതനും മാനുഷികവും ദൈവികവുമായ തത്വശാസ്ത്രത്തിലും ശാസ്ത്രതത്വങ്ങളിലും വിദഗ്ദ്ധനും നയതന്ത്രത്തിൻേറയും രാഷ്ട്രമീമാംസയുടേയും ദുഷ്ക്കര പ്രശ്നങ്ങളിൽ പ്രായോഗികജ്ഞാനിയും ഭൂമിയേയും സ്വർഗ്ഗത്തേയും യോജിപ്പിക്കുന്ന ഒരു സജീവ സോപാനവും, സാമൂഹ്യവർഗ്ഗങ്ങളെ കൂട്ടിയിണക്കുന്ന ഒരു ചങ്ങലയും ക്രൈസ്തവ വിരുദ്ധമായവപോലുമുൾപ്പെടെയുള്ള സർവ്വരാജ്യങ്ങളേയും തമ്മിൽ കൂട്ടിയിണക്കുന്ന സമാധാനത്തിൻെറ ഒരു പാലവുമായിരിക്കണം.

സഭ എന്നെന്നും നിലനില്ക്കുമെന്നു് ക്രിസ്തുചെയ്ത പ്രവചനം പ്രതിവചനം പ്രാവർത്തികമാകണമെങ്കിൽ പരിശുദ്ധാത്മാവ് അവളെ നയിക്കണമെന്നതു് അനുക്തസിദ്ധമാണല്ലൊ. പരിശുദ്ധാത്മാവ് അവളെ നയിക്കുന്നതു്, അവിടുന്നു് കർദ്ദിനാളന്മാർ വഴി തിരഞ്ഞെടുക്കപ്പെടുന്ന അവിടുത്തെ പ്രതിപുരുഷന്മാരിൽക്കൂടിയാണെന്നതിനും സംശയമില്ലാ. അതിനാൽ കർദ്ദിനാളന്മാർ ഒരാളെ പാപ്പായായി തിരഞ്ഞെടുത്തുകഴിഞ്ഞാൽ അദ്ദേഹം മേൽപ്പറഞ്ഞ ഗുണഗണങ്ങളുടെ കേദാരമായിരിക്കുമെന്നതിനും പിന്നെ സംശയിച്ചിട്ടു കാര്യമില്ല. ഈ ന്യയംവച്ചു് പ.പിതാവു്പോൾ ആറാമൻ തിരുമനസ്സുകൊണ്ടു് ദൈവനിർദ്ദിഷ്ടങ്ങളായ നിദാന്തഗുണഗണങ്ങളുടെ വിളനിലമാണു്.

അതോടൊപ്പം അദ്ദേഹത്തിൻെറ വ്യക്തിഗതമായ സ്വഭാവത്തിൻെറ സവിശേഷതകളിലേയ്ക്കുംഒന്നെത്തിനോക്കേണ്ടതു് അത്യാവശ്യമാണു്. ജിയോവാന്നി– ജാബത്തിസ്റ്റാ എന്നായിരുന്നു ഓമനപ്പേരു്– ശിശുവായിരുന്നപ്പോൾതന്നെ ക്ലോറിന്താസാനോഞ്ഞി എന്നൊരു വളർത്തമ്മയ്ക്കു് ഏൽപ്പിക്കപ്പെട്ടു. ശിശുവായിരുന്നപ്പോൾത്തന്നെ ബുദ്ധിമാനായി കാണപ്പെട്ടിരുന്നു എന്നു് പ്രസ്തുത നേഴ്സിൻെറ മകൾ പറയുന്നു. അപാര ബുദ്ധിമാനായിരുന്ന 12–ാംപീയൂസിൻെറ പിൻഗാമിയാകാനുള്ള ഒരുക്കം അന്നേ ആരംഭിച്ചെന്നു വേണം ഇതിൽനിന്നും മനസ്സിലാക്കാൻ. പ്രസ്തുത സ്ത്രീ തുടരുന്നു. ‘‘തനിച്ചുനടക്കണമെന്ന ആഗ്രഹം അവനുണ്ടു്. മേശയിലോമറേറാ പിടിച്ചെഴുന്നേൽക്കും; രണ്ടടി നടന്നെങ്കിലായി; ഉടനെ വീഴും,

പിന്നെയും വാശിയോടെ എഴന്നേല്ക്കും, നടക്കും ഇങ്ങനെ നിരാശയ്ക്കധീനമാകാത്ത സ്ഥിരോത്സാഹശീലം അന്നേ അദ്ദേഹം തഴങ്ങിയതാണ്. അതിന്നും നിലനില്ക്കുന്നു. ധീരതയ്ക്കും അന്ന് അദ്ദേഹം പിന്നിലായിരുന്നില്ല. സമകാലികനായ ഒരു വാച്ചറിപ്പോർ പറയുന്നു:— "ഞങ്ങളുടെ പ്രിയപ്പെട്ട ജാബത്തിസ്റ്റാ ഞങ്ങളാരും കയറിയിട്ടില്ലാത്ത ഒരു വൃക്ഷത്തിൽ ഒരു ദിവസം കയറി ഞങ്ങളെ തോല്പിച്ചു. അതുപോലെതന്നെ ദുഷ്ടാത്മപികരം താമസിക്കുന്നതെന്ന് വിശ്വസിക്കപ്പെട്ടിരുന്ന ഒരു ഗുഹയിലും ജാബത്തിസ്റ്റാ, തനിക്ക് അവയെ ഭയമില്ലെന്നു പറഞ്ഞുകൊണ്ട് കയറി. ഈ ധൈര്യം പില്ക്കാലത്ത് മുസ്സോലിനിയുടെ മുൻപിൽപോലും അദ്ദേഹം കാണിച്ചു. ധൈര്യത്തിലും ബുദ്ധിയിലും മാത്രമായിരുന്നില്ലാ, ഭക്തിയിലും അവൻ മുന്നണിയിൽത്തന്നെ ആയിരുന്നു. അല്പം അകലെ ആയിരുന്നു ദേവാലയമെങ്കിലും അവൻ 8 മണിക്കുള്ള വി. കുർബ്ബാനയിൽ സംബന്ധിച്ചിരുന്നു. പഠനകാലത്തുപോലും രോഗികളെ ആശ്വസിപ്പിക്കുവാൻ പോകുമായിരുന്നു. ഈ വ്യക്തിഗതമായ ഗുണമാണ് തിരഞ്ഞെടുപ്പുകഴിഞ്ഞിട്ട് ആദ്യമായി, രോഗിയായി കിടന്നിരുന്ന 90 വയസ്സുള്ള ആർച്ചുബിഷപ്പ് സ്ലീപ്പേ തിരുമേനിയേയും അദ്ദേഹം സന്ദർശിച്ച് ആശ്വസിപ്പിച്ചതും രോഗിയായ മുൻഫ്രഞ്ചുമന്ത്രിഷൂമാന് അപ്പസ്തോലികാശീർവ്വാദം നൽകിയതും. ഇപ്പോഴും ഈ പരിപാടി അദ്ദേഹം തുടരുന്നു. ആരെയും നിസ്സാരന്മാരായി ഗണിക്കുക അദ്ദേഹത്തിന്ന് അചിന്ത്യമാണ്. സ്ലീപ്പേ തിരുമേനിയെ കാണാൻ പോകുമ്പോൾ 70 വയസ്സുകാരനായ പാവപ്പെട്ട ഒരു പോർട്ടറെ കണ്ട് "പീയറിനോ, സുഖമല്ലേ! മംഗളങ്ങൾ" എന്നു പറഞ്ഞു് ആ പഴയ സ്നേഹിതനെ ആശംസിച്ചു. ഇത്രയ്ക്ക് പതിതകാരുണികനാണ് നമ്മുടെ പ. പിതാവ്. അതുപോലെതന്നെ റോമിലെ സ്പാനിഷ്കോളേജിൽ ശയ്യാവലംബിയായിരുന്ന സ്പെയിനിലെ പ്രൈവറ്റ് കർദ്ദിനാൾ പ്ലാ (Pla)തിരുമേനിയെ സന്ദർശിക്കുവാൻ പോയപ്പോൾ കാറ് ഗേററിങ്കൽ മുട്ടി. ഉടനെ കാറ് നിറുത്തി അദ്ദേഹം നടന്നുകയറിപ്പോയി. 23—ാം യോഹ

ന്നാൻ മാർപ്പാപ്പായുടെ സാധാരണത്വവും ഇദ്ദേഹത്തിൽ ഒത്തിണങ്ങിയിട്ടുണ്ടെന്നതിനുദാഹരണമാണ് ഈ സംഭവം. ആധുനികസഭാനേതാവിനുണ്ടായിരിക്കേണ്ട ഗുണവിശേഷങ്ങളാണല്ലൊ ഇവയെല്ലാം.

പഠനത്തിൽ കുശാഗ്രബുദ്ധിയായിരുന്നു; ഇപ്പോഴും അതിനല്പവും വ്യതിയാനം വന്നിട്ടുമില്ല. പാതിരാത്രി കഴിയുന്നതുവരെ വായിക്കുന്നതു കാണുമ്പോൾ അന്ന് അമ്മ ഉറങ്ങുവാൻ പറയും; അപ്പോൾ "ഇതാ ഈ അദ്ധ്യായംതീരുമ്പോൾ ഉറങ്ങിക്കൊള്ളാം". എന്നു ജോബത്തിസ്റ്റാ പറയും. ഇപ്പോഴും നല്ലൊരു വിദ്യാർത്ഥിയെപ്പോലെ സ്ഥിരോത്സാഹിയാണ്. രാത്രി ഒന്നരമണിക്കേ ഉറങ്ങുകയുള്ളു. അതാണല്ലൊ വി. പത്രോസിൻെറ സിംഹാസനം അലസന്മാർക്കുള്ളതല്ലെന്നു പറയുന്നതു്.

എവിടേയും അടുക്കും ക്രമവും ആരംഭത്തിലേ ജിയോവാന്നി ഇഷ്ടപ്പെട്ടിരുന്നു. വിദ്യാർത്ഥിയായിരുന്നപ്പോൾ സൗകര്യാർത്ഥം അവൻെറയിൻകുന്നിൽ പിതാവിനോടുകൂടിയാണ് താമസിച്ചിരുന്നതു്. അന്നു അവൻെറ മുറി ക്രമീകരിച്ചിരുന്നതു് പ്രശംസാർഹമായ വിധമായിരുന്നു. പുസ്തകങ്ങൾ അന്നന്നത്തെ ഉപയോഗം കഴിഞ്ഞാലുടനെ അടുക്കിവയ്ക്കുകയായി. ഒരു കുരിശുരൂപവും പ. കന്യകാമറിയത്തിൻെറ ചിത്രവും ഒരു കുടുംബഫോട്ടോയും മാത്രമായിരുന്നു അലങ്കാരവസ്തുക്കൾ; "ക്രമംപാലിക്കുക. എന്നാൽ ക്രമം നിന്നെ പാലിച്ചുകൊള്ളു"മെന്ന. ആപ്തവാക്യം ആദ്ധ്യാത്മികത്വത്തിലും ലൗകികകാര്യങ്ങളിലും തിരുമേനിയുടെ വഴിവിളക്കാണ്.

തത്വത്തിലൂടെയാണെങ്കിലും ആരേയും എതിർത്തു് വികാരക്ഷോഭത്തിനിടയാക്കുന്ന സ്വഭാവം മാർപ്പാപ്പായ്ക്കു് നിശേഷമില്ല. കാൻറർബറി ആർച്ചുബിഷപ്പിൻെറ സ്വന്തം പ്രതിനിധിയായി റോമിൽ താമസിക്കുന്ന കാനൻ പവ്‌ലി തൻെറ ഒരു പൂർവ്വാനുഭവം വിവരിക്കുന്നു:– "ജിയോവാന്നി കർദ്ദിനാൾ മിലാൻ മെത്രാപ്പോലീത്താ ആയിരുന്നപ്പോൾ അദ്ദേഹത്തിനു് ആംഗ്ലിക്കൻ സഭയെപ്പററി അടുത്തറിയുന്നതിനായി ഞങ്ങൾ നാലഞ്ചു ആംഗ്ലിക്കൻ വൈദികരെ അദ്ദേഹം മിലാനിലേക്കു ക്ഷണിച്ചു.

ഞങ്ങളവിടെ അനൗദ്യോഗികവും സൗഹാർദ്ദപൂർണ്ണവുമായ ചർച്ചകൾ നടത്തി.... പരസ്പരാഭിപ്രായവ്യത്യാസമുള്ള വിഷയങ്ങളെപ്പററി അദ്ദേഹം പ്രത്യേകം ചോദിക്കുക പോലും ചെയ്തില്ലാ "Light, not heat, should be the aim of discussion'' വിജ്ഞാനവെളിച്ചമാണ്, വികാരജ്വലനമല്ലാ ചർച്ചയുടെ ഉദ്ദേശമെന്ന് തിരുമേനി നന്നായി ഗ്രഹിച്ചിട്ടുണ്ട്. അതുപോലെതന്നെ ആംഗ്ലിക്കൻ ബിഷപ്പായ ഡോക്ടർ റാംസേ പ. പിതാവിൻെറ ഇപ്പറഞ്ഞ അനുരഞ്ജനമനോഭാവത്തെ ശ്ലാഘിച്ചുപറയുന്നു:— "ദിവംഗതനായ 23—ാം ജോൺ മാർപ്പാപ്പാ പ്രോട്ടസ്റ്റൻറു സഭയോടു കാണിച്ച അനുരഞ്ജനമനോഭാവംതന്നെ പോൾമാർപ്പാപ്പായും തുടരുമെന്ന് എനിക്കുറപ്പുണ്ട്. കാരണം അദ്ദേഹം ആരുടേയും വികാരത്തെ വ്രണപ്പെടുത്താറില്ലാ.'' പ്രതിമാസം 700 രൂപായോളം കിട്ടിക്കൊണ്ടിരുന്ന മൊന്തീനിക്ക് റോമാ വിട്ടുപോകാൻ സമയത്ത് ഒരു തുകൽ സഞ്ചിപോലും സ്വന്തമായിട്ടുണ്ടായിരുന്നില്ലാ. സ്വപിതാവിൽനിന്ന് ഒരെണ്ണം കടം വാങ്ങുകയാണു ചെയ്തത്. അത് ഇദ്ദേഹത്തിൻെറ ദാരിദ്ര്യാരൂപിയാണല്ലൊ കാണിക്കുന്നത്.

23—ാം യോഹന്നാൻ മാർപ്പാപ്പായെപ്പോലെതന്നെ വലിയ വിശേഷണങ്ങൾ തന്നെപ്പററി ഉപയോഗിക്കുവാൻ വിനയാന്വിതനായ തിരുമേനി ഇഷ്ടപ്പെടുന്നില്ല. പ. പിതാവെന്നു മാത്രം തന്നെ സംബോധന ചെയ്താൽ മതിയെന്ന് അദ്ദേഹം ഈയിടെ ഏവക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. ബന്ധനസ്ഥരോട് വലിയ കരുണയാണ് പ. പിതാവിനു്. അദ്ദേഹത്തിൻെറ തിരഞ്ഞെടുപ്പ് കിരീടധാരണം എന്നിവക്കുശേഷം അദ്ദേഹം ജയിൽ സന്ദർശിക്കുകയും ബന്ധനസ്ഥൎക്ക് സദ്യ നൽകുകയും ചെയ്തു. തൻെറ ബഹുമാനത്തിനായി സ്പെയിനിലെ 4000ത്തോളം ജയിൽവാസികൾ മോചിതരായി. അതിനുടനെ പ. പിതാവ് നന്ദി രേഖപ്പെടുത്തി. അതുപോലെതന്നെ 20 വർഷമായിതടവിലായിരുന്നഒരാളെകഴിഞ്ഞ സെപ്ററംബറിൽ തിരുമേനി കൃപാശ്ചെയ്തു മോചിപ്പിച്ചു. ഒരു

പിതാവിൻെറ വാത്സല്യപ്രഹർഷമാണിതെല്ലാം കാണിക്കുന്നതു്.

അതുപോലെ, തന്നെ സന്ദർശിക്കുന്നവർക്ക് ആദ്ധ്യാത്മികമായ സൂചന നൽകാൻ തിരുമേനി മറക്കുകയില്ല. കഴിഞ്ഞ സെപ്റ്റംബറിൽ റോം സന്ദർശിച്ചവരോടും തന്നെ സന്ദർശിച്ച വിയററ്നാം വിദ്യാർത്ഥികളോടും റോമിൻെറ കലാഭംഗിയും ചരിത്രപ്രാമാണ്യവും ആസ്വദിക്കുന്നവർ, അതിൻെറ പിന്നിലുള്ള ആദ്ധ്യാത്മികത്വത്തേയും മാനിക്കുവാൻ ശ്രമിക്കണമെന്നു് ഉപദേശിക്കുകയുണ്ടായി. അതുപോലെതന്നെ ഐക്യവും സമാധാനവും തിരുമേനി എപ്പോഴും ആഗ്രഹിക്കുന്നു. അണ്വായുധനിരോധന ഉടമ്പടിയിൽ ഒപ്പുവച്ച അമേരിക്കൻ പ്രസിഡൻറു്, ബ്രിട്ടീഷു് പ്രധാനമന്ത്രി, റഷ്യൻപ്രധാനമന്ത്രി മുതലായവർക്ക് അദ്ദേഹം അനുമോദനസന്ദേശം അയച്ചുകൊടുത്തു. അതിൽ അവരുടെ ഉടമ്പടി "ഐക്യമനോഭാവത്തിൻെറ അച്ചാരവും സമാധാനപൂരിതമായ ഒരു ഭാവിയുടെ വാഗ്ദാനവുമാണെ"ന്നദ്ദേഹം എടുത്തു പറഞ്ഞിരിക്കുന്നു. വീണ്ടും 1963 ജൂലൈ 2-ാംതിയതി തന്നെ സന്ദർശിച്ച അമേരിക്കൻ പ്രസിഡൻറു് കെന്നഡിയോടും, റഷ്യൻ പ്രധാനമന്ത്രി ക്രൂഷേവിൻെറ അഭിനന്ദനത്തിനു് നൽകിയ മറുപടിയിലും ലോകസമാധാനത്തിനായവർ പരിശ്രമിക്കണമെന്നു് തിരുമേനി അഭ്യർത്ഥിച്ചു. അദ്ദേഹത്തിൻെറ സമാധാനപ്രിയത്തിനു് ഉദാഹരണങ്ങളാണു് ഈ സംഭവങ്ങൾ.

മനുഷ്യൻെറ മഹത്വവും സർവ്വസാഹോദര്യവും അദ്ദേഹത്തിനു് ജീവനാണു്. തൻെറ കിരീടധാരണാഘോഷങ്ങളിൽ സംബന്ധിച്ച 90 രാഷ്ട്രങ്ങളുടെ പ്രതിനിധികളോടു് സംസാരിക്കവേ, പുത്തനായി സ്വാതന്ത്ര്യം പ്രാപിച്ച ആഫ്രിക്കൻ രാഷ്ട്രങ്ങളെ അഭിനന്ദിക്കുകയും, ലോകത്തിൽ ചിലടത്തെല്ലാം നിലവിലിരിക്കുന്ന ഉച്ചനീചത്വ മനോഭാവം ഇക്കാലത്തു് ഉചിതമല്ലെന്നും മനുഷ്യനും മനുഷ്യനും തമ്മിൽ വ്യത്യാസമില്ലെന്നും എല്ലാവരും സഹോദരരാണെന്നും ഊന്നിപ്പറയുകയുണ്ടായി. ദൈവതിരുമുൻപിൽ ജാതിവർണ്ണവിവേചനയില്ലെന്നും തന്നെ

സ്നേഹിക്കുകയും പുണ്യകർമ്മങ്ങൾ പ്രവർത്തിക്കുകയും ചെയ്യുന്ന ഏതൊരു മനുഷ്യനേയും ദൈവം സ്വാഗതം ചെയ്യുമെന്നും അദ്ദേഹം ഉപദേശിച്ചു. വീണ്ടും ഇതെല്ലാം ഒരു പൊതുപിതാവിൻെറ മനോഭാവമല്ലെ കാണിക്കുന്നത്? കർദ്ദിനാൾ സംഘത്തിൽ പല ദേശക്കാർക്കുള്ള താരതമ്യപ്രാതിനിധ്യം കൊടുക്കാനാണ് അദ്ദേഹം 1953—ൽ കർദ്ദിനാൾ സ്ഥാനം ഉപേക്ഷിച്ചത്. അത് സർവ്വസാഹോദര്യത്തിൻെറ ലക്ഷണമല്ലേ?

കർദ്ദിനാൾ മൊന്തീനിയുമൊരുമിച്ച് ഏകദേശം 15 സംവത്സരം ജോലി ചെയ്തിട്ടുള്ള വത്തിക്കാനിലെ ഒരു മോൺ. പ. പിതാവ് ധൃതിക്കാരനാണെന്നു പറയുന്നു:— „സമസ്തവിഷയങ്ങളേപ്പററിയും അദ്ദേഹം ചിന്തിക്കുന്നു. എല്ലാം, ദിനപ്പത്രങ്ങൾ പോലും, ആദ്യന്തം വായിക്കും. ചെയ്യുന്നതെന്തും എളുപ്പത്തിൽ തീർക്കും, ക്രമമായും കൃത്യമായും, ജോലിചെയ്യുന്നവക്ക് ചില സമ്മാനങ്ങൾ തിരുമേനി നൽകും. ഉറക്കവും ഭക്ഷണവും കുറവാണ്. ഒന്നിലും മുഷിച്ചിലെന്നൊന്നില്ല. ദീർഘനേരം ജോലിചെയ്യും. ഓർമ്മശക്തി അപാരമാണുതാനും.'' തിരഞ്ഞെടുപ്പിനു ശേഷം പതിവുള്ള നയപ്രഖ്യാപനസന്ദേശം കേവലം ഒന്നര മണിക്കൂർകൊണ്ടദ്ദേഹം തയ്യാറാക്കി പാരായണം ചെയ്തെന്ന് നാം നേരത്തെ കണ്ടതാണല്ലൊ.

„തികഞ്ഞ വ്യക്തിവിലാസം, സ്വതന്ത്രചിന്ത എന്നിവയ്ക്കും പുറമേ ഇന്നത്തെ സാഹചര്യങ്ങളുടെ പ്രത്യേകതകളും പരാധീനതകളുമെല്ലാം അദ്ദേഹത്തിന് സുജ്ഞാതങ്ങളാണ്. 30 വത്സരം റോമൻ കൂരിയായിൽ കഴിച്ചുകൂട്ടിയതിനാൽ, അവിടത്തെ പാരമ്പര്യങ്ങളിലും ആചാരാനുഷ്ഠാനങ്ങളിലും, നല്ല അവഗാഹമുണ്ട്. ഇററാലിയൻ സെമിനാരി ജീവിതത്തിൽ 6 മാസത്തിൽ കൂടുതൽ കഴിഞ്ഞിട്ടില്ല. ചെറുപ്പത്തിലേ അനാരോഗ്യവാനായിരുന്നതിനാൽ എന്തും ക്ഷമാപൂർവ്വം സഹിക്കുന്നതിനുള്ള കഴിവ് സീമാതീതമാണ്.

ആകൃതിയെപ്പററിപ്പറഞ്ഞാൽ അദ്ദേഹം 12—ാംപീയൂസ് പാപ്പായെപ്പോലിരിക്കുന്നു. 5 അടി 10 ഇഞ്ചുയരവും 154 പൗണ്ട് തൂക്കവുമുണ്ടെന്നു് 1963 ജൂൺ 28—ാം തീയ



കിരീടധാരണാനന്തരം പ്രഥമാശീർവാദം (Urbi et Orbi)
(30—6—1963)



വത്തിക്കാൻ സൂനഹദോസ് രണ്ടാം സമ്മേളനം ഉൽഘാടനം ചെയ്യുന്നു.
(29–9–1963)

തിയിലെ "ടൈം'' മാസിക പറയുന്നു. അതുപോലെതന്നെ അദ്ദേഹത്തിൻെറ പെരുമാററംകണ്ടാൽ അദ്ദേഹം മാപ്പാപ്പാ ആയിട്ട് അനേക വർഷങ്ങളായെന്നു തോന്നിപ്പോകുമെന്നൊരു റിപ്പോർട്ടർ പറയുന്നു. പോൾ മാപ്പാപ്പാ, തൻെറ പിതാവ് ചെറുപ്പത്തിൽ പഠിപ്പിച്ചതുപോലെ തന്നോടുതന്നെ വളരെ കർക്കശനാണ്; എന്നാൽ മററുള്ളവരോട് അദ്ദേഹം മൃദുലഹൃദയനും സംസ്ക്കാരസമ്പന്നനുമാകുന്നു. അദ്ദേഹത്തെ മിലാൻ മെത്രാപ്പോലീത്താ ആക്കിയപ്പോൾ "നിശ്ശബ്ദനായൊരു നയതന്ത്രജ്ഞനിതാ ഒരു അജപാലകക്കൊട്ടുകാററായിരിക്കുന്നു.'' എന്ന് പത്രങ്ങൾ റിപ്പോർട്ടു ചെയ്യുകയുണ്ടായി. അതോടൊപ്പം മിലാനിലെ ആളുകൾ പറഞ്ഞു അദ്ദേഹത്തെയാണ് മിലാൻ കാത്തിരുന്നതെന്ന് ഒററ വാക്യത്തിൽപറഞ്ഞാൽ പ. പിതാവ് പോൾ ആറാമൻ തിരുമേനി, മാനവചരിത്രത്തിലേററവും അപകടകരമായൊരു കാലഘട്ടത്തിൽ തൻെറ സഭയെ നയിക്കുവാൻ ദൈവപരിപാലനയിൽ പരിശുദ്ധാത്മാവിനാൽ തിരഞ്ഞെടുക്കപ്പെട്ട ഭക്തനും പണ്ഡിതനുമായൊരു മാപ്പാപ്പായാണ് എന്നതിന് സംശയമില്ല.

---

## അദ്ധ്യായം എട്ട്

# കിരീടധാരണം

ആചന്ദ്രതാരം നിലനില്ക്കുവാനുള്ള ആഗോളവ്യാപകമായ കത്തോലിക്കാതിരുസ്സഭയുടെ ഈ ലോകത്തിലെ ഏക തലവൻെറ കിരീടധാരണം അലൗകികസ്വഭാവത്തോടു കൂടിയതും ലോകൈക പ്രാധാന്യമർഹിക്കുന്നതുമാണു്. എല്ലാ ദൃഷ്ടികളും റോമിലേയ്ക്കു്—വത്തിക്കാനിലേയ്ക്കു് തിരിക്കുന്ന ഏക സംഭവമാണതു്.

കിരീടധാരണം ദർശിക്കുവാനായി നാനാദേശത്തുനിന്നും നാനാജാതിമതസ്ഥർ അനേകം വന്നുകൂടി. പരിശുദ്ധപിതാവിൻെറ സ്വദേശമായ ബ്രേഷിയായിൽനിന്നുള്ള തൊഴിലാളികളും ജോലിസ്ഥലമായിരുന്ന മിലാനിൽ നിന്നുള്ള റെഡ്ക്രോസ് പ്രവർത്തകരുമുൾപ്പെടെ അയ്യായിരം പേർ നേരത്തേതന്നെ വത്തിക്കാനിലെത്തിയിരുന്നു. ഇപ്രകാരം തടിച്ചുകൂടിയ മനുഷ്യമഹാസമുദ്രം സമയം സമീപിക്കുന്തോറും 'പോപ്പുരാജൻ ജയിക്കട്ടെ' എന്നു് ആർത്തിരമ്പി; ശബ്ദവീചികൾ അലയടിക്കുവാൻ തുടങ്ങി. അഭൂതപൂർവ്വമായ ആ ജനാവലിക്കു് കിരീടധാരണച്ചടങ്ങു മുഴുവൻ ദൃശ്യമാകത്തക്കവിധത്തിൽ മുൻപതിവിനെതിരായി പരിപാടികളെല്ലാം സെൻറു് പീറേറഴ്സിൻെറ അങ്കണത്തിൽ പ്രത്യേകം അലങ്കരിച്ചൊരുക്കിയ മണ്ഡപത്തിൽ വച്ചാണു് നടത്തിയതു്.

ഇന്നത്തേതുപോലുള്ള കിരീടധാരണച്ചടങ്ങു് ആദ്യത്തെ പത്തു നൂററാണ്ടുവരെ നടപ്പിലില്ലായിരുന്നു. മെത്രാഭിഷേകച്ചടങ്ങിൽ നിന്നാണിതിൻെറ ഉത്ഭവം. റോമി

ലെ മെത്രാന് (മാപ്പാപ്പായാണ് റോമിലെ മെത്രാൻ) മററു മെത്രാന്മാരിലുള്ള മേന്മയും അധികാരവായ്പും പ്രത്യേകമായി ഗണിക്കപ്പെട്ടുപോന്ന അഞ്ചാം നൂററാണ്ടുമുതലാണ് ഈ ചടങ്ങു വികസിക്കുവാൻ തുടങ്ങിയത്.

മാപ്പാപ്പായുടെ കിരീടധാരണത്തിന് പ്രധാനമായി മൂന്നു ഭാഗങ്ങളുണ്ട്; ഒന്നാമത്തേത് വത്തിക്കാൻ അരമനയിൽ നിന്നും വി. പത്രോസിൻെറ ബസ്ലിക്കായിലേക്കുള്ള എഴുന്നള്ളത്ത്. രണ്ടാമത്തേത് ഇടയ്ക്കിടയ്ക്കുള്ള തിരുക്കർമ്മങ്ങൾ ഉൾക്കൊള്ളുന്ന പ. പിതാവിൻെറ ദിവ്യബലി സമർപ്പണം. മൂന്നാമത്തേത് സെൻറ് പീറേറഴ്സിൻെറ അങ്കണത്തിൽ അല്ലെങ്കിൽ മട്ടുപ്പാവിൽ വച്ച് നടത്തുന്ന അർത്ഥസമ്പുഷ്ടമായ കിരീടധാരണം എന്നിവയാണ് ഈ മൂന്നു ഭാഗങ്ങൾ.

1963 ജൂൺ 30–ാം തീയതി വൈകുന്നേരം 7.30 ന് വത്തിക്കാനിൽ നിന്നും തിരുക്കർമ്മ നേതാവിൻെറ നിർദ്ദേശത്തോടെ മുഴങ്ങിയ രജതനിർമ്മിതമായ ആ റൂമ്പറ്റിലിൻെറ മധുരസ്വരം കേട്ടപ്പോൾ ഘോഷയാത്ര ആരംഭിച്ചു. അതിൻെറ മുമ്പിൽ പേപ്പൽ കുരിശു വഹിക്കുന്ന തിരുക്കർമ്മനിയന്ത്രകൻ, വത്തിക്കാനിലെ പട്ടാളവകുപ്പുകൾ, വിവിധ പേപ്പൽസ്ഥാനികൾ. പിന്നീട് ഏററവും മുൻപിൽ ഫ്രാൻസീസ്കൻ, ഡൊമിനിക്കൻ, മുതലായ ഭിക്ഷാടന സന്യാസ സമൂഹത്തിൻെറ അംഗങ്ങൾ എന്നിവർ അണിനിരന്നു. അവരെത്തുടർന്ന് ശിരസ്സു മുണ്ഡനം ചെയ്തിരിക്കുന്ന ബനഡിക്ടൻമാർ, ട്രാപ്പിസ്റ്റുകളെന്നീ സന്യാസികളും അതിനുശേഷം പാത്രിയർക്കീസുമാർ, മെത്രാപ്പോലീത്താമാർ, മെത്രാന്മാർ എന്നിവരും മാപ്പാപ്പായുടെ തൊട്ടു മുൻപിൽ സഭയുടെ രാജകുമാരന്മാരായ 79–കർദ്ദിനാളന്മാരും അവരവരുടെ സ്ഥാനവസ്ത്രം ധരിച്ച് അണിനിരന്നു. സിംഹാസനാരൂഢനായ മാപ്പാപ്പാ തിരുമേനി പന്ത്രണ്ടു വാഹകരാൽ ചുമലിൽ സംവഹിക്കപ്പെടുകയാണ് പതിവ്. ഈ ഘോഷയാത്രയിൽ, നോബിൾ, സ്വിസ്, പാലറൈറൻ പട്ടാളക്കാർ, വർണ്ണാഭമായ വസ്ത്രങ്ങളണിഞ്ഞ് പട്ടാളച്ചിട്ടയിൽ അടിവച്ചടിവച്ചു നടന്നു നീങ്ങുന്നു. മനോഹരമായ നാലു വടികളിൽ ബന്ധിതമായ പാ

ലിക പ. പിതാവിൻെറ ശിരസ്സിനു മുകളിൽ നാലു വൈദികമേലദ്ധ്യക്ഷന്മാർ പിടിച്ചിരിക്കുന്നു. ഒട്ടകപ്പക്ഷിയുടെ തൂവൽ കൊണ്ടുണ്ടാക്കിയ രാജചിഹ്നമായ ആലവട്ടയും, സിംഹാസനത്തിൻെറ (Sedia gestatoria) സമീപേ സംവഹിക്കപ്പെട്ടിരുന്നു. ഏകദേശം ആറേക്കറോളം വിസ്താരമുള്ള ബസ്സിക്കായിൽ തിങ്ങിക്കൂടിയ 3 ലക്ഷത്തോളം വരുന്ന ജനാവലി വി. പത്രോസിൻെറ ഈ പിൻഗാമിയെ പ്രതീക്ഷിച്ച് നിൽക്കുകയാണ്.

തിരുമേനി, തൂവെള്ളിപ്പട്ടാംബരങ്ങൾ കൊണ്ടുണ്ടാക്കിയ കാപ്പയും ഊറാലയും, സ്വർണ്ണനിറമായ കിരീടവും ധരിച്ചിരുന്നു. ഗംഭീരമായ ഈ പ്രദക്ഷിണത്തിനിടയിലും തിരുമേനി അടുത്തുകണ്ട കുഞ്ഞിനെ തലോടുന്നതിനും തൊഴിലാളിസുഹൃത്തുക്കളുടെ മേൽ പുഞ്ചിരിക്കുന്നതിനും വിസ്മരിച്ചില്ലാ. ഘോഷയാത്ര ദൈവാലയത്തിൻെറ പ്രധാന വാതിൽക്കൽ എത്തുമ്പോഴേയ്ക്കും, ഗായകസംഘം Tu es Petrus (നീ പത്രോസാകുന്നു) എന്നു തുടങ്ങുന്ന ലത്തീൻ ഗാനം ആലപിച്ച് പുതിയ തിരുമേനിയെ ബസ്സിക്കായിലേയ്ക്കു സ്വീകരിച്ചു. പാട്ടിനുശേഷമുള്ള നിശ്ശബ്ദതയിൽ 12 കാഹളധ്വനി മുഴങ്ങുകയുണ്ടായി. അതോടെ പ. പിതാവു് തൻെറ മുൻഗാമിയുടെ ബസ്സിക്കായിൽ ഔദ്യോഗികമായി പ്രവേശിച്ചു.

പുതിയ പാപ്പാ ദേവാലയത്തിനുള്ളിൽ പ്രവേശിച്ചശേഷം അനേകം അർത്ഥഗർഭമായ തിരുക്കർമ്മങ്ങൾ നടക്കുന്നുണ്ട്. അവയിൽ ഏററവും പ്രധാനപ്പെട്ടതു് ഇതാണ്. സേദിയ ജസ്റ്റത്തോറിയ നിറുത്തിയശേഷം തിരുക്കർമ്മനിയന്ത്രകന്മാരിലൊരാൾ പഞ്ഞി ഒരു വെള്ളിപ്പാത്രത്തിൽ കത്തിച്ചുകാണിച്ചുകൊണ്ട് "പ. പിതാവേ, ലൗകികപ്രതാപങ്ങൾ ഇപ്രകാരം കടന്നുപോകുന്നു." (Sic transit gloria mundi) ഇപ്രകാരം രണ്ടുപ്രാവശ്യം കൂടെ ചെയ്യുന്നു. അതിനു ശേഷം പ്രദക്ഷിണം അങ്കണത്തിൽ തയ്യാറാക്കിയിരിക്കുന്ന അൾത്താരയ്ക്കടുത്തെത്തിയപ്പോൾ പ. പിതാവു് പോൾ തിരുമേനി ജസ്റ്റത്തോറിയായിൽ നിന്നും ഇറങ്ങി പ്രധാന കാർമ്മികന്മാരെ ആലിംഗനം ചെയ്തു.

അനന്തരം അംത്താരയുടെ മുൻപിലെത്തി, പാപ്പായുടെ കടമകൾ വേണ്ടവിധം നിർവ്വഹിക്കുവാനുള്ള അനുഗ്രഹം പ്രാർത്ഥിച്ചു. പരിശുദ്ധപിതാവിനു വേണ്ടിയുള്ള പ്രാർത്ഥന മൂന്നു കർദ്ദിനാളന്മാർ മാറിമാറി ഉരുവിട്ടു ചൊല്ലി. അതിൻെറ അവസാനത്തിൽ കർദ്ദിനാളന്മാരുടെ ഡീൻ–കർദ്ദിനാൾ ടിസ്സറൻറ്–അധികാരത്തിൻെറ അടയാളമായ പാലിയം (Pallium) ധരിപ്പിക്കുകയായി. അതിനുശേഷം പ. പിതാവു് തിരുസിംഹാസനത്തിൽ ഉപവിഷ്ടനാകുന്നു. അപ്പോൾ കർദ്ദിനാളന്മാരും മററു വൈദികമേലദ്ധ്യക്ഷന്മാരും പ. പിതാവിൻെറ പാദവും കരവും ചുംബിക്കുന്നു.

അതിനുശേഷമാണ് പ. പിതാവിൻെറ ദിവ്യബലി. വിവിധ തിരുക്കർമ്മങ്ങളടങ്ങിയ ആ കർബാന അവസാനിക്കുവാൻ ഏകദേശം 3മണിക്കൂർ സമയമെടുത്തുകാണും. ദിവ്യബലി കഴിഞ്ഞു് പ. പിതാവൊരു പ്രഭാഷണം ചെയ്തു. 25 മിനിററുനേരം നീണ്ടുനിന്ന ആ പ്രസംഗം ലത്തീനിലാണാരംഭിച്ചതെങ്കിലും അതു് ഇററാലിയൻ, ഫ്രഞ്ചു്, ഇംഗ്ലീഷ്, ജർമ്മൻ, സ്പാനിഷ്, പോർട്ടുഗീസു്, പോളീഷ് എന്നീ ഭാഷകളിലൂടെ കടന്നു് റഷ്യനിൽ അവസാനിപ്പിച്ചു. ഈ പ്രസംഗത്തിൽ സഭയുടെ ഐക്യം തുടരണമെന്നും, തൻെറ മുൻഗാമികളുടെ ജോലി തുടരുന്നതാണെന്നും, സഭയിൽ കാലത്തിനടുത്ത പരിഷ്കാരങ്ങൾ വരുത്താൻ കിണഞ്ഞു പരിശ്രമിക്കുന്നതാണെന്നും അദ്ദേഹം പറഞ്ഞു. എല്ലാവരെയും താൻ അനുസ്മരിക്കുന്നുവെന്നും പ്രത്യേകം ഇരുമ്പുമറയ്ക്കുള്ളിൽ ഇരിക്കുന്നവരേയും പാവപ്പെട്ടവരേയും താൻ മറക്കുകയില്ലെന്നും അകത്തോലിക്കാ സഹോദരന്മാരെ താൻ സ്നേഹപൂർവ്വം സഭയിലേക്കു ക്ഷണിക്കുന്നുവെന്നും അദ്ദേഹം സൂചിപ്പിച്ചു.

ആറാം പൗലോസ് പാപ്പാ പിന്നെയും സിംഹാസനത്തിൽ ഉപവിഷ്ടനായി. അവിടെ വച്ചു് അവിടത്തെ ശിരസ്സിൽ മെത്രാന്മാരുടെ മുതലവായൻതൊപ്പി (Mitre) അണിയിച്ചു. മെത്രാന്മാർക്കും ചില പ്രത്യേകസഭക്കാരായ ആബട്ടുകൾക്കും മാത്രം ഉപയോഗിക്കാവുന്ന ഈ തൊപ്പി 1049–ൽ വിശുദ്ധനായ ലെയോ (1049–1054) നവമൻ

പാപ്പായാണ് ആദ്യമായി മെത്രാനു കൊടുത്തതു്. അന്ന തു അണിയിച്ചതു് ട്രീവെസ് (Treves) മെത്രാപ്പോലീത്തായെ ആയിരുന്നുതാനും. ഈ തൊപ്പിയുടെ ഭാഗങ്ങൾക്കു് പ്രത്യേകമായ ചില ഗൂഢാർത്ഥങ്ങളുണ്ടെന്നു് സുസ്മരണാർഹനായ ഇന്നസെൻറു് ത്രിതീയൻ (1198–1216) പാപ്പാ പറയുന്നു.

മുതലവായൻ തൊപ്പി അണിയിച്ചശേഷം പ. പിതാവു് രാജോചിതമാം വിധം സമാലംകൃമായ സിംഹാസനത്തിലേക്കു സംവഹിക്കപ്പെടുന്നു. "ഒരു സ്വർണ്ണക്കിരീടം അവൻെറ മേൽ വയ്ക്കപ്പെടുന്നു" എന്ന ഗീതാലാപം നടക്കുകയായി. അപ്പോൾ അതിനുശേഷം കർദ്ദിനാൾ ടിസ്സറൻറു് അനന്തരജപങ്ങൾ ആരംഭിച്ചു. പ്രസ്തുത പ്രാർത്ഥനകൾ അവസാനിപ്പിച്ചപ്പോൾ കർദ്ദിനാൾ ഡീക്കന്മാരുടെ ഉപനേതാവു് പ. പിതാവിൻെറ ശിരസ്സിൽ നിന്നും മീത്ര മാററുകയും ഉടൻ കർദ്ദിനാൾ ഡീക്കന്മാരുടെ തലവനായ കർദ്ദിനാൾ ഒട്ടാവിയാനി ത്രിമകുടം (Tiara) അവിടത്തെ ശിരസ്സിൽ അണിയിക്കുകയും ചെയ്തു. അപ്പോൾ പ. പിതാവിനോടു് ഇപ്രകാരം പറയുന്നു—"മൂന്നു കിരീടങ്ങൾ കൊണ്ടു നിർമ്മിതമായ ഈ ശ്രേഷ്ഠമകുടം അവിടുന്നു സ്വീകരിച്ചാലും; അങ്ങു് രാജാക്കന്മാരുടെയും ചക്രവർത്തിമാരുടെയും പിതാവും അഖിലലോക ഭരണകർത്താവും എല്ലാ ബഹുമാനത്തിനും പ്രതാപത്തിനും അർഹനുമായിരിക്കുന്ന നമ്മുടെ ദിവ്യരക്ഷകനായ ഈശോമിശിഹായുടെ ഈ ഭൂമിയിലെ വികാരിയാണെന്നറിഞ്ഞാലും."

ഇപ്രകാരം അണിയിക്കപ്പെടുന്ന ത്രിമകുടം—പേപ്പൽ കിരീടം— മിലാനിലെ ജനങ്ങൾ മാപ്പാപ്പായ്ക്കു് സമ്മാനിച്ചതാണു്. അതിനു് രണ്ടുറാത്തൽതൂക്കം വരും. ആധുനിക രീതിയിൽ രജതനിർമ്മിതവും സ്വർണ്ണലില്ലിപ്പുഷ്പങ്ങളുടെ ചെണ്ടുകളാൽ അരികുപിടിപ്പിച്ചിട്ടുള്ളതുമാണതു്. മൂന്നു കിരീടങ്ങളിലൊന്നു് വജ്രങ്ങളും, രണ്ടാമത്തേതു് മരതകക്കല്ലുകളും മൂന്നാമത്തേതു് മാണിക്യരത്നങ്ങളും പതിച്ചുണ്ടാക്കിയിരിക്കുന്നു. മുകളിലൊരു സ്വർണ്ണക്കുരിശുമുണ്ടു്.

ഇക്കാലത്തു് മാർപ്പാപ്പാമാരുടെ കിരീടധാരണത്തിനുപയോഗിക്കുന്ന ത്രിമകുടം 12-ാം നൂററാണ്ടിൽ നടപ്പിൽ

വന്ന ലോഹനിർമ്മിതമായ ഒരു കിരീടത്തോടുകൂടിയ വെൽവററ് ഹാററിൽനിന്നാണുത്ഭവിച്ചതു്. ബോനിഫാസ് എട്ടാമൻ (1294–1303) മാർപ്പാപ്പായുടെ കാലത്തു് ഇതിനു് രണ്ടുനിലകൾകൂടെ സജ്ജീകരിച്ചു് ത്രിമകുടമാക്കിത്തീർത്തു. 18–ാം നൂററാണ്ടിൻെറ അവസാനമായപ്പോഴേക്കും വത്തിക്കാനിൽ ഒൻപതു് മുമ്മുടികളുണ്ടായിരുന്നു. എന്നാൽ 6–ാം പീയൂസ് (1775–1799) പാപ്പായുടെ കാലത്തു് വിജയോന്മത്തനായ നെപ്പോളിയൻ വത്തിക്കാൻ കൊള്ളചെയ്ത കൂട്ടത്തിൽ ഈ കിരീടങ്ങളും അപഹരിച്ചുകൊണ്ടുപോയി. അതിനാൽ 7–ാം പീയൂസിൻെറ (1800–1823) കിരീടധാരണം അനാർഭാടമായും മുമ്മുടികൂടാതെയുമാണു് നടത്തപ്പെട്ടതു്. യഥാർത്ഥ മുമ്മുടിക്കുപകരം, തങ്കക്കടലാസുകൊണ്ടുണ്ടാക്കിയ ഒരു കിരീടം അന്നദ്ദേഹം ചൂടേണ്ടിവന്നു. മാപ്പാപ്പായുടെ അധികാരവും മഹിമയും കിരീടത്തിൻെറ വിലയിലല്ലല്ലോ സ്ഥിതിചെയ്യുന്നതു്. എന്നാൽ അവസാനം താൻ ചെയ്ത തെററു് നെപ്പോളിയനു മനസ്സിലായി. പശ്ചാത്താപസൂചകമായി വളരെ വിലപ്പിടിപ്പുള്ള ഒരു കിരീടം 7–ാം പീയൂസിനു നെപ്പോളിയൻ സമ്മാനിച്ചു. പിൽക്കാലത്തു് അതും നഷ്ടപ്പെട്ടേക്കുമെന്നുള്ള ഭയം ഉണ്ടായി. ഇററാലിയൻ ഏകീകരണഭ്രാന്തനായ ഗാരിബാൾഡി റോമിനെ ആക്രമിക്കുവാനെത്തി. പട്ടണം പട്ടാളം കൊള്ളചെയ്യുമെന്ന ഘട്ടംവന്നപ്പോൾ അന്നു വാണിരുന്ന 9–ാം പീയൂസ് (1846–1878) മാപ്പാപ്പാ നെപ്പോളിയൻെറ സമ്മാനമായ കിരീടം ഒളിച്ചുവച്ചിട്ടു്; അതിൻെറ ആകൃതിയിൽ മറെറാന്നുണ്ടാക്കി തൽസ്ഥാനത്തുവച്ചു് നല്ല കിരീടം നഷ്ടപ്പെടാതെ സൂക്ഷിച്ചു. ഇന്നിപ്പോൾ ഇപ്പോഴത്തെ മാപ്പാപ്പായ്ക്കു കിട്ടിയതു കൂടാതെ വത്തിക്കാനിൽ 4 മുമ്മുടികളുണ്ടു്. അതിലൊന്നു് നെപ്പോളിയൻെറ സമ്മാനമാണു്. മറെറാന്നു് 9–ാം പീയൂസ് പാപ്പാ ഉണ്ടാക്കിയതും മൂന്നാമത്തേതു് 13–ാം ലെയോ മാപ്പാപ്പായ്ക്കു (1878–1903) സമ്മാനമായി കിട്ടിയതും നാലാമത്തേതു 11–ാം പീയൂസിനു് (1922–1939) മിലാനിലെ ജനങ്ങൾ സമ്മാനിച്ചതുമാണു്.

കിരീടധാരണാനന്തരം ആദ്യം നടക്കുന്നതു് അഖില

ലോകത്തിനും നഗരത്തിനുമായി അഭിനവ പാപ്പാ നൽകുന്ന ആശീവ്വാദമാണു്. ദേവാലയാങ്കണത്തിലും,തെരുവീഥികളിലും കെട്ടിടങ്ങളുടെ മുകളിലുമായി ചടങ്ങുകൾക്ക് സാക്ഷ്യംവഹിച്ചിരുന്ന മൂന്നുലക്ഷത്തോളംവരുന്ന വലിയ പുരുഷാരത്തിനു് അദ്ദേഹം തൻെറ പൈതൃകമായ ആശീർവാദം നൽകി,

ആഘോഷപൂർണ്ണമായ ഈ ആഡംബരത്തെ ആക്ഷേപിക്കുന്നവരുമുണ്ടു്. 16—ാംനൂററാണ്ടിൽ ഫ്റാൻസിലെ രാജാവായിരുന്ന 1—ാംഫ്റാൻസീസ് രാജാവു് അക്കാലത്തു് ആഡംബരപൂർവ്വം കിരീടധാരണം ചെയ്യപ്പെട്ട 10—ാം ലെയോ (1513—1521) മാപ്പാപ്പായോടു് പുച്ഛരസത്തിൽ ചോദിച്ചു:—"തിരുമേനി, ക്രിസ്തുവിൻെറ ആദ്യ ശിഷ്യന്മാർ ആട്ടിൻതുകലായിരുന്നല്ലൊ ധരിച്ചിരുന്നതു്."

മാപ്പാപ്പായുടെ ചുട്ടമറുപടി:— "രാജാക്കന്മാർ ആടുകളെ മേച്ചിരുന്ന കാലമായിരുന്നു അതു്." പ. പിതാവിൻെറ കിരീടധാരണത്തിനു് സത്യപ്രതിജ്ഞയോ, അതിനുശേഷം, സൽക്കാരങ്ങളോ പാനോപചാരപ്രസംഗങ്ങളോ അനുമോദനയോഗങ്ങളോ പതിവില്ല. അതിനുശേഷം "പാപ്പാ ജയിക്കട്ടെ; നീണാൾ വാഴട്ടെ" എന്നു് ജനങ്ങൾ ആശംസിക്കുന്നതു കേട്ടുകൊണ്ടു് അവ അന്വത്ഥമാകുവാനായി പ. പിതാവു് ഏകാന്തമായ ധ്യാനത്തിൻേറയും അഗാധമായ പഠനത്തിൻേറയും അതിയായ അദ്ധ്വാനത്തിൻേറയും ജീവിതത്തിലേയ്ക്കു് അന്നുമുതൽ പ്രവേശിക്കുകയായി.

പ. പിതാവു് പോൾ 6—ാമൻ തിരുമനസ്സിലെ കിരീടധാരണത്തോടനുബന്ധിച്ചു് ലോകമാസകലമുള്ള മഹാന്മാർ അദ്ദേഹത്തിനു് മംഗളസന്ദേശങ്ങൾ അയയ്ക്കുകയുണ്ടായി. അക്കൂട്ടത്തിൽ നമ്മുടെ പ്രസിഡൻറു് ഡോ. രാധാകൃഷ്ണനും അനുമോദനസന്ദേശമയച്ചു. അതിൽ ഇപ്രകാരം പറയുന്നു:— "അങ്ങയുടെ കിരീടധാരണത്തിൻെറ ഈ മംഗളവേളയിൽ ഇൻഡ്യാഗവമ്മെൻറിൻെറയും ഇൻഡ്യൻ ജനതയുടെയും നാമത്തിലും എൻെറ സ്വന്തം നിലയിലും അങ്ങേയ്ക്കു ഞാൻ ഹൃദയപൂർവ്വമായ ഭാവുകങ്ങൾ നേരുന്നതിനോടൊപ്പം, സമനൈസ്ലശ്വര്യങ്ങളോടുകൂടി അങ്ങു നീണാൾ

വാണരുളമാറാകട്ടെ എന്നാശംസിക്കുകയും ചെയ്യുന്നു. അങ്ങയുടെ ഭാഗ്യസ്മരണാർഹനായ മുൻഗാമി സമാധാനത്തിനായി സമാരംഭിച്ച മഹനീയയത്നം അങ്ങയുടെ വാഴ്ചക്കാലത്തു് അപ്രതിഹതമായ ഊർജ്ജസ്വലതയോടെ തുടരുമെന്നു ഞാൻ പ്രത്യാശിക്കുന്നു.''

ഇപ്പോഴത്തെ മാപ്പാപ്പാ തെരഞ്ഞെടുക്കപ്പെട്ടു് അധികാരം പ്രാപിച്ചതോടെ കാലാനുസൃതമായ പല നിയമനങ്ങളും നടത്തുകയുണ്ടായി. അതിൽ ഒട്ടും അപ്രധാനമല്ലാത്ത ഒന്നാണു് അദ്ദേഹം ആദ്യം നടത്തിയ സ്റ്റേററുസെക്രട്ടറിയുടെ നിയമനം. 1961—ൽ ജോൺമാർപ്പാപ്പാ തൽസ്ഥാനത്തേക്കു നിയമിച്ച കർദ്ദിനാൾ ചിക്കൊഞ്ഞാനി തിരുമേനിയെ ആ സ്ഥാനത്തിൽ ഉറപ്പിക്കുക എന്നതാണു് അതു്. പുതിയ പാപ്പാ കാലംചെയ്ത മാപ്പാപ്പായുടെ നയങ്ങൾ തന്നെ തുടരുന്നു എന്നതിനൊരു പ്രത്യക്ഷലക്ഷ്യമാണീ നിയമനം. പിന്നീടു് പന്ത്രണ്ടാംപീയൂസായിത്തീന്ന പച്ചെല്ലി തിരുമേനി 11—ാംപീയൂസിൻെറ സ്റ്റേററുസെക്രട്ടറിയായിരുന്നു. ഒരു പ്രധാനമന്ത്രിയുടെയും വിദേശകാര്യസെക്രട്ടറിയുടെയും സ്ഥാനമുണ്ടു് സ്റ്റേററുസെക്രട്ടറിക്കു്. കർദ്ദിനാൾ ചിക്കൊഞ്ഞാനിക്കിപ്പോൾ 80വയസ്സു പ്രായമുണ്ടു് എന്നതും പ്രസ്താവ്യമാണു്.

പിന്നെയും ചില നിയമനങ്ങൾകൂടി അദ്ദേഹം തുടർന്നുനടത്തുകയുണ്ടായി. അത്യുന്നത കർദ്ദിനാളന്മാരായ ലറോഞ്ഞു, ബ്രൗൺ ഒ. പി; എന്നിവരെ റോമൻറോട്ടായിലെ വിധികളിന്മേൽ അപ്പീൽ ബോധിപ്പിക്കുന്നതിനുള്ള കോടതിയിലെ (Ap. Signatura Can. 259) അംഗങ്ങളായിട്ടാണു് പ്രസ്തുത നിയമനം. തൻെറ തിരഞ്ഞെടുപ്പുമൂലം ഒഴിവായ മിലാൻ അതിരൂപതയിലേക്കു് അവിടത്തെ ഒരു സഹായമെത്രാനായിരുന്ന മോൺ. ജിയോവാനി കൊളാബോ തിരുമേനിയെ പ.പിതാവു് മെത്രാപ്പോലീത്താ ആയി നിയമിച്ചു.

ഇപ്രകാരം ആധുനികലോകം അഹമഹമിഹയാ പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ക്രിസ്തുവിൻെറ സഭയും തത്വങ്ങളെ മുറുകെ പിടിച്ചുകൊണ്ടുതന്നെ കാലാനുസൃതമായി പുരോഗമിക്കണമെന്ന ആശയം നന്നായി മനസ്സിലാ

ക്കിക്കൊണ്ടു് പ. പിതാവു് പൗലോസ് 6—ാമൻ തിരുമേനി സഭാനൗകയെ വൈദഗ്ദ്ധ്യപൂർവ്വം നയിച്ചുകൊണ്ടിരിക്കുന്നു.

---

## അദ്ധ്യായം ഒൻപതു്

# തൊഴിലാളികളുടെ മാർപ്പാപ്പാ

പാവങ്ങളുടെ പാപ്പായെന്നാണു് പ. പിതാവു് 23–ാം യോഹന്നാൻ മാർപ്പാപ്പാ പേരുപറയപ്പെട്ടിരുന്നതു്. എന്നാൽ 6–ാംപോൾ മാർപ്പാപ്പാ തൊഴിലാളികളുടെ പിതാവാണു്; തൊഴിലാളികളുടെ മാർപ്പാപ്പായാണു്. അതുകൊണ്ടാണു് തൊഴിലാളികളുടെ സുരക്ഷിതത്വത്തിനു് ക്രിസ്തീയമായ തത്വങ്ങൾ മുറുകെപ്പിടിച്ചുകൊണ്ടു് കിണഞ്ഞുപരിശ്രമിച്ചിരുന്ന മൊന്തീനിതിരുമേനി തൊഴിലാളികേന്ദ്രമായ മിലാനിലെത്തിയപ്പോൾ തൊഴിലാളികളുടെമേൽ മുതലക്കണ്ണീർ വീഴ്ത്തി അവരിൽനിന്നു് മുതലെടുത്തിരുന്ന കമ്യൂണിസ്റ്റുകാർ പരവേശപ്പെട്ടതും കുപ്രസിദ്ധ കമ്യൂണിസ്റ്റുപ്രവർത്തകനായ പിയെത്രോ സെക്കിയാ തുടങ്ങിയവർ അദ്ദേഹത്തിനെതിരായി പരക്കം പാഞ്ഞതും. പക്ഷേ തൊഴിലാളികളുടെ യഥാർത്ഥസ്നേഹിതനായ മൊന്തീനി മെത്രാപ്പോലീത്താ മിലാനിലെ രംഗത്തിറങ്ങിയപ്പോൾ കത്തി മറുപുറം പാഞ്ഞു. കമ്യൂണിസ്റ്റുനേതൃമാന്യന്മാക്കു് നിൽക്കക്കള്ളിയില്ലെന്നായി.

കഠിനമായ ഉച്ചനീചത്വം കളിയാടിയിരുന്ന ലൊബാർഡിയുടെ വ്യവസായകേന്ദ്രമാണല്ലൊ മിലാൻ. അതിനാൽ അവിടത്തെ സാമൂഹ്യക്രമത്തിലൊരു സമൂലപരിവർത്തനം അത്യാവശ്യമായിരുന്നു. എന്നാൽ പെട്ടെന്നൊരു നിമിഷംകൊണ്ടു് തട്ടിനിരത്തുവാനും സാദ്ധ്യമല്ല. അതിനാൽ അദ്ദേഹം ആദ്യം തൊഴിലാളികളുടെ വിശ്വാസവും സുഹൃൽബന്ധവും സമ്പാദിച്ചു. ആദ്യം തൊഴിലാളികേന്ദ്രങ്ങൾ സന്ദർശിച്ചപ്പോൾ, കമ്യൂണിസ്റ്റുകാർ മുൻവിധിയും തെററിദ്ധാരണകളും വിതച്ചിരുന്നതുകൊ

ണ്ടു് അതു് അത്രയ്ക്കുതന്നെ ആത്മാർത്ഥതയുള്ളതായവർ എണ്ണിയില്ല. എങ്കിലും ക്രമേണ അവക്കു് കാര്യം മനസ്സിലായി. തൊഴിലാളിയായിരുന്ന ക്രിസ്തുവിൻെറ പ്രതിപുരുഷനാണു് താനെന്നു് അദ്ദേഹം അചിരേണ മനസ്സിലാക്കിക്കൊടുത്തു. മുതലാളിമാരെക്കൊണ്ടു് ക്രിസ്തീയസാമുദായികനീതി ചെയ്യിക്കുവാൻ അദ്ദേഹം തൻെറകഴിവും സ്വാധീനവും പരമാവധി ഉപയോഗിച്ചു. കമ്യൂണിസത്തിൻെറ ഇരുമ്പുകോട്ടയായിരുന്ന സെസ്റ്റോസാൻ ജിയോവാന്നി എന്ന പ്രദേശത്തെ തിരിച്ചെടുക്കുവാൻ അദ്ദേഹം ഭഗീരഥ പ്രയത്നംചെയ്തു. അതിനാൽ അദ്ദേഹത്തിനു് ഭയങ്കരമായ എതിർപ്പു് നേരിടേണ്ടിവന്നു. എതിർപ്പുകളെ അദ്ദേഹം തൃണവൽഗണിച്ചു പോരാടി. മിലാനിൽ തൻെറ മുൻഗാമിയായ വി. അംബ്രോസിൻെറ കാര്യം അദ്ദേഹം സ്മരിച്ചു. 7000പേരെ അനാവശ്യമായി വധിച്ച തിയഡോഷ്യസ് ചക്രവത്തിയെക്കൊണ്ടു് പരസ്യപ്രായശ്ചിത്തം ചെയ്യിച്ച ആ കമ്മധീരൻെറ പിൻഗാമിയാണു് താനെന്നു് സ്മരിച്ചുകൊണ്ടു് മൊന്തീനിമെത്രാപ്പോലീത്താ വിപൽഘട്ടത്തിൽ വിവേകപൂവ്വം പടപൊരുതി, അങ്ങനെ കമ്യൂണിസ്ററുകാർക്കു് മനസ്സിലായി കാര്യങ്ങാം തങ്ങാം കരുതിയതുപോലെ നടക്കുകയില്ലെന്നു്. അവസാനം അവർ തോൽവി സമ്മതിച്ചു. തൊഴിലാളികാം ഒന്നടങ്കം തിരുമേനിയുടെ ചേരിയിലായി. ഇപ്രകാരം കമ്യൂണിസ്ററു ചെന്നായ്ക്കളുടെ കരവലയത്തിൽനിന്നും തൊഴിലാളിപ്പാവങ്ങളെ മെത്രാപ്പോലീത്താ വിടർത്തിഎടുത്തു തൻെറ വിശാലമായ ആലയത്തിലാക്കി രക്ഷിച്ചു, തൊഴിലാളികളുടെ മെത്രാപ്പോലീത്താ ആയിത്തീരണമെന്നാണു് തൻെറ അഭിലാഷമെന്നദ്ദേഹം പരസ്യമായി പ്രഖ്യാപിച്ചു. ഇടയലേഖനങ്ങളിറക്കി, തൊഴിലാളികാംക്കു് സാമൂഹ്യവും മതപരവുമായ എല്ലാ രംഗങ്ങളിലും സവ്വവിധ സഹായസഹകരണങ്ങളും ലഭിക്കണമെന്നാണു് തൻെറ അഭിലാഷമെന്നും അതിൻെറ സാക്ഷാൽക്കരണത്തിനായി താൻ ആജീവാനന്തം യത്നിക്കുമെന്നും 1957—ലെ നോമ്പുകാലത്തേക്കായി പ്രസിദ്ധീകരിച്ച ഇടയലേഖനത്തിൽ അദ്ദേഹം ഉറപ്പിച്ചുപറഞ്ഞു.

തൊഴിലാളികളുടെ മെത്രാപ്പോലീത്താ ഇപ്പോൾ തൊഴിലാളികളുടെ പാപ്പാ ആയിത്തീന്നിരിക്കുന്നു. അദ്ദേഹത്തിൻെറ തൊഴിലാളിപ്രവത്തനരംഗം ഇപ്പോൾ മിലാൻ മാത്രമല്ലാ പാവങ്ങളായ തൊഴിലാളികൾ ഭൂരിപക്ഷമുള്ള ലോകം മുഴുവനുമായിത്തീർന്നിരിക്കുന്നു. അദ്ദേഹത്തെ മിലാൻ മെത്രാപ്പോലീത്താ ആക്കിയപ്പോൾ കമ്മ്യൂണിസ്റ്റുകാർ പരവേശപ്പെട്ട് അവരുടെ ഏററവും വിദഗ്ദ്ധരായവരിൽ ഒരുവനായ പിയെട്രോ സെക്കിയായെ മിലാനിലേക്കയച്ചതുപോലെ, അദ്ദേഹം മാപ്പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ടപ്പോൾ മോസ്ക്കോയിൽ അമ്പരപ്പുണ്ടായിക്കാണണം. അദ്ദേഹത്തിൻെറ കിരീടധാരണവേളയിൽ 5000 തൊഴിലാളികൾ പററമായി സംബന്ധിച്ചെന്നു കേട്ടപ്പോൾ അവരുടെ അമ്പരപ്പ് ശതഗുണീഭവിച്ചു കാണണം.

ലോകമിന്ന് അനുനിമിഷമെന്നോണം സാധാരണക്കാരൻെറയും പാവപ്പെട്ടവൻെറയും തൊഴിലാളിയുടേയുമായിത്തീരുകയാണ്. 19—ാം നൂററാണ്ടിൻെറ അവസാനം വരെ ലോകത്തിൻെറ ഭരണം കുറെ യാഥാസ്ഥികന്മാരുടെ കൈവശമായിരുന്നുവെന്നു പറയാം. എന്നാൽ അവരുടെ കൈമുതലാണെന്നു അവർ കണക്കാക്കിവച്ചുകൊണ്ടിരുന്ന ആഗോള ഭരണത്തിൻെറമേലുള്ള അവരുടെ കൈമുറുക്കം അന്നുമുതൽ അഴിയുവാൻ തുടങ്ങി. അപ്രകാരം പഴയ ചക്രവത്തിപ്പട്ടവും രാജകുടുംബങ്ങളും ദളവാരീതിയുമെല്ലാമിന്ന് ഇരുളടഞ്ഞ തിരശ്ശീലക്കുള്ളിലേയ്ക്കു തള്ളപ്പെട്ടു വരികയാണ്. അന്നവർ അലങ്കരിച്ചിരുന്ന സ്ഥാനങ്ങളിലിന്ന് വെറും സാധാരണക്കാരാണ് കയറിപ്പററിയിരിക്കുന്നതു്. ലോകത്തിനു സംഭവിച്ച ഈ സ്ഥിതിവ്യത്യാസം ലോകത്തിൽ പുലരേണ്ട സഭയിലേയ്ക്കും കുറെയെല്ലാം സംക്രമിക്കാതിരിക്കുകയില്ലല്ലൊ. ഈ കാലവ്യത്യാസത്തിൻെറ സ്പന്ദനങ്ങൾ ആവശ്യത്തിനു നേരത്തെ 6—ാം പൗലോസ് മാർപ്പാപ്പായ്ക്കു് മനസ്സിലായി. വത്തിക്കാൻ അരമനയുടെ ഉത്തുംഗവാതായനങ്ങളിലൂടെ ലോകത്തിലേക്കു നോക്കുകമാത്രം ചെയ്തിട്ടുള്ള തൻെറ മുൻഗാമികളെയെല്ലാം പിന്നിട്ടുകൊണ്ടു് അദ്ദേഹം കേവലം സാനാരണ തൊഴി

ലാളികൾ നിറഞ്ഞലോകത്തിലേക്കിറങ്ങി. തൻെറ തൊട്ട മുൻഗാമി അതിന്ന് ആരംഭമിട്ടുകൊടുത്തു; അദ്ദേഹത്തിന്ന് അല്പസമയംകൂടി കിട്ടിയിരുന്നെങ്കിൽ അദ്ദേഹം തന്നെ ഇതു ചെയ്യുമായിരുന്നു. പക്ഷെ! ഇക്കാര്യം 23–ാം ജോൺമാർപ്പാപ്പാ 6–ാംപൗലോസ് മാർപ്പാപ്പായെ ഏല്പിച്ചിട്ടാണ്പോയതു്. അതനുസരിച്ച് അക്കാര്യം ധൈര്യപൂർവ്വം, പാരമ്പര്യക്കാർ പഴിപറയുമെന്നൊന്നും ചിന്തിച്ചുപിന്നിൽ നോക്കിനില്ക്കാതെ അവിടുന്ന് മുന്നോട്ടുപോകുന്നു.

ഈ പുരോഗമനചിന്താഗതിയിൽ അദ്ദേഹത്തിനു തോന്നി പിതാവിൻെറ ജന്മദേശത്തു പോകാത്ത പുത്രനെപ്പോലാണ് താനെന്ന്. അതിനാൽ പ. പാപ്പാമാരിൽ ആദ്യമായി പോൾആറാമൻ തിരുമേനി നമ്മുടെ ദിവ്യരക്ഷകൻെറ ജന്മദേശത്തേയ്ക്കൊരുതീർത്ഥയാത്ര നടത്തി. വി. പത്രോസിനുശേഷം ഒരു മാപ്പാപ്പായും ചെയ്തിട്ടില്ലാത്ത ഒരു വീരോചിതകൃത്യം അദ്ദേഹം നിർവ്വഹിച്ചു. ആശാരിക്കിടാത്തനും എന്നാൽ സ്വർഗ്ഗീയഗണത്തിൻെറ ആശാദീപവുമായ ക്രിസ്തു ആജീവനാന്തം കഴിച്ചുകൂട്ടിയ ആ വിശുദ്ധസ്ഥലങ്ങളിൽ അദ്ദേഹത്തിൻെറ വികാരി രണ്ടായിരത്തോളം വർഷങ്ങൾക്കുകം ഇദംപ്രഥമമായി കാലുകുത്തി. ക്രിസ്തുനാഥൻെറ ദിവ്യരക്തം വിയർപ്പുതുള്ളികളായി വീണ ഗദസേമൻതോട്ടത്തിൽ അവിടുന്ന് തന്നെ ഏല്പിച്ചിരിക്കുന്ന ലോകം മുഴുവനിലുമുള്ള അജഗണങ്ങൾക്കവേണ്ടി കണ്ണുനീർവീഴ്ത്തി. ദിവ്യനാഥൻ സ്വരക്തത്തിൽ മുങ്ങി മരക്കുരിശുമായി ഗാഗുൽത്താമലകയറിയതിനാൽ അതേ വഴിയിലൂടെ പവിത്രമായ അവിടത്തെ വികാരി ആറാംപോൾ മാർപ്പാപ്പാ 2000 വർഷങ്ങൾക്കശേഷം വിയർപ്പിൽ കുളിച്ച്കാൽനടയായി കയറി. ദൈവപുത്രൻ തൻെറ രക്തത്താൽ വീണ്ടെടുക്കപ്പെട്ടവർക്കായി കാൽവരി ശൃംഗത്തിൽ ആത്മബലി അർപ്പിച്ചു. അദ്ദേഹത്തിൻെറ വികാരി ആദ്യമായവിടെ അപ്പവുംവീഞ്ഞുംകൊണ്ടു ആ ബലി ആവർത്തിച്ചു. ഇപ്രകാരം തൊഴിലാളിയായ ക്രിസ്തുവിൻെറ തൊഴിലാളി സ്നേഹിതനായ വികാരി, ഇനിയും വഴിതെററി അന്ധകാരത്തിൽ അലയുന്ന തൊഴിലാളികളെ അന്വേഷിച്ചുതിരിച്ചുപോന്നു.

## അദ്ധ്യായം പത്ത്

# മാർപ്പാപ്പായുടെ അനുദിനജീവിതം

പ. പിതാവ് പൗലോസ് തിരുമേനിയുടെ അനുദിനജീവിതം സംഭവബഹുലമാണെന്ന് പ്രത്യേകം പറയേണ്ടതില്ലല്ലൊ. എത്ര വലിയ ജോലിത്തിരക്കിൽപ്പെട്ട വലഞ്ഞാലും സഭാഭരണ സംബന്ധമായ കാര്യങ്ങളിൽ അദ്ദേഹം വളരെയധികം ശ്രദ്ധിക്കുന്നുണ്ടെന്നുള്ളത് ഒരു പ്രത്യേകതയാണ്. 1963ജൂൺ 21-ാംതിയതി മാർപ്പാപ്പാ ആയി തിരഞ്ഞെടുക്കപ്പെട്ട അന്നുമുതൽ ദിവസേന സെക്രട്ടറിയേററുദ്യോഗസ്ഥന്മാരുടെ മേശപ്പുറത്തു കുന്നുകൂടുന്ന ഫയലുകളെല്ലാത്തിലും തിരുമേനി സ്വന്തം കൈക്ഷരത്തിൽ ചില നിർദ്ദേശങ്ങളും, ചിലപ്പോൾ അഭിനന്ദനങ്ങൾ, മുതലായവ എഴുതിയിരിക്കുന്നതു കാണാം. അദ്ദേഹത്തിൻെറ അതീവശ്രദ്ധയെ വിളിച്ചറിയിക്കുന്ന സംഗതിയാണിത്.

അദ്ദേഹത്തിൻെറ ദിനക്രമങ്ങൾ വളരെ തിരക്കേറിയതാണ്. ദിവസേന 6-30ന് തിരുമേനി ഉണരും, 7-നായിരിക്കും ദിവ്യബലി അർപ്പിക്കുന്നത്. അതിനുശേഷം ഒരു ദിവ്യബലിയിൽ സംബന്ധിക്കും. പിന്നീട് സെക്രട്ടറിമാരായ ഫാ. പാസ്ക്കൽ മാച്ചിയും ഫാ. ബ്രൂണോ ബോസ്സിയുമൊരുമിച്ച് കാനോനാ നമസ്ക്കാരം ചൊല്ലുന്നു. 8-45ന് പ്രഭാതഭക്ഷണമാണ്; പാലൊഴിച്ച കാപ്പിയും അപ്പവും അല്പം ജാമും മാത്രമാണ് പ്രഭാതഭക്ഷണത്തിൻെവിഭവങ്ങൾ. സെക്രട്ടറിമാരൊരുമിച്ചായിരിക്കും കാപ്പികുടിക്കുന്നത്. പ്രഭാതഭക്ഷണത്തിനുശേഷം 10-15 മിനിററുസമയം പ്രഭാതപത്രങ്ങൾ വായിക്കുവാൻ ചെലവഴിക്കുക പതിവാണ്.

ഒൻപതു മണിക്കാണ് പൊതുസന്ദർശനം. ആഴ്ചയിൽ രണ്ടു പ്രാവശ്യം ഈ സമയത്ത് പ്രശസ്തരായ സന്ദർശകർക്ക് തിരുമേനിയുടെ അപ്പസ്തോലികാംഗുലീയം

(Apostolic Ring) ചുംബിക്കുന്നതിനും നേരിട്ടു സംസാരിക്കുന്നതിനും സാധിക്കുമെന്നതൊരു പ്രത്യേകതയാണ്. സന്ദർശകരുടെ ബാഹുല്യം മൂലം കാര്യവ്യഗ്രത കാരണവും പലപ്പോഴും ഉച്ചഭക്ഷണം ഒന്നും ഒന്നരയും മണിക്കൂർ താമസിച്ചുപോകുമെങ്കിലും ഒരുമണിക്കാണ് അതിന്റെ സമയം. ഒരു പ്ലേററ് സൂപ്പോ, അല്പം മത്സ്യമോ, മാംസമോ അതും കുറേ സസ്യസാധനങ്ങളും പഴങ്ങളും ഒരു ഗ്ലാസ്സ് വീഞ്ഞുമാണ് ഉച്ചഭക്ഷണത്തിന്റെ വിഭവങ്ങൾ. ഭക്ഷണമേശയിലധികസമയം ചെലവഴിക്കാറില്ല. ഒരു മണിക്കൂർ ഉറക്കം കഴിഞ്ഞാലുടനെ സെക്രട്ടറിമാരുമൊരുമിച്ച് പ്രതിദിനപ്രാർത്ഥനകൾ ചൊല്ലുന്നു. നാലുമണിക്ക് ഒരു കപ്പു കാപ്പി കുടിച്ചശേഷം അല്പസമയം സായാഹ്നപത്രങ്ങളിൽ പ്രധാനപ്പെട്ടവ ഒന്നു കണ്ണോടിക്കുകയായി. പിന്നീട് തുടർച്ചയായി 8 1/2 വരെ ജോലിയിലാണ്. ഈ സമയത്ത് റിപ്പോർട്ടുകൾ പഠിക്കുക, എഴുത്തുകൾ എഴുതുക, പ്രസംഗങ്ങൾ തയ്യാറാക്കുക എന്നിവയിൽ സശ്രദ്ധം വ്യാപൃതനായിരിക്കും. 8–30–നു ശേഷം കുറച്ചുനേരം റേഡിയോ വാർത്തകൾ ശ്രവിക്കുകയും പതിവാണ്. അതിനുശേഷം സെക്രട്ടറിമാരുമൊത്ത് അത്താഴം കഴിക്കും.

രാത്രി ഭക്ഷണത്തിനുശേഷം സെക്രട്ടറിമാരും ചേർന്നു അദ്ദേഹം കൊന്തനമസ്ക്കാരം ചൊല്ലുന്നു. പിന്നീട് മാപ്പാപ്പാ ഏകനായി പഠനമുറിയിലേയ്ക്കു് പോവുകയായി. കുറെ ജോലി ചെയ്തുതീർത്തശേഷം ശാസ്ത്രീയസംഗീതം ശ്രവിക്കുവാൻ കുറെ സമയം ചെലവഴിക്കും. രാത്രി 11 മണിയാകുമ്പോഴേയ്ക്കും ജോലികൾ തീർത്തിട്ട് പിന്നെയും തന്റെ സ്വകാര്യകപ്പേളയിലെത്തും. അവിടെ സെക്രട്ടറിമാർ അദ്ദേഹത്തെ കാത്തിരിക്കും. അവരോടൊന്നിച്ച് രാത്രിജപങ്ങൾ ചൊല്ലുകയാണ് പതിവ്. പ്രാർത്ഥന കഴിഞ്ഞ് സെക്രട്ടറിമാർ ഉറങ്ങാൻ പോയാലും പ. പിതാവ് പാതിരാ കഴിഞ്ഞ് 1–30 വരെ പഠനത്തിലും ജോലിയിലുമായി കഴിച്ചുകൂട്ടുന്നു.

തന്റെ സമയത്തിൽ ഭൂരിഭാഗവും പ്രഭാഷണങ്ങൾ തയ്യാറാക്കുവാനാണ് ഉപയോഗിക്കുന്നത്. പ്രസംഗങ്ങൾ ചെയ്യേണ്ട സമയത്തിന് ഏതാനും മിനിററു മുൻപായി

രിക്കും അതു് അദ്ദേഹം എഴുതിത്തീർക്കുക. ഉടനെ ആ എഴുതിയ പ്രതിയിൽനിന്നുതന്നെ അദ്ദേഹം പ്രസംഗിക്കുകയും ചെയ്യും. അതല്ലെങ്കിൽ അവയെല്ലാം മനസ്സിൽ സംഗ്രഹിച്ചു പ്രസംഗിക്കും. എന്നാലും അതിനു് വലിയ മാററങ്ങളൊന്നും വരികയില്ലതാനും.

സെക്രട്ടറിമാരുടെ നിർബ്ബന്ധം മൂലം ചിലപ്പോഴെല്ലാം വത്തിക്കാൻ തോട്ടങ്ങളിൽ പ. പിതാവു് അവരോടൊന്നിച്ചു് നടക്കാറുണ്ടു്. ഞായറാഴ്ചയും ജോലിത്തിരക്കാണു്. തീർത്ഥകർക്കുവേണ്ടി വത്തിക്കാനു പുറത്തും ചില ഞായറാഴ്ചകളിൽ അവിടന്നു് ബലി അർപ്പിക്കുന്നു.

പഠനത്തിലും ശാസ്ത്രീയ സംഗീതത്തിലുമാണദ്ദേഹത്തിൻെറ വിശ്രമമെന്നു പറയാം. നന്നേ ചെറുപ്പം മുതലേ ഗ്രന്ഥപാരായണാസക്തി അദ്ദേഹത്തിൽ അധികരിച്ചിരുന്നു. അതിന്നും അപാരമായി നിലകൊള്ളുന്നു. പലപ്പോഴും സെക്രട്ടറിമാരിലൊരാളായ ഫാ. മാച്ചി വത്തിക്കാനു പുറത്തു പോയി പുസ്തകങ്ങൾ കൊണ്ടുവരേണ്ടതായിട്ടാണിരിക്കുന്നതു്. തത്വശാസ്ത്രം, ദൈവശാസ്ത്രം, സാഹിത്യം എന്നിങ്ങനെ പല വിഷയങ്ങളിലുള്ള പണ്ഡിതോചിതമായ ഗ്രന്ഥങ്ങളാണു് അദ്ദേഹം സാധാരണ പാരായണം ചെയ്യുന്നതു്.

ഇപ്രകാരം, ഉത്തരധ്റുവം തൊട്ടു് ദക്ഷിണധ്റുവം വരെയും ലോകത്തിൻെറ അതിർത്തികളിൽ പോലും ഒതുങ്ങാത്ത കത്തോലിക്കാലോകത്തിൻെറ ഈ ലോകത്തിലെ ഏക തലവനായ പ. പിതാവു് 6—ാം പൗലോസു് പാപ്പാ പ്രാർത്ഥനയിലും പ്രയത്നത്തിലും തൻെറ അജഗണങ്ങൾക്കായി ദിനരാത്രങ്ങൾ കഴിച്ചുകൂട്ടുന്നു. ഇങ്ങനെ അപ്പസ്തോലപ്രഭുവായ വി. പത്രോസിൻെറ 263—ാമത്തെ പിൻഗാമി വഴിയായി ക്രിസ്തു ജീവിക്കുന്നു; ക്രിസ്തു തൻെറ സഭയെ ഭരിക്കുന്നു; ക്രിസ്തു വിജയിക്കുകയും ചെയ്യുന്നു.

പോപ്പുരാജൻ ജയിക്കട്ടെ.


നീണാൾ സഭയെ ഭരിക്കട്ടെ.

15267

---

M
P

# ആറാം
# പൗലോസ്സ് മാർപ്പാപ്പാ




Indic Digital Archive Foundation
gpura.org